
സെപ്തംബർ 2019

Price ₹ 25

# ജീവനും വെളിച്ചവും



പരിസ്ഥിതി പ്രശ്നം ഒരു ജൈവപ്രശ്നം മാത്രമല്ല, ആത്യന്തികമായി അതൊരു ധാർമിക പ്രശ്നവും ആത്മീയ വിഷയവുമാണ്. മനുഷ്യന്റെ സാമ്പത്തിക ബന്ധങ്ങളും ഊർജവിനിയോഗരീതിയും ഭൂ – വിഭവ വിനിയോഗവും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു.


ശിലുവമല
(പടിഞ്ഞാറൻ കുരിശുമല) അടിമലത്തുറ
തീർത്ഥാടന തിരുനാൾ
2019 സെപ്റ്റംബർ 08 ഞായർ മുതൽ 15 ഞായർ വരെ
സാഘോഷമായി ആഘോഷിക്കുന്ന തിരുക്കർമ്മങ്ങളിലേയ്ക്ക് എല്ലാ ഭക്തജനങ്ങളെയും
ഹൃദയപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു
പ്രാർത്ഥനാശംസകളോടെ,
റവ.ഫാ.മൾബിൻ സൂസൈ
(ഇടവക വികാരി)
ഇടവക കൗൺസിൽ, തിരുനാൾ കമ്മിറ്റി
ഇടവക ജനങ്ങൾ
അടിമലത്തുറ ഇടവകയിൽ പുതുതായി പ്രവർത്തനം ആരംഭിച്ച ആനിമേഷൻ സെന്റർ
1000 seating capacity | 200 car parking space

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 സെപ്തംബർ
പുസ്തകം - 43 ലക്കം - 9
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


## മുഖവിചാരം

# സമഗ്രമായ ജല-സമുദ്ര-തീര പരിപാലന നയം രൂപപ്പെടണം

വിശാലമായ ജലസാന്നിധ്യം കൊണ്ട് സമ്പുഷ്ടമാണ് ഭാരതവും, കേരളവും. 7500 കിലോമീറ്റർ ദൈർഘ്യമുള്ള സമുദ്രസാന്നിധ്യം ഭാരതത്തിനും, 599 കിലോമീറ്റർ കടൽ കേരളത്തിനും സ്വന്തമാണ്. ഈ സമൃദ്ധമായ സമുദ്രസാന്നിധ്യത്തെയും, ജലാശയങ്ങളെയും രാജ്യത്തിന്റെ പുരോഗതിക്ക് വിനിയോഗിക്കുന്നതിന് സമഗ്രമായ ജല സമുദ്ര-തീര പരിപാലന നയമാണ് രൂപപ്പെടേണ്ടത്. സമ്പുഷ്ടമായ ജലസ്രോതസ്സുകളെയും അവയിലെ ജൈവസമ്പത്തിനെയും, ജീവജാലങ്ങളെയും, തീരദേശങ്ങളെയും പരിപാലിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'തീരപരിപാലന വിജ്ഞാപനം 1991 ൽ പ്രസിദ്ധീകരിച്ചത്. ഈ നയം പ്രഖ്യാപിക്കുമ്പോൾ വ്യവസായ താല്പര്യങ്ങളെയും ജന്മസിദ്ധവും പരമ്പരാഗതവുമായ അവകാശങ്ങൾ അനുഭവിച്ചുവരുന്ന മീൻപിടിത്ത സമൂഹങ്ങളെയും പ്രത്യേകം പരിഗണിച്ച് കടൽ-ജലാശയ-തീര സംരക്ഷണം വിഭാവനം ചെയ്തിരുന്നെങ്കിൽ തുടർന്ന് 2011 ലും 2018 ലും വിജ്ഞാപനം പരിഷ്കരിച്ചിറക്കേണ്ടിവരില്ലായിരുന്നു. കടൽ-കടൽത്തീര പരിസ്ഥിതി സംരക്ഷണ വിജ്ഞാപനത്തിന്റെ സ്ഥിതി ഇന്ന് ഏട്ടിലെ പശുവിന്റേതിന് സമാനമാണ്.

2019 ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന 'കടൽ മത്സ്യബന്ധന (നിയന്ത്രണ മാനേജ്മെന്റ്) ബിൽ കടലിന്റെയും കടൽ സമ്പത്തിന്റെയും യഥാർത്ഥ സ്ഥിതി വിശകലനം ചെയ്യുകയോ, കടലിലെ ഉഷ്ണസ്ഥിതിയിലുണ്ടായിക്കൊണ്ടിരിക്കുന്ന ഗണ്യമായ മാറ്റത്തെ പരിഗണിക്കുകയോ, കടലിൽ അടിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന ഭയാനകമായ ന്യൂക്ലിയർ ഉൾപ്പെടെയുള്ള മാലിന്യസ്ഥിതിയെയോ അവയെ ഇല്ലാതാക്കുന്നതിനുതകുന്ന നയ-നടപടികളെ കുറിച്ചുള്ള ഒരു വീണ്ടുവിചാരവും കൂടാതെയാണ്. മാത്രമല്ല, ഇതിന്റെ ഫലമായി മത്സ്യസമ്പത്തിനും ജൈവഘടനയ്ക്കും വന്നിരിക്കുന്ന മാറ്റങ്ങൾ പരിഗണിച്ചിട്ടില്ല. അതുകൊണ്ടുതന്നെയാണ് കടലിന്മേൽ സംസ്ഥാനങ്ങൾക്കുള്ള അവകാശം 12 നോട്ടിക്കൽ മൈലായി നിലനിർത്തിക്കൊണ്ടുള്ള 'ലൈസൻസി രാജ്' ഏർപ്പെടുത്താൻ കരട് ബില്ലിലൂടെ മുന്നോട്ടുവന്നത്. പരമ്പരാഗതമായി കടലിന്റെയും ജലാശയങ്ങളുടെയും സംരക്ഷകരും പരിപാലകരുമായ മത്സ്യത്തൊഴിലാളി സമൂഹത്തിന് വേണ്ട പരിഗണന നൽകുകയോ, കോ-മാനേജ്മെന്റ് നടപടിക്ക് മുതിരുകയോ ചെയ്തില്ല. ഈ രീതിയിൽ കോർപ്പറേറ്റ് വമ്പന്മാർക്ക് ലൈസൻസ് നൽകാനുള്ള നീക്കം എക്കോണമിയിലൂടെയോ, സാഗർമാലയിലൂടെയോ, മറ്റെന്തെങ്കിലും ഓമനപ്പേരിലോ അയാലും അത് സ്വീകാര്യമല്ല.

രായ്ക്കുരാമാനം രാജ്യത്തിന്റെ ജനാധിപത്യത്തിന്റെ കടയ്ക്കൽ കത്തിവച്ചുകൊണ്ട് ഭരണഘടനയുടെ അനുഛേദം 370 ഉം 35 എയും പിൻവലിച്ച നടപടിയും ഒരു വലിയ ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

- പത്രാധിപർ

# പ്രതികരണങ്ങൾ




## കുടുംബകൂട്ടായ്മകൾ

വചനജ്വാലയിൽ 'ക്രിസ്തു ജീവിക്കുന്ന വേദികളാകട്ടെ നമ്മുടെ കുടുംബകൂട്ടായ്മകൾ' വായിച്ചു. ലോകത്തിലും പ്രപഞ്ചത്തിലും സഭയിലും സഭയിലെ എല്ലാ മേഖലകളിലും ക്രിസ്തുവിന്റെ സജീവ സാന്നിധ്യമുണ്ട്. എന്നാൽ ക്രിസ്തു സാന്നിധ്യത്തിന്റെ പ്രകാശം അത്ര കണ്ട് സഭാ സംവിധാനങ്ങളിൽ സജീവമല്ല. ക്രിസ്തു, ക്രിസ്തു എന്നു നിരന്തരം ഉദ്ഘോഷിക്കുന്നവരിൽ പോലും ക്രിസ്തുസ്നേഹത്തിന്റെ ആഴവും കാരുണ്യത്തിന്റെ നിറവും വിശുദ്ധിയുടെ പ്രകാശവും കാണാൻ കഴിയുന്നില്ല. പുറമേ പ്രഘോഷിക്കുന്ന ക്രിസ്തു അകമേ ക്ഷമയുടെയും ആർദ്രതയുടെയും ജ്വാലയായി ഇന്ന് മാറുന്നുണ്ടോ? വ്യക്തികളിൽ പരിശുദ്ധ ത്രീത്വം നിരന്തരം ആത്മപരിശോധനയ്ക്കും തെറ്റുതിരുത്തലിനും മാനസാന്തരത്തിനും കാരണമാകണം. പള്ളിക്ക് പുറത്ത്, കുടുംബകൂട്ടായ്മയ്ക്ക് പുറത്ത്, ധ്യാനകേന്ദ്രത്തിന് പുറത്ത്, നിത്യാരാധനാ ചാപ്പലിന് പുറത്ത്, സദാ സജീവനായി ചലിക്കുന്ന ക്രിസ്തുവിനെ സഭയ്ക്ക് പുറത്തുള്ളവർക്കും അനുഭവിക്കാൻ കഴിയണം. വ്യക്തികളിൽ ക്രിസ്തു സാന്നിധ്യത്തിന്റെ ഊർജസ്വലതയില്ലെങ്കിൽ സഭാ സംവിധാനങ്ങൾ ക്രമേണ അപ്രസക്തവും നിശ്ചലവുമാകും.

- വിജയമ്മ, പാളയം.

## യൂണിവേഴ്സിറ്റി കോളേജും പറ്റിപ്പ് സർവീസ് കമ്മീഷനും!

വഴിതെറ്റിപ്പോകുന്ന കാമ്പസ് രാഷ്ട്രീയം വായിച്ചു. പ്രസിദ്ധരും പ്രമുഖരും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത യൂണിവേഴ്സിറ്റി കോളേജ് ഇന്ന് അക്രമങ്ങളുടെയും അനീതിയുടെയും 'യൂണിവേഴ്സിറ്റി'യാണ്. ജനാധിപത്യം, മതേതരത്വം, സോഷ്യലിസം തുടങ്ങിയ മനോമോഹന മുദ്രാവാക്യങ്ങൾ മാത്രമേ ഈ 'ചെങ്കോട്ട'യിൽ ഇന്നുള്ളൂ. പേനക്ക് പകരം കടാരയും ബുക്കിന് പകരം കൈബോംബും വാട്ടർ ബോട്ടിലിന് പകരം പെട്രോൾ ബോംബുമായി പോകുന്ന കുറേപേർ ആ കലാലയത്തെ കലാപശാലയാക്കിമാറ്റിയിരിക്കുന്നു. അനന്തപുരിയെ അക്രമങ്ങളുടെ തലസ്ഥാനമാക്കി ഈ കലാലയ മുത്തശി മാറിയിട്ടും അവിടത്തെ അധ്യാപകർ പോലും ഇതൊന്നും കണ്ട മട്ട് കാണിക്കുന്നില്ല. രാഷ്ട്രീയക്കാർ ചെല്ലും ചെലവും കൊടുത്ത് അവരുടെ അനുഗ്രഹാശിസുകളോടെയാണ് ജനാധിപത്യ വിരുദ്ധവും മനുഷ്യത്വ ഹീനവുമായ സകലമാന വേണ്ടാതീനങ്ങളും അവിടെ നടമാടുന്നത്. ഇടിമുറിയും ആയുധപ്പുരയുമുള്ള അവിടെ എങ്ങനെയാണ് യുവത്വത്തിന്റെ സർഗവസന്തങ്ങളും സോഷ്യലിസത്തിന്റെ പവിത്രതയും ഊഞ്ഞാലാടുന്നത്? എല്ലാ കാമ്പസുകളിലും എല്ലാ വിദ്യാർഥി സംഘടനകൾക്കും നിർഭയമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടായാൽ മാത്രമേ വിദ്യാർഥിയുടെ സർവതോന്മുഖമായ വളർച്ചയും വികാസവും സാധ്യമാകൂ.

ക്ലാസിൽ കയറാതെ വെട്ടും കുത്തും മീശപിരിക്കലുമായി നടന്നവർ പിഎസ്എസി പരീക്ഷയിൽ പ്രഥമറാങ്കുകൾ നേടിയപ്പോൾ കേരളമൊന്നു ഞെട്ടി. തൊഴിൽ അന്വേഷകരുടെ പ്രത്യാശയായ പി.എസ്.സി. പറ്റിപ്പ് സർവീസ് കമ്മീഷനാണ് എന്ന് ബോധ്യമാകുന്ന തെളിവുകളും സംഭവങ്ങളുമാണ് ദിനംപ്രതി പുറത്തുവരുന്നത്. ഇതൊക്കെ കണ്ടിട്ടും അധികൃതരുടെ അനന്തമായ മൗനം സംശയം വർധിപ്പിക്കുന്നു.

- ജെറാൾഡ് ബി.മിരാൻഡ.

## കോർപ്പറേറ്റുകൾക്ക് വേണ്ടിയൊരു ബജറ്റ്

കേന്ദ്ര ബജറ്റിന്റെ സമസ്ത മേഖലകളെയും അവലോകനം ചെയ്തുള്ള ലേഖനം നന്നായിരുന്നു. കോർപ്പറേറ്റുകളെ തഴുകിത്തലോടി രസിപ്പിക്കുന്ന സമീപനങ്ങളും സൂത്രപണികളുമാണ് ഈ ബജറ്റിന്റെ മുഖമുദ്ര. പാവപ്പെട്ടവരും ദുഃഖിതരും മതന്യൂനപക്ഷങ്ങളും 'പെട്ടി'യിലേക്ക് പോകേണ്ട അവസ്ഥയാണുള്ളത്. തൊഴിലില്ലായ്മയും വിലക്കയറ്റവും ആൾക്കൂട്ടക്കൊലയും അടിച്ചമർത്തലും സമസ്ത മേഖലകളിലെ കാവിവൽക്കരണവും മോദി ഭരണത്തിന്റെ മോദവും മോടിയും കുറയ്ക്കുന്നു.

പ്രളയാശ്വാസത്തിന് കേന്ദ്രം നൽകിയ ഫണ്ടുകൾ പോലും കാര്യക്ഷമമായും സമയബന്ധിതമായും ചിലവഴിക്കാത്ത കേരളത്തിന് പ്രളയാനന്തര പുനർനിർമാണത്തിന് സഹായം ചോദിക്കാനേ അർഹതയില്ല. കേന്ദ്രഭരണം ഏറെക്കുറെ അഴിമതി മുക്തമാകുന്നതും ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതും രാജ്യത്തിനുവേണ്ടി ധീരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും ഭാരതത്തിന്റെ വളർച്ചയ്ക്ക് സഹായകമാകുന്ന ഘടകങ്ങളാണ്.

- മിരാൻഡാ, ചെമ്പകമംഗലം.



# താളുകളിൽ








**6** **മത്സ്യമേഖലയിൽ തിരുവനന്തപുരം അതിരൂപതയുടെ ഇടപെടലുകൾ**
ഫാ. ജെയിംസ് കുലാസ്

**10** **അന്യമാകുന്ന കടലും കടലോരവും മത്സ്യത്തൊഴിലാളികൾ ആശങ്കയിൽ**
ടി. പീറ്റർ

**12** **ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട്-3**
ഫാ. തോമസ് ജെ. നെറ്റോ

**14** **കാനോൻ നിയമത്തിൽ**
ഫാ. ജോസ് ജി.

**15** **കവിത**
ലാലി കെ.

**16** **തുടർമഴ**
ഫാ. ലെനിൻ ഫെർണാണ്ടസ്

**18** **പാഠം ഒന്ന്, പരിസ്ഥിതി**
ആബേൽ എം. ചെറിയമുട്ടം

**22** **കഥ**
അഗസ്റ്റിൻ കണിപ്പിള്ളി

**24** **വാർത്തകൾ**

**32** **നീർച്ചാലുകൾ**

**38** **വചനജ്വാല**

**40** **ഇളംതൂവൽ**

**42** **നേർക്കാഴ്ച**

ഫാ. ജെയിംസ് കുലാസ്



# മത്സ്യ മേഖലയിൽ തിരു. അതിരൂപതയുടെ ഇടപെലുകൾ

**മത്സ്യമേഖലയിൽ കഴിഞ്ഞ അരനൂറ്റാണ്ടിലേറെക്കാലമായി നടന്ന ഇടപെടലുകളും അതിൽ അതിരൂപതയുടെയും ഇതര ജനകീയ പ്രസ്ഥാനങ്ങളുടെയും പങ്കാളിത്തവും പ്രതിപാദിക്കുന്നതാണ് ഈ ലേഖനം.**

**1950** കളിൽ കേരളത്തിൽ നീണ്ടകരയിൽ തുടങ്ങിവച്ച ഇന്തോ-നോർവീജിയൻ പ്രോജക്ടാണ് മത്സ്യമേഖലയിൽ യന്ത്രവൽക്കരണത്തിന് (ട്രോളിംഗ്) തുടക്കം കുറിച്ചത്. പരമ്പരാഗത മത്സ്യബന്ധന രീതിയിൽ നിന്ന് തികച്ചും വ്യത്യസ്തമായി ഏറെ മുതൽമുടക്കുള്ളതും കൂടുതൽ മത്സ്യം പിടിക്കാൻ സാധിക്കുന്നതുമായ വലിപ്പമുള്ള വലയും ആധുനിക സാങ്കേതികവിദ്യയും ഉപയോഗിച്ചുകൊണ്ടുള്ള ഈ പദ്ധതി മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയാണ് ആരംഭിച്ചത്. എന്നാൽ സഹകരണ സംഘങ്ങളുടെ പേരിലുള്ള ഈ സംവിധാനം തീരപ്രദേശത്ത് തന്നെയുള്ള ഒരു സമ്പന്നവിഭാഗം സ്വന്തമാക്കുകയാണുണ്ടായത്. മറ്റൊരു നീക്കം തിരുവനന്തപുരം രൂപതാ നേതൃത്വം നൽകി നൂൽവലകളുടെ സ്ഥാനത്ത് പട്ടുനൂൽ (നൈലോൺ) വലകൾ ഉപയോഗിക്കാൻ തുടങ്ങി. ഇത് ഈ മേഖലയിൽ സംഘർഷങ്ങൾക്ക് ഇടയാക്കിയെങ്കിലും ക്രമേണ ഇത് സ്വീകര്യമാവുകയും കുറെകൂടി മെച്ചപ്പെട്ട മത്സ്യബന്ധനത്തിന് സഹായകമാവുകയും ചെയ്തു.

## തീരദേശജനത

ഒരു പ്രദേശത്തിന്റെ സാമ്പത്തിക ഘടന പരിശോധിക്കുകയാണെങ്കിൽ മൂന്നുതലങ്ങളായി തിരിക്കാം. മലനാട്, കൃഷിഭൂമി, തീരദേശം. സമ്പത്ത്ഘടനയിൽ മുഖ്യപങ്കുവഹിക്കുന്നത് കൃഷിഭൂപ്രദേശമാണ്. തീരവും മലനാടും സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്ക അവസ്ഥയിലുമാണ്. മലനാട്ടിൽ ആദിവാസികളും തീരത്ത് മുഖ്യമായും മീൻപിടിത്തക്കാരുമാണുള്ളത്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഒരുവിഭാഗമാണിത്. കേരളത്തിലെ തീരങ്ങളിൽ വിവിധമതവിഭാഗങ്ങളിൽപ്പെടുന്ന മീൻപിടിത്തക്കാരുണ്ട്. ഇവരുടെയൊക്കെ, സാമൂഹ്യസാമ്പത്തിക സ്ഥിതി ഇതര പ്രദേശങ്ങളിൽ നിന്ന് താരതമ്യേന പിന്നോക്കമാണ്. ഗോത്രസമൂഹങ്ങൾപോലെ ജീവിച്ചിരുന്നവരാണിവർ. ഇവരിൽ തന്നെ വള്ള-വല ഉടമകളും, ഇവയിൽ പണിയെടുക്കുന്ന തൊഴിലാളികളും ഉണ്ട്. (പിൽക്കാലത്ത് എൻജിൻ വള്ളങ്ങൾ വന്നതോടുകൂടി ഈ ഘടനയിൽ മാറ്റങ്ങൾ വന്നു.) ജാതീയമായിലത്തിൽ കത്തോലിക്കർ എ

ന്നറിയപ്പെടുന്നവരാണ് ക്രിസ്തീയവിഭാഗത്തിൽ പെട്ടവർ. ഇവർ ഒരേ സമയം ഒരുസഭയും സമുദായവുമാണ്. അഞ്ഞൂറുവർഷത്തിലേറെ പഴക്കമുള്ള ഒരു ക്രിസ്തീയ പാരമ്പര്യം ഇവർക്കുണ്ട്. വിദേശ മിഷനറിമാരിൽ നിന്ന് മതജീവിതത്തിലേക്ക് കടന്നുവന്നവരാണിവർ. വിദേശമിഷണറിമാരാകട്ടെ ഇവരുടെ വിദ്യാഭ്യാസത്തിൽ കാര്യമായ ശ്രദ്ധപതിപ്പിച്ചിരുന്നില്ല. ദേവാലയ കേന്ദ്രീകൃതമായ അനുഷ്ഠാനങ്ങളിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

ഈ വിഭാഗങ്ങൾക്കിടയിൽ കാര്യമായ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഇവർക്ക് കഴിഞ്ഞില്ല. പഞ്ഞമാസങ്ങളിൽ (മത്സ്യബന്ധനം



നടത്താൻ കഴിയാത്ത കാലയളവിൽ) ഗോതമ്പ്, പാൽപ്പൊടി, വെണ്ണ എന്നിവ കാത്തലിക് റിലീഫ് സർവീസ് എന്ന വിദേശ ഏജൻസി വഴി സൗജന്യമായി വിതരണം ചെയ്ത് ഈ കാലഘട്ടത്തിലെ പട്ടിണിമാറ്റാൻ ശ്രമിച്ചിരുന്നു.

## ലത്തീൻ കത്തോലിക്കാ സമുദായം

ലത്തീൻ സമുദായത്തിൽ സാമ്പത്തികമായി താരതമ്യേന മെച്ചപ്പെട്ട വരും വിദ്യാസമ്പന്നരുമായ ഒരു ന്യൂനപക്ഷം സമുദായത്തിന്റെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ചരിത്രം നമുക്കുണ്ട്. രാഷ്ട്രീയ മണ്ഡലത്തിൽ ജനസംഖ്യാനുപാതികമായി എല്ലാ ജനവിഭാഗങ്ങൾക്കും പങ്കാളിത്തം ലഭിക്കാൻ വേണ്ടി സംഘടിതമായി ആദ്യം നടത്തപ്പെട്ട ബഹുജന സമരമാണ് 1891 ലെ മലയാളി മെമ്മോറിയൽ. രാഷ്ട്രീയ മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു ഘടകമായ ഉദ്യോഗ പങ്കാളിത്തത്തിനായിരുന്നു ഈ സമരം. അക്കാലത്ത് പരദേശി ബ്രാഹ്മണരായിരുന്നു ഉന്നത ഉദ്യോഗങ്ങളെല്ലാം കൈയടക്കിയിരുന്നത്. നായരും ഈഴവരും ക്രൈസ്തവരും ഒന്നിച്ചാണ് സമരത്തിനിറങ്ങിയത്. ലത്തീൻ സമുദായവും ഈ പ്രക്ഷോഭത്തിൽ പങ്കുചേരുകയുണ്ടായി.

1932–35 കാലഘട്ടത്തിൽ തിരുവിതാംകൂറിൽ നടന്ന നിവർത്തന പ്രക്ഷോഭണം, അധികാരത്തിന്റെ ജനാധിപത്യവൽക്കരണത്തിന് വേണ്ടി നടത്തപ്പെട്ട ഏറ്റവും തീവ്രമായ സമരമായിരുന്നു. സർക്കാർ ഉദ്യോഗത്തിലൂടെയുള്ള രാഷ്ട്രീയ പങ്കാളിത്തം എന്ന ആവശ്യത്തിൽ നിന്ന് ഒരുപടികൂടി മുന്നോട്ടുകടന്ന് ശ്രീമൂലം നിയമസഭയിലെ ആനുപാതിക പങ്കാളിത്തം നേടിയെടുക്കാൻ വേണ്ടിയായിരുന്നു അത്. മലയാളി മെമ്മോറിയൽ കഴിഞ്ഞ് നാല് പതിറ്റാണ്ടിനുശേഷമാണ് നിവർത്തന പ്രക്ഷോഭം നടന്നത്. സർക്കാർ ഉദ്യോഗങ്ങളിൽ നായർക്ക് പ്രാമുഖ്യം ലഭിച്ചു. ശ്രീമൂലം അസംബ്ലിയിലേക്ക് ഭൂനികുതി അടയ്ക്കുന്നവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. അന്നത്തെ പ്രധാന ഭൂവുടമകൾ നായന്മാർ ആയിരുന്നു. അതുവഴി അസംബ്ലിയിൽ നായന്മാർക്ക് വലിയ മേൽക്കൈ ഉണ്ടായി. ജനസംഖ്യാനുപാതികമായി അസംബ്ലിയിൽ സീറ്റുകൾ ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈഴവരും ക്രൈസ്തവരും മുസ്ലീങ്ങളും ചേർന്ന് നടത്തിയ പ്രക്ഷോഭമായിരുന്നു നിവർത്തനം. സമരത്തെ തുടർന്ന് പിന്നാക്കവിഭാഗങ്ങൾക്ക് അസംബ്ലിയിൽ മാത്രമല്ല സർക്കാർ ഉദ്യോഗത്തിലും സംവരണം ലഭിക്കുകയുണ്ടായി.

ലത്തീൻ സമുദായം വളരെ സജീവമായി ഈ സമരത്തിൽ പങ്കെടുക്കുകയുണ്ടായി. ഈ കാലഘട്ടത്തിലാണ് 1931 സെപ്തംബറിൽ തിരുവിതാംകൂർ ലത്തീൻ കത്തോലിക്കാ മഹാജനസഭ രൂപം കൊണ്ടത്. ലത്തീൻ കത്തോലിക്കാ സമുദായം നിവർത്തന പ്രക്ഷോഭത്തിൽ ഇടപെട്ടത് മഹാജനസഭ വഴിയാണ്. ആനിമസ്ക്രീൻ (തിരുവനന്തപുരം രൂപതാംഗം) ലത്തീൻ കത്തോലിക്കാ മഹാജനസഭയുടെ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. സ്വാതന്ത്ര്യലബ്ദിക്കുശേഷം ലത്തീൻ സമുദായ സംഘടനകൾ പ്രവർത്തനം നിർത്തി. എല്ലാപേരും ദേശീയ പ്രസ്ഥാനത്തിൽ ചേർന്ന് പ്രവർത്തിക്കാൻ ആരംഭിച്ചു. സമുദായം സാമൂഹ്യരാഷ്ട്രീയ പ്രക്രിയയിൽ ഇടപെട്ടപ്പോഴും സമുദായ അംഗങ്ങളായ ഭൂരിപക്ഷം വരുന്ന മത്സ്യത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനോ അവകാശങ്ങൾക്കുവേണ്ടി പൊരുതുവാനോ മുന്നോട്ടുവന്നില്ല. 1960 ലാണ് ഇതിനൊരു മാറ്റം സംഭവിച്ചത്.

## മരിയനാട് പ്രോജക്ട്

മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനം മുന്നിൽ കണ്ടുകൊണ്ട് സമ്പാദ്യശീലം വളർത്തുവാനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് വിമുക്തമാക്കാനും വേണ്ടി ബിഷപ്പ് പീറ്റർ ബർണാർഡ് പെരേര ആരംഭിച്ച സംരംഭമാണ് മര്യനാട് പ്രോജക്ട്. തിരുവനന്തപുരം തീരപ്രദേശത്തിന്റെ പ്രഥമ വികസന പദ്ധതിയായി നമുക്കതിനെ കാണുവാനാകും. ആളില്ലാത്തുറ എന്ന വിജനപ്രദേശത്തെ മരിയനാട് എന്ന ഗ്രാമപ്രദേശമാക്കി മാറ്റിയ ദീർഘവീക്ഷണം ഏറെ ശ്രദ്ധേയമാണ്. തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് ന്യായമായ വില



ലഭ്യമാക്കാനും വിവിധങ്ങളായ ചൂഷണത്തിൽ നിന്ന് വിമുക്തമാക്കാനും ഒരു സഹകരണസംഘത്തിന് രൂപം നൽകുക മാത്രമല്ല ഒരു മാതൃകാഗ്രാമമായി വികസിപ്പിക്കാൻ ഒരുസംഘം സാമൂഹ്യപ്രവർത്തകരെ ഗ്രാമത്തിൽ താമസിപ്പിച്ച് പ്രവർത്തിക്കുവാനുള്ളകളമൊരുക്കുകയും ചെയ്തു. രൂപതയിലെ വിവിധഗ്രാമങ്ങളിൽ നിന്നും ദരിദ്രരായ കുറെയേറെ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുകയും ഒരു ഭവനപദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. നഴ്സറി വിദ്യാഭ്യാസത്തിലൂടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് അടിത്തറയിടുകയും ചെയ്തു. ആതുരശുശ്രൂഷാരംഗത്ത് പ്രാഥമിക ആരോഗ്യ സംരക്ഷണം നൽകുവാൻ ഒരു ഡിസ്പെൻസറി ആരംഭിക്കുകയും ചെയ്തു. മഹിളാ സമാജം, യുവജന ക്ലാസ് തുടങ്ങിയവ ആരംഭിച്ച് ഒരു കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന് തുടക്കമിട്ടതും പിൽക്കാലത്ത് വിവിധ ഗ്രാമങ്ങളിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുകയും ചെയ്ത ചരിത്രമാണ് തിരുവനന്തപുരം രൂപതയ്ക്ക് പറയുവാനുള്ളത്.

## സന്നദ്ധ സംഘടനകളും ട്രേഡ് യൂണിയനും

മരിയനാട് ആരംഭിച്ച പ്രോജക്ടിൽ പ്രവർത്തിച്ചിരുന്നവരുടെ നേതൃത്വത്തിൽ പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷൻ (പിസിഒ) എന്ന പേരിൽ ഒരു സന്നദ്ധ സംഘടന 1970 കളിൽ രൂപം കൊണ്ടു. സഹകരണ സംഘങ്ങൾ വിവിധ ഗ്രാമങ്ങളിൽ ആരംഭിക്കുക മാത്രമല്ല, യുവജനങ്ങൾക്ക് മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനും അപഗ്രഥിക്കാനും പ്രതികരിക്കാനും വേണ്ട നേതൃത്വ പരിശീലനം നൽകാനും, മത്സ്യത്തൊഴിലാളികളെ അവരുടെ അവകാശങ്ങൾക്കുവേണ്ടി സംഘടിപ്പിക്കുവാനുമുള്ള ട്രേഡ് യൂണിയൻ രൂപപ്പെടുന്നതിനും ഇത് സഹായകരമായി. പിൽക്കാലത്ത് രൂപംകൊണ്ട കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷനിലൂടെ ഇവരിൽ പലരും നേതൃത്വ രംഗത്ത് വരികയും ചെയ്തു. ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി യൂണിയൻ എന്ന പേരിൽ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ രൂപതകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന യൂണിയനുകളാണ് പിൽക്കാലത്ത് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനായി രൂപാന്തരപ്പെട്ടത്. 1980 കളുടെ മധ്യത്തോടു കൂടി ഫെഡറേഷനിൽ പിളർപ്പുണ്ടാവുകയും ചെയ്തു. പിസിഒയും 1990 മധ്യത്തോടെ അതിന്റെ പ്രവർത്തനം നിറുത്തിവയ്ക്കുകയും സ്ഥാവര ജംഗമവസ്തുക്കൾ രൂപതയെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത കെട്ടിടത്തിൽ തിരുവനന്തപുരം രൂപത സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസ് എന്ന പേരിൽ മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പ്രതികരിക്കുന്നതിന് ഒരു സംവിധാനം രൂപപ്പെടുത്തുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം മത്സ്യത്തൊഴിലാളി ഫോറം (ടിഎംഎഫ്) എന്ന ജനകീയ സംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു.

## 1981 ലെ ട്രോളിംഗ് വിരുദ്ധ സമരം

മത്സ്യമേഖലയിലെ ഐതിഹാസ്യമായ സമരമായിരുന്നു 1981 ലെ ട്രോളിംഗ് വിരുദ്ധ സമരം. കടലിലെ മത്സ്യബന്ധനത്തിനെ നശിപ്പിക്കുന്ന ട്രോളിംഗ് എന്ന മത്സ്യരീതി മത്സ്യത്തിന്റെ പ്രജനനകാലമായ മൺസൂൺ മാസങ്ങളിൽ ജൂൺ, ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ നിരോധിക്കണമെന്ന ആവശ്യമായിരുന്നു. കടൽ മത്സ്യസംരക്ഷണത്തിന് വേണ്ടിയും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയും കേരളത്തിൽ നടന്ന ഏറ്റവും വലിയ സമരങ്ങളിലൊന്നായിരുന്നു പ്രസ്തുത സമരം. ആറു വർഷക്കാലം നീണ്ടുനിന്ന ഈ സമരം 1987 ലാണ് ഭാഗികമായി വിജയം കണ്ടെത്തിയത്. കൂടാതെ മത്സ്യമേഖലയിലെ വിദ്യാർത്ഥികളുടെ ലംസം ഗ്രാന്റ്, മത്സ്യത്തൊഴിലാളികൾക്ക് വാർധക്യകാല പെൻഷൻ, മത്സ്യക്കച്ചവട സ്ത്രീകൾക്ക് വാഹനസൗകര്യം, വിവിധങ്ങളായ വികസന പദ്ധതികൾ ഇവ നേടിയെടുക്കാനും സാധിച്ചു.

1990 കളിലാണ് നീണ്ട ഒരു ഇടവേളയ്ക്കുശേഷം തിരുവനന്തപുരം രൂപത മത്സ്യമേഖലയിലെ പ്രശ്നങ്ങളിൽ ഔദ്യോഗികമായി ഇടപെടാൻ തുടങ്ങിയത്. ബിഷപ്പ് സൂസപാക്യം ട്രോളിംഗ് നിരോധനത്തെ അനുകൂലിച്ചുകൊണ്ട് ഒരു ഇടയലേഖനം പുറപ്പെടുവിക്കുകയും ചെയ്തു. 1980 കളിലെ സമരമുഖത്ത് രൂപതയിലെ തന്നെ കുറേയേറെ വൈദികരും സിസ്റ്റേഴ്സും ഇടവകജനങ്ങളും സജീവമായി നേതൃരംഗത്ത് പ്രവർത്തിച്ചിരുന്നു എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. രൂപതയുടെ ഏറ്റവും ശക്തമായ നേതൃത്വം പിൽക്കാലത്ത് ഉണ്ടായത് വിദേശ ട്രോളറുകൾക്ക് ഇന്ത്യൻ സമുദ്രാതിർത്തിയിൽ യഥേഷ്ടം പ്രവർത്തിക്കാൻ ലൈസൻസ് കൊടുത്തതിനെതിരെ സമരം സംഘടിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ്. ഇതര ട്രേഡ് യൂണിയനുകളുമായി നടത്തിയ സംയുക്ത സമരത്തിന് നേതൃത്വം നൽകിയത് രൂപതയാണ്. പിൽക്കാലത്ത് കേന്ദ്ര സർക്കാർ ആ നീക്കം ഉപേക്ഷിക്കുകയും ചെയ്തു.

## കേന്ദ്രസർക്കാറിന്റെ ഫിഷറീസ് നയങ്ങൾ

ദേശീയതലത്തിൽ സമുദ്രഫിഷറീസ് നയം മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും മത്സ്യവിഭവത്തിന്റെയും മത്സ്യബന്ധനത്തിന്റെയും കടൽ പരിസ്ഥിതികളുടെയും കാര്യങ്ങളിൽ വളരെയേറെ നല്ല നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. ആഴക്കടൽ മത്സ്യബന്ധനം തദ്ദേശീയ മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്തുമെന്ന് പറയുമ്പോഴും വ്യാവസായിക അടിസ്ഥാനത്തിൽ കോർപ്പറേറ്റ് കമ്പനികൾക്ക് അനുകൂലമായിട്ടാണ് നയം ഊന്നൽ നൽകിയിരിക്കുന്നത്. തുറമുഖങ്ങളുടെ നിർമ്മാണവും വികസനവും ഇന്ത്യയുടെ തീരങ്ങളിൽ വൻതോതിൽ തീരശോഷണത്തിനും മണ്ണൊലിപ്പിനും കാരണമാകുമെന്ന് പുതിയ നയം എടുത്തുപറയുന്നുണ്ട്. ഇത് മീൻപിടിത്തക്കാരുടെ വാസസ്ഥലങ്ങൾ നശിക്കുന്നതിന് ഇടവരുത്തുമെന്നും മത്സ്യ ആവാസ വ്യവസ്ഥകളെ ഇല്ലാതാക്കുകന്നതായും നയം വ്യക്തമാക്കുന്നുണ്ട്. ഭാവിയിൽ ഇത്തരം തുറമുഖ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് മീൻ പിടുത്തക്കാരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കണമെന്നും നയം എടുത്തുപറയുന്നു. തിരുവനന്തപുരം അതിരൂപത സർക്കാരിന്റെ ഫിഷറീസ് നയങ്ങളെ പറ്റിയുള്ള പഠനങ്ങൾക്ക് മുൻതൂക്കം നൽകുകയും അതിനോട് പ്രതികരിക്കുകയും ചെയ്യുന്ന ഒരു രീതി സമകാലിക പ്രവർത്തനങ്ങളുടെ ഭാഗമാക്കിയിട്ടുണ്ട്. മത്സ്യമേഖലയ്ക്കായി ഒരു പ്രത്യേക ശുശ്രൂഷയ്ക്ക് അതിരൂപത രൂപം നൽകിയത് ഇതിന്റെ ഭാഗമാണ്. കോസ്റ്റൽ റഗുലേഷൻ സോൺ CRZ സംബന്ധമായ നയസമീപനങ്ങളും വിശദമായ പഠനവും പ്രതികരണവും പ്രകടിപ്പിക്കുന്ന മേഖലയാണിത്.

## ഓഖി ദുരന്തവും രൂപതയുടെ പ്രതികരണവും

ഓഖിയിൽപ്പെട്ട് മരണമടഞ്ഞവരുടെയും ഇനിയും മടങ്ങിയെത്താത്തവരുടെയും കുടുംബത്തിലെ ആശ്രിതർക്ക് 20 ലക്ഷം രൂപ വീതം ട്രഷറിയിൽ, നിക്ഷേപമായി നൽകിയെന്നതാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായ പ്രധാന ഇടപെടൽ. എന്നാൽ ഇനിയും ശ്രദ്ധിക്കപ്പെടാതെ പോയ ഒരു വിഭാഗമുണ്ട്. ഓഖി ചുഴലിക്കാറ്റിൽ പെട്ട് മത്സ്യബന്ധന ഉപകരണങ്ങൾ പൂർണമായോ ഭാഗികമായോ നഷ്ടപ്പെട്ടവർ. ഇവരിൽ പലർക്കും ഇനിയും ഉപകരണങ്ങൾ സ്വന്തമാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ ഉപകരണങ്ങൾ വാങ്ങാൻ ബാങ്ക് വായ്പ എടുത്തവർ ജപ്തിയുടെ ഭീഷണിയിലും. ഈ കടങ്ങൾ എഴുതിതള്ളാൻ സർക്കാർ ഇനിയും സന്നദ്ധമായിട്ടില്ല. ഓഖി ചുഴലിക്കാറ്റിൽപെട്ട് ദിവസങ്ങളോളം കടലിൽ കഴിയേണ്ടിവന്ന മത്സ്യത്തൊഴിലാളികൾക്ക് പലർക്കും വീണ്ടും പണിക്ക് പോകാനുള്ള ശാരീരിക ബലം ഇല്ലാത്ത അവസ്ഥ ശരിക്കും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഭൂമിയും ഭവനവും ഇല്ലാത്തവർക്ക് പ്രത്യേക പരിഗണന നൽകി അവ ഉറപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപനം ഉണ്ടായെങ്കിലും 10 ലക്ഷം രൂപ നൽകി ഭൂമിയും ഭവനവും സ്വന്തമാക്കാനുള്ള കിഫ്ബി പദ്ധതിയിലാണ് മറ്റുള്ള തൊഴിലാളികളുടേതെന്ന പോലെ ഓഖി ദുരിതബാധിതരേയും ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാർ പദ്ധതിയിലെ ഈ കുറവുകൾ ഒരു പരിധിവരെ പരിഹരിക്കാനാണ് രൂപത ശ്രമിക്കുന്നത്. രൂപത നടപ്പിലാക്കിയ പദ്ധതികളിൽ പ്രധാനപ്പെട്ടത് ഭവനനിർമ്മാണവും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാനുള്ള പദ്ധതിയുമാണ്. കൂടാതെ, ഓഖിയിൽപെട്ട് മടങ്ങിവന്നവരിൽ തൊഴിൽ ചെയ്യാനുള്ള ആരോഗ്യം ഇല്ലാത്തവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള സാമ്പത്തിക സഹായവും കൂടാതെ അവർക്ക് വരുന്ന അഞ്ചുവർഷത്തെ സൗജന്യചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. ദുരിത ബാധിതരുടെ കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹ അവസരത്തിൽ സാമ്പത്തിക സഹായവും ഒരു നിശ്ചിതകാലം നൽകാനും തീരുമാനിച്ചിട്ടുണ്ട്. മക്കളുടെ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ഒരു പദ്ധതിയും രൂപകല്പന ചെയ്തിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതിയും മത്സ്യത്തൊഴിലാളികളുടെ ആശങ്കകളും എന്ന പേരിൽ ദീർഘമായ ഒരു പഠനം രൂപത നടത്തുകയുണ്ടായി. നിർദ്ദിഷ്ടപദ്ധതി കടലോര പരിസ്ഥിതിക്കും തീരദേശജനസമൂഹത്തിനും ദോഷമുണ്ടാക്കാത്ത രീതിയിൽ മാത്രം നടപ്പിലാക്കണമെന്നും നിർദ്ദിഷ്ടപദ്ധതി നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ പാലിച്ചുമാത്രമേ നടപ്പിലാക്കാവൂ എന്നും ആവശ്യപ്പെട്ടെങ്കിലും ഇതിന് വിരുദ്ധമായിട്ടാണ് പദ്ധതി നടപ്പാക്കിവരുന്നത്. വിഴിഞ്ഞം മുതൽ വേളിവരെയുള്ള തീരം നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് വാഗ്ദാനം ചെയ്ത പാക്കേജ് പുതിയ സർക്കാർ ഏറ്റെടുക്കാനും സന്നദ്ധമാകുന്നില്ല.

2014 ൽ കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിൽ തിരുവനന്തപുരത്തു വച്ച് നടത്തിയ ജനജാഗരണജാഥ മത്സ്യമേഖലയിലെ പ്രധാന പ്രശ്നങ്ങളാണ് മുഖ്യമായും ഉന്നയിച്ചത്. അതിൽ ഒരു പ്രധാന ആവശ്യം കേന്ദ്രത്തിലുള്ള ഫിഷറീസ് മന്ത്രാലയമായിരുന്നു. പ്രസ്തുത മന്ത്രാലയം നിലവിൽ വരുന്നതിൽ നമ്മുടെ ഇടപെടലുകൂടി കാരണമായി, ഇനിയും ബഹുദൂരം നമുക്ക് മുന്നോട്ടുപോകാനുണ്ട്. ■



ലേഖനം

ടി. പീറ്റർ



# അന്യമാകുന്ന കടലും കടലോരവും മത്സ്യത്തൊഴിലാളികൾ ആശങ്കയിൽ

**കടലിലേക്കുള്ള മാലിന്യ നിക്ഷേപവും തീരവും കടൽ വിഭവങ്ങളും ചൂഷണം ചെയ്തുകൊണ്ടുമുള്ള അശാസ്ത്രീയ വികസനം ഒരു നാടിനെയോ രാജ്യത്തെയോ മാത്രമല്ല, ലോകത്തെ ആകമാനം ബാധിക്കുന്ന പാരിസ്ഥിതിക പ്രശ്നമാണ്. ലോകജനതയുടെ ആവാസ വ്യവസ്ഥയ്ക്കുതന്നെ ആപത്താണ്. കഴിഞ്ഞകാല അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ അത് ഇവിടെ വിവരിക്കുകയാണ് ലേഖകൻ**

മത്സ്യബന്ധന മേഖല പണ്ടെന്നത്തേക്കാളും വലിയ പ്രതിസന്ധി നേരിടുന്ന കാലമാണ്. മത്സ്യലഭ്യതയിൽ ഉണ്ടായിരിക്കുന്ന കുറവാണ് ഈ മേഖലയുടെ പ്രതിസന്ധിക്ക് മുഖ്യകാരണം. യാതൊരു നിയന്ത്രണവുമില്ലാതെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് ഇടയാക്കിയിട്ടുണ്ട്. ചെറിയ കണ്ണിയുള്ള വലകൾ ഉപയോഗിച്ചാണ് കടലിന്റെ അടിത്തട്ടുമുതൽ മുകൾതലംവരെയുള്ള മീനെല്ലാം കോരിയെടുക്കുന്നത്. ട്രോളിംഗ്, പേഴ്സീനിങ്, റിങ്സീൻ തുടങ്ങിയ അശാസ്ത്രീയ മത്സ്യബന്ധന രീതികളിലൂടെയാണ് ചെറുമീൻപിടിത്തം യഥേഷ്ടം തുടരുന്നത്. മത്സ്യം വളർന്ന് വലുതായി പെറ്റുപെരുകാൻ അവസരം കൊടുക്കാതെയാണ് ചെറുമത്സ്യങ്ങളെ കോരിയെടുക്കുന്നത്. അവയ്ക്ക് വില ലഭിക്കുന്നുമുണ്ട്. മത്സ്യത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും വളത്തിനും ഉപയോഗിക്കാനാണ് ചെറുമത്സ്യങ്ങളെവരെ കോരിയെടുക്കുന്നത്. ഈ പ്രക്രിയ മത്സ്യസമ്പത്തിന്റെ നിലനില്പിനു തന്നെ ഭീഷണിയായി മാറിയിരിക്കുന്നു. മത്സ്യങ്ങളുടെ നഴ്സറിയാണ് അഴിമുഖങ്ങൾ. അതേസമയം വേലിയേറ്റത്തിനും വേലിയിറക്കത്തിനും അഴിമുഖങ്ങളിൽ കുറ്റിവലകൾ നിരത്തി കെട്ടി, ചെറുമത്സ്യം ഉൾപ്പെടെയുള്ള മീനെല്ലാം കോരിയെടുക്കുന്നു. മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി കേരളത്തിലെ അഴിമുഖങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുറ്റിവലകൾ നീക്കം ചെയ്യണമെന്ന് ഡോ.മീനാകുമാരി കമ്മിറ്റി പത്തുകൊല്ലങ്ങൾക്കുമുമ്പ് ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ നടപ്പാക്കണമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ രേഖമൂലം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഫിഷറീസ് വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഫെഡറേഷൻ ഒഴികെയുള്ള എല്ലാ രാഷ്ട്രീയ ട്രേഡ് യൂണിയനുകളും ഒരു പ്രമുഖ സമുദായ സംഘടനയും ഡോ.മീനാകുമാരി കമ്മിറ്റി ശുപാർശ നടപ്പാക്കരുതെന്നാണ് ആവശ്യപ്പെട്ടത്. കാരണം മറ്റൊന്നുമായിരുന്നില്ല, ഈ സംഘടനകളിൽപ്പെട്ടവർക്കൊക്കെ കുറ്റിവല ഉണ്ട് എന്നതാണ് വസ്തുത. അതിനുപുറമേ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ കടലിൽ വന്നുപതിക്കുന്നതിനാൽ കടലിന്റെ അടിത്തട്ടിലുള്ള സ്വാഭാവിക സന്തുലിതാവസ്ഥതകിടംമറിഞ്ഞിരിക്കുകയാണ്. കടലിന്റെ അടിത്തട്ടിലെ മത്സ്യത്തിനായി വലയിറക്കുമ്പോൾ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് വലയിൽ കുടുങ്ങുന്നത്. ഇവയ്ക്കൊക്കെ തടയിട്ടില്ലെങ്കിൽ സമീപഭാവിയിൽ മത്സ്യബന്ധനത്തെ ആശ്രയിച്ച് ഉപജീവനംനടത്തുന്നവരുടെ സ്ഥിതി ഏറെ ദയനീയമായിമാറും.

കടലിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാനാണ് കേന്ദ്ര സർക്കാരിന്റെ അടുത്ത നീക്കം. കടൽ മീൻപിടിക്കുന്നവർ സ്വന്തമെന്ന സങ്കൽപ്പമൊക്കെ മാറാൻപോകുന്നു. കടൽ വളച്ചുകെട്ടി മ

ത്സ്യകൃഷി നടത്താൻ സ്വകാര്യ സംരംഭകർക്ക് വിട്ടുകൊടുത്താൽ പരമ്പരാഗത ചെറുകിട മീൻപിടിത്ത സമൂഹത്തിന്റെ നിലനിൽപ്പുതന്നെ അവതാളത്തിലാകും. വിലപിടിപ്പുള്ള 'മോത' പോലുള്ള ചിലയിനം മത്സ്യം മാത്രമാണ് മത്സ്യകൃഷിയിലൂടെ വളർത്തിയെടുക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിക്കുന്നത്. ഒരുകിലോ വലിപ്പമുള്ള 'മോത' ലഭിക്കണമെങ്കിൽ ആറുകിലോ മത്സ്യത്തീറ്റ വേണ്ടിവരും. എന്നുപറഞ്ഞാൽ ആറുകിലോ മത്തി മത്സ്യത്തീറ്റയായി മാറ്റിയെങ്കിലേ ഒരുകിലോ 'മോത' മൽസ്യം ലഭിക്കൂ എന്നർത്ഥം. കടൽ മത്സ്യകൃഷി യാഥാർഥ്യമാകുന്നതോടുകൂടി പരമ്പരാഗത ചെറുകിട മത്സ്യതൊഴിലാളികളുടെ തൊഴിലിടം നഷ്ടമാകുക മാത്രമല്ല കടൽ കൂടുതൽ മലിനീകരിക്കപ്പെടുകയും ചെയ്യും. മത്സ്യതൊഴിലാളികൾ കടലിൽ വലനീട്ടിയിടുമ്പോൾ ശക്തമായൊരു കാറ്റോ കടലൊഴുക്കോ വന്ന് വല തെന്നിമാറി, മത്സ്യകൃഷിയിടത്തിൽ അകപ്പെട്ടാൽ മത്സ്യത്തൊഴിലാളിയായിരിക്കും ശിക്ഷാവിധി ഏൽക്കേണ്ടിവരിക. ഭാവിയിൽ മത്സ്യകൃഷിയിലൂടെ നമ്മുടെ കടൽ റിലയൻസ് കമ്പനി സ്വന്തമാക്കാതിരുന്നാൽ നമ്മുടെ ഭാഗ്യം.

ആഴക്കടൽ മത്സ്യബന്ധനത്തിനായി പരമ്പരാഗത ചെറുകിട മീൻപിടിത്തക്കാരെ പര്യാപ്തമാക്കണമെന്ന് പി.മുരാരി കമ്മിറ്റി ശുപാർശ ചെയ്യുകയും കേന്ദ്ര സർക്കാർ തത്വത്തിൽ അത് അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ നീലവിപ്ലവത്തിന്റെ പേരുപറഞ്ഞുകൊണ്ട് ആഴക്കടൽമത്സ്യം പിടിച്ചെടുക്കാൻ ഇന്ത്യയിലെതന്നെ വൻകിടകുത്തകകളെ സഹായിക്കാൻ വലിയ ട്രോളിംഗ് ബോട്ടുകൾ വിതരണം ചെയ്യുന്ന പ്രക്രിയയാണ് തുടരുന്നത്. ഈ ട്രോളിംഗ് ബോട്ടുകൾ സമീപ ഭാവിയിൽ തീരക്കടലിൽ വന്ന് മീൻപിടിക്കുമെന്ന കാര്യത്തിൽ ആർക്കും തർക്കം വേണ്ട.

സംസ്ഥാന ഫിഷറീസ് വകുപ്പ് നേരിട്ട് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കിവന്ന ഭവന നിർമ്മാണ പദ്ധതി ഇപ്പോൾ എങ്ങുമെത്താതെ കിടക്കുന്നു. തീരങ്ങളിൽ മത്സ്യം കുറവായതിനാൽ ഉൾക്കടലിൽ പോയി മീൻപിടിക്കാൻ മത്സ്യത്തൊഴിലാളികൾ നിർബന്ധിതരായിരിക്കുകയാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ ഇന്ധനം സബ്സിഡി നിരക്കിൽ നൽകണമെന്ന ആവശ്യവും വേണ്ടത്ര പരിഗണിച്ചുകാണുന്നില്ല. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകളുടെ വിൽപ്പന നികുതി ഒഴിവാക്കണമെന്ന ആവശ്യവും കേന്ദ്ര സർക്കാർ പരിഗണിക്കുന്നില്ല. അതേസമയം മത്സ്യബന്ധന ഉപകരണങ്ങളുടെ ജി.എസ്.ടി നിരക്ക് വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

**കടലും കടലോരവും സംരക്ഷിച്ചുകൊണ്ട് കടലിനെ ആശ്രയിച്ചു ഉപജീവനം നടത്തുന്ന മീൻപിടിത്ത സമൂഹത്തിന്റെ നിലനിൽപ്പിനായി നമുക്കൊന്നിച്ചു അണിനിരക്കാം. അതോടൊപ്പം മീൻപിടിത്ത സമൂഹം മുഖ്യധാരയിലെത്തുവാനും നമ്മുടെ യശസ്സ് ഉയർത്തിക്കാട്ടുവാനും നമുക്ക് കഴിയട്ടെ**



കടലപകടങ്ങളിൽ ഉണ്ടാകുന്ന മരണനിരക്ക് ഓരോവർഷവും കൂടിവരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. മത്സ്യതൊഴിലാളികളുടെ ജീവന് വിലകൽപ്പിക്കാത്ത ഭരണസംവിധാനമാണ് നമുക്കുള്ളത്. മത്സ്യതൊഴിലാളികളുടെ കടൽസുരക്ഷക്കായി മറൈൻ ആംബുലൻസ് പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ പലതുകഴിഞ്ഞുവെങ്കിലും ഇതേവരെ അവ കടലിൽ ഇറക്കിയിട്ടില്ല. കഴിഞ്ഞ ഓഖി ദുരന്തവേളയിൽ പ്രഖ്യാപിച്ച 'നാവിക്' എന്ന ഉപകരണം നാളിതുവരെ മത്സ്യതൊഴിലാളികളുടെ കൈകളിൽ എത്തിയിട്ടില്ല. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രവും ദുരന്ത നിവാരണ അതോറിറ്റിയും ഇപ്പോൾ മത്സ്യതൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നകാര്യത്തിൽ വലിയൊരു മത്സരം തന്നെ നടത്തുകയാണ്. ഈ മുന്നറിയിപ്പുമൂലം ഒരുമാസത്തിൽ എട്ടും പത്തും ദിവസം മത്സ്യതൊഴിലാളികൾക്ക് പണിക്കുപോകാനാകാതെ അവർ പട്ടിണിയിലാണ്. പണിക്കുപോകാനാകാത്ത ദിവസങ്ങളിൽ ഒരുനിശ്ചിത തുക മത്സ്യതൊഴിലാളികൾക്ക് നല്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണം. എന്തുകൊണ്ടെന്നാൽ മത്സ്യതൊഴിലാളികളുടെ സംഭാവന അത്രമാത്രം മഹത്തരമാണ്. കഴിഞ്ഞ രണ്ട് പ്രളയസമയങ്ങളിലും മത്സ്യതൊഴിലാളികൾ രക്ഷകരായി ഓടിയെത്തിയത് ഏറെ ചർച്ച ചെയ്യപ്പെടുകയും അവരെ കേരളത്തിന്റെ സ്വന്തം സൈന്യമെന്ന് വിശേഷിപ്പിക്കുകയും ചെയ്തതാണ്. മാത്രവുമല്ല ഏറ്റവും നല്ല

പ്രോട്ടീൻ ആഹാരമായ മത്സ്യം കുറഞ്ഞ വിലയ്ക്ക് ബഹുജനങ്ങൾക്ക് എത്തിക്കുകയും മത്സ്യകയറ്റുമതിയിലുടെ നല്ലൊരു ശതമാനം വിദേശനാണ്യം നേടിത്തരുന്നതും മത്സ്യത്തൊഴിലാളികളാണ്. 8200 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യയുടെ കടലോരത്തു മീൻപിടിത്തക്കാർ താമസിക്കുകയും മത്സ്യബന്ധനം നടത്തുകയും ചെയ്യുന്നതിനാൽ ഒരൊറ്റ നുഴഞ്ഞുകയറ്റക്കാർക്കും ഇന്ത്യയിലേക്ക് പ്രവേശിക്കാനാവില്ല. അതുകൊണ്ടുതന്നെ മത്സ്യത്തൊഴിലാളിസമൂഹം ഇന്ത്യയുടെ രണ്ടാമത്തെ ഭടന്മാരെന്ന് വിശേഷിപ്പിക്കുന്നതിൽ അതിശയോക്തി വേണ്ട.

മത്സ്യവിപണനത്തിനായി അന്തിചന്തയ്ക്കു പോകുന്ന സഹോദരിമാരോടുള്ള എന്റെ സമീപനംകൂടി ഇവിടെ പരാമർശിച്ചുകൊള്ളട്ടെ. മത്സ്യം ആവശ്യമുള്ളവർ നല്ലമീൻ എപ്പോൾ എവിടെ കിട്ടുമെന്ന് നോക്കിയിരിക്കുകയാണ്. രാത്രി എട്ടുമണി കഴിഞ്ഞാൽ വഴിയോരത്തും ചന്തയിലുമുള്ള മീൻകച്ചവടം അവസാനിപ്പിക്കണം. മീൻ വേണ്ടവർ നമ്മുടെ ഗ്രാമങ്ങളിൽ വന്ന് മീൻ വാങ്ങിക്കൊള്ളും. മത്സ്യമാർക്കറ്റുകളിൽ എല്ലാമീനും വിൽക്കാതെ വന്നാൽ അവ അവിടെത്തന്നെ ഐസിട്ട് സൂക്ഷിക്കുവാനുള്ള സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്രമീകരിക്കണം.അതിന് ഒരു ചെറിയ ഫീസ് ഈടാക്കുന്നതിൽ തെറ്റില്ല. അത്തരം ക്രമീകരണങ്ങൾക്കുവേണ്ടിയുള്ള സമരപോരാട്ടങ്ങൾക്ക് നമ്മൾ മുന്നിട്ടിറങ്ങണം. രാത്രി എട്ടുമണിക്കുശേഷം സ്ത്രീകൾ വീട്ടിലെത്തിയാൽ കുടുംബസമേതം ചെലവഴിക്കാൻ കുറെ സമയം ലഭിക്കും. അത് കുടുംബത്തിന്റെ ഐശ്വര്യമായിമാറും.

ഞാൻ ഇതൊക്കെ ഇവിടെ സൂചിപ്പിക്കുന്നത് മത്സ്യതൊഴിലാളിസമൂഹം ഉണർന്ന് പ്രവർത്തിച്ചെങ്കിൽ മാത്രമേ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയുകളുള്ളൂവെന്ന് ഓർമ്മപ്പെടുത്തുവാനാണ്. കടലും കടലോരവും സംരക്ഷിച്ചുകൊണ്ട് കടലിനെ ആശ്രയിച്ചു ഉപജീവനം നടത്തുന്ന മീൻപിടിത്ത സമൂഹത്തിന്റെ നിലനിൽപ്പിനായി നമുക്കൊന്നിച്ചു അണിനിരക്കാം.അതോടൊപ്പം മീൻപിടിത്ത സമൂഹം മുഖ്യധാരയിലെത്തുവാനും നമ്മുടെ യശസ്സ് ഉയർത്തിക്കാട്ടുവാനും നമുക്ക് കഴിയട്ടെയെന്ന് ഞാൻ ആശിക്കുന്നു. ■



“നിങ്ങളുടെ ആത്മീയ വളർച്ച സർവോപരി പ്രകടമാകുന്നത് സാഹോദര്യമുള്ളതും ഉദാരവും കാരുണ്യപൂർണവുമായ സ്നേഹത്തിലുള്ള നിങ്ങളുടെ വളർച്ചയിലാണ്. ”

ലേഖനം

ഫാ. തോമസ് ജെ. നെറ്റോ

## ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട്-3

# വേരുകളുള്ള യുവജനങ്ങൾ

ആകാശത്തോളം ഉയർന്നുനിൽക്കുന്ന ചില ഇളംവൃക്ഷങ്ങൾ നമുക്ക് പ്രത്യാശ പകരുന്നു. പക്ഷേ, അവയ്ക്ക് ആഴത്തിൽ വേരുകളില്ലാത്തതിനാൽ, ഒരു കൊടുങ്കാറ്റിൽ അവ വീണുപോകുന്ന ദൃശ്യം ഓർമിക്കുന്ന പാപ്പ വേരുകളുള്ള യുവജനങ്ങളെക്കുറിച്ച് ആറാം അധ്യായത്തിൽ പ്രതിപാദിക്കുന്നു. “നമ്മളെ താങ്ങാനും ഉറപ്പിച്ചുനിർത്താനുമുള്ള ശക്തമായ വേരുകൾ നമുക്കില്ലാത്തപക്ഷം വളരുക നമുക്ക് അസാധ്യമാണ്. മുറുകെപിടിക്കാൻ, കൈവശം വയ്ക്കാൻ, ഒന്നുമില്ലാത്തപ്പോൾ ഒഴുകിപ്പോവുക എളുപ്പമാണ്” (നം. 179).

വേരുകളില്ലാതെ ഒരു ഭാവി നിർമിക്കാൻ യുജവനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രവണത ഇന്നത്തെ ലോകത്തിൽ കാണുന്ന പാപ്പ, പിഴുതെറിയപ്പെടാൻ നിങ്ങളെ തന്നെ അനുവദിക്കരുത് എന്ന് യുവജ്ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. തങ്ങളുടെ ചരിത്രം അവഗണിക്കുന്നതിലൂടെയും മുതിർന്നവരുടെ അനുഭവങ്ങളെ തിരസ്കരിക്കുന്നതിലൂടെയും ഭൂതകാലത്തെ അവജ്ഞയോടെ വീക്ഷിക്കുന്നതിലൂടെയുമാണ് വേരുകൾ നഷ്ടപ്പെടുന്നത്. വശീകരിക്കാനും വക്രീകരിക്കാനുംവേണ്ടി യുവജനങ്ങളെ ഉപയോഗിക്കുന്ന പ്രത്യയശാസ്ത്രങ്ങളെ ജാഗ്രതയോടെ കാണണമെന്ന് പാപ്പ സൂചിപ്പിക്കുന്നു. ‘യൗവനത്തിന്റെ ആരാധനാ സമ്പ്രദായം’ എന്ന തന്ത്രം ഇത്തരക്കാർ ഉപയോഗപ്പെടുത്തുന്നുണ്ട്; ഇതാകട്ടെ, യുവത്വമല്ലാത്തതിനെയെല്ലാം നിന്ദ്യവും കാലഹരണപ്പെട്ടതുമായി തള്ളിക്കളയുന്നു. യുവത്വം നിറഞ്ഞ ശരീരം ഈ പുതിയ സമ്പ്രദായത്തിന്റെ പ്രതീകമായിത്തീരുന്നു.

ആ ശരീരത്തോട് ബന്ധപ്പെട്ട സകലതും വിഗ്രഹവൽക്കരിക്കപ്പെടുകയും മോഹിക്കപ്പെടുകയും ചെയ്യുന്നു.' (നം.182). എന്നാൽ ഇത് യഥാർത്ഥത്തിൽ 'യുവജനങ്ങളൽ നിന്ന് യഥാർത്ഥമൂല്യം എടുത്തുകളയുകയും അവരെ വ്യക്തിപരമോ സാമ്പത്തികമോ ആയ ലാഭത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നുവെന്ന്'' പാപ്പ നിരീക്ഷിക്കുന്നു (നം.182). അതിനാൽ, ബാഹ്യഭാവങ്ങളെ സൗന്ദര്യമായി തെറ്റിദ്ധരിക്കുന്ന പൊള്ളയായ ഒരു ജീവിതത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി, അവർ നിങ്ങളുടെ യൗവനത്തെ ചൂഷണം ചെയ്യാൻ അനുവദിക്കരുത്'' എന്ന് പാപ്പ അഭ്യർത്ഥിക്കുന്നു (നം. 188).

ആഗോളവൽക്കരണത്തിന്റെ ഫലമായുണ്ടാകുന്ന ഒരുതരം സാംസ്കാരിക അധിനിവേശം യുവജനങ്ങളെ തങ്ങളുടെ സാംസ്കാരികവും മതപരവുമായ വേരുകളിൽ നിന്ന് വിച്ഛേദിക്കുന്ന സാഹചര്യത്തിൽ, പാപ്പ യുവജനങ്ങളെ തങ്ങളുടെ വേരുകളെക്കുറിച്ച് ശ്രദ്ധയുള്ളവരാകാൻ ആഹ്വാനം ചെയ്യുന്നു (നം.185). കാരണം, നിങ്ങളെ വളർത്തുകയും പുഷ്ടിപ്പെടുത്തുകയും നിങ്ങളിൽ ഫലം പുറപ്പെടുവിക്കുകയും ചെയ്യാൻ പോകുന്ന ശക്തി വേരുകളിൽ നിന്നുവരുന്നു" (നം. 186).

## മുതിർന്നവരുമായുള്ള യുവജനങ്ങളുടെ ബന്ധം

യുവജനങ്ങളിൽ വേരുകൾ വളർത്തുന്നതിന് ഒരു പ്രധാന മാർഗമായി മുതിർന്നവരുമായുള്ള യുവജനങ്ങളുടെ ബന്ധമാണ് പാപ്പ മുന്നോട്ടുവയ്ക്കുക (187-191). പ്രായമായവരുടെ അനുഭവത്തിൽ നിന്ന് നമുക്ക് പ്രയോജനം ഉണ്ടാകാൻ അവരോട് സമീപസ്ഥരായിരിക്കാൻ ദൈവവചനം നമ്മെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ഇതിനർത്ഥം, മുതിർന്നവർ പറയുന്ന എല്ലാറ്റിനോടും യോജിക്കണമെന്നല്ല; മറിച്ച് വിമർശനാത്മകമായ മനസ്സും നല്ലതു സ്വീകരിക്കാനുള്ള തുറവിയും ഉണ്ടാകണമെന്നാണ് (നം.190). തലമുറകളുടെ ഇടയിലെ ഭിന്നതകൊണ്ട് ഏതൊരു പ്രയോജനവുമില്ലെന്നും, തലമുറകൾക്കിടയിലെ ബന്ധങ്ങൾ നിലനിൽക്കുമ്പോൾ സമൂഹങ്ങളിൽ ''കൂട്ടായ ഓർമ്മ" നിലനിൽക്കുമെന്നും പാപ്പ വിശ്വസിക്കുന്നു. ഓരോ തലമുറയും തങ്ങളുടെ മുൻഗാമികളുടെ പ്രബോധനങ്ങൾ ഏറ്റെടുക്കുകയും തങ്ങളുടെ പിൻഗാമികൾക്ക് അത് പൈതൃകമായി കൈമാറുകയും ചെയ്യുന്നു. ഇതിലൂടെയാണ് പുതിയൊരു സമൂഹം സുദൃഢമായി സ്ഥാപിക്കാൻ ആവശ്യമായവ ലഭ്യമാകുന്നത് (നം. 191).

## സ്വപ്നങ്ങളും ദർശനങ്ങളും

യുവജനങ്ങൾക്കും മുതിർന്നവർക്കും പരസ്പരം പൂരകങ്ങളായി വർത്തിക്കാൻ കഴിയുമെന്ന് പാപ്പ പറയുന്നു. അവർ ഒരുപോലെ പരിശുദ്ധാരൂപിയിലേക്കു തുറന്നിരിക്കുമ്പോൾ, അവർ അത്ഭുതകരമായ ഒരു കൂട്ടുകെട്ട് ഉണ്ടാക്കുന്നു. വൃദ്ധന്മാർ സ്വപ്നങ്ങൾ കാണുകയും യുവജനങ്ങൾ ദർശനങ്ങൾ കാണുകയും ചെയ്യുന്നു (ജോയേൽ 3:1). വൃദ്ധന്മാർക്ക് അവരുടെ ദീർഘമായ അനുഭവ സ്മരണകളും സ്വപ്നങ്ങളുമുണ്ട്. യുവജനങ്ങൾ ആ സ്വപ്നങ്ങളിലേക്ക് വേരുകൾ ആഴ്ത്തുകയാണെങ്കിൽ, അവർക്ക് ഭാവിയിലേക്ക് ഉറ്റുനോക്കാൻ കഴിയും. കൂടാതെ, അവരുടെ ചക്രവാളങ്ങൾ വിശാലമാക്കുകയും അവരെ പുതിയ മാർഗങ്ങൾ കാണിക്കുകയും ചെയ്യുന്ന ദർശനങ്ങൾ അവർക്കുണ്ടാകാൻ സാധിക്കും (നം. 193). അതിന് അവരുടെ നീണ്ട കഥകൾ പറയാൻ വൃദ്ധജനങ്ങളെ അനുവദിക്കണം. ഇന്ന് മാധ്യമങ്ങളിൽ നിന്ന് കിട്ടാത്ത ജീവിതത്തിന് ആവശ്യമുള്ള ജ്ഞാനം ഇവയിൽ കണ്ടെത്താനാകുമെന്നും പാപ്പ വിശ്വസിക്കുന്നു.



'സ്മരണ സൂക്ഷിപ്പുകാർ' എന്നാണ് പാപ്പ താനും ഉൾപ്പെടുന്ന വൃദ്ധന്മാരെ വിശേഷിപ്പിക്കുക. കർമ്മനിരതമായിരിക്കുന്ന പൊതുസമൂഹത്തിന് തങ്ങളുടെ യാചനാ പ്രാർത്ഥനകളും സ്തോത്രഗീതങ്ങളും കൊണ്ട് പിൻതുണയ്ക്കുന്ന ഒരു സ്ഥിരം 'ഗായകസംഘമായും' വൃദ്ധന്മാരെ പാപ്പ വിഭാവനം ചെയ്യുന്നു (നം. 196). വൃദ്ധരായ തങ്ങൾക്ക് ഇന്നത്തെ യുവാക്കൾക്ക് പലതും നൽകാൻ കഴിയും. ഉദാഹരണമായി, "സ്നേഹമില്ലാത്ത ജീവിതം വരണ്ട ജീവിതമായിരിക്കുമെന്ന്'' അവരെ അറിയിക്കാനാകും (നം.197).

യുവാക്കളും വൃദ്ധരും ഒരുമിച്ചു യാത്ര ചെയ്യുന്നതിനെ പാപ്പ പ്രത്യാശയോടെ നോക്കികാണുന്നു: "അപ്പോൾ വർത്തമാനകാലത്തിൽ ദൃഢമായി വേരൂന്നാനും ഇവിടെ നിന്ന് ഭൂതകാലം പുനർസന്ദർശിക്കാനും ഭാവിയിലേക്ക് നോക്കാനും കഴിയും... ഒന്നിച്ച് നമുക്ക് അന്യോന്യം പഠിക്കാനും ഹൃദയങ്ങളെ ഊഷ്മളമാക്കാനും സുവിശേഷവെളിച്ചം കൊണ്ട് മനസ്സുകളെ പ്രചോദിപ്പിക്കാനും നമ്മുടെ കരങ്ങൾക്ക് പുതിയ ശക്തി നൽകാനും സാധിക്കും'' (നം.199). അതിനാൽ തിരുസഭയാകുന്ന ഒരേ വഞ്ചിയിൽ നമുക്ക് എല്ലാവർക്കും കയറുകയും നിരന്തരം നവീകരിക്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ചലനശക്തിയോടുകൂടി ഒന്നിച്ച് ഒരു മെച്ചപ്പെട്ട ലോകം തേടുകയും ചെയ്യാൻ പാപ്പ നമ്മെ ആഹ്വാനം ചെയ്യുന്നു.

*(തുടരും...)*




# നിശ്ചയിക്കപ്പെട്ടതിൽ കൂടുതൽ തുക ദിവ്യബലി നിയോഗമായി സ്വീകരിക്കാമോ?

തിരുവനന്തപുരം അതിരൂപതയിലെ ഒരു ഇടവക വികാരിയാണ് ഞാൻ. എന്റെ സംശയം, രണ്ടു സന്ദർഭങ്ങളിൽ ദിവ്യബലി നിയോഗമായി കൂടുതൽ തുക ഈടാക്കാമോ എന്നതിനെക്കുറിച്ചാണ്. ഒന്നാമതായി, ഇടവകയിൽ തിരുനാളുകൾ വരുമ്പോൾ ചെലവ് കൂടുതലായതുകൊണ്ട്, കുർബാനയ്ക്ക് നേർച്ച നല്കുന്നവരിൽനിന്നും രണ്ടായിരമോ അതിൽ കൂടുതലോ ഉള്ള ഒരു തുക കുർബാന നിയോഗമായി സ്വീകരിക്കാറുണ്ട്. അത്രയും തുക ഈടാക്കുന്നത് നിയമാനുസൃതമാണോ? രണ്ടാമതായി, ഏതാനും ദിവസങ്ങൾക്കുമുമ്പ് ഒരു വ്യക്തി വന്ന് 1500/-(ആയിരത്തി അഞ്ഞൂറുമാത്രം) രൂപ തന്നിട്ട് എണ്ണമൊന്നും പറയാതെ അയാളുടെ മൃതിയടഞ്ഞ മാതാപിതാക്കൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കണമെന്ന് പറഞ്ഞു. അയാളുടെ നിയോഗത്തിനുവേണ്ടി എത്ര കുർബാനയാണ് ഞാൻ അർപ്പിക്കേണ്ടത്? മൂന്ന് കുർബാന മതിയാകുമോ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC ) 945 - 958 ദിവ്യബലി ആഘോഷത്തിനുവേണ്ടി നല്കുന്ന കാണിക്കകളെക്കുറിച്ച് വിശദീകരിക്കുന്നു. ക്രൈസ്തവ വിശ്വാസികളുടെ പ്രത്യേക നിയോഗങ്ങൾക്കുവേണ്ടി ബലിയർപ്പിക്കാൻ പുരോഹിതനുള്ള കടമ CIC 945 §1ഓർമ്മിപ്പിക്കുന്നു. പ്രത്യേക നിയോഗങ്ങൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്ന പുരോഹിതന് കാണിക്ക സ്വീകരിക്കാൻ CIC 945 §1 അനുമതി നല്കുന്നു. CIC 952 പ്രകാരം, പ്രോവിൻസിലെ മെത്രാന്മാരുടെ സമിതി ഡിക്രിയിലൂടെ നിശ്ചയിക്കുന്ന തുകയാണ് കുർബാനയുടെ നിയോഗ കാണിക്കയായി സ്വീകരിക്കേണ്ടത്. അപ്രകാരം ഒരു ഡിക്രിയില്ലെങ്കിൽ രൂപതയിൽ പ്രാബല്യമുള്ള ആചാരമാണ് പാലിക്കേണ്ടത്.



തിരുവനന്തപുരം അതിരൂപതയിൽ ഒരു വൈദികന്റെ ദിവ്യബലിയ്ക്കുള്ള പ്രത്യേക നിയോഗത്തിന് കാണിക്കയായി ഈടാക്കാവുന്നത് 150/-(നൂറ്റിയമ്പതു മാത്രം) രൂപയാണ് (തുകയുടെ വിഭജനത്തിന് 2017/എ.ബി/515, 20917 ലെ ഡിക്രി കാണുക) CIC 952 §1പ്രകാരം, നിശ്ചയിക്കപ്പെട്ടതിനെക്കാൾ കൂടുതൽ തുക പുരോഹിതൻ ആവശ്യപ്പെടുന്നത് നിയമവിരുദ്ധമാണ്. അതേസമയം, സ്വമനസ്സാലെ നല്കുന്ന കാണിക്ക നിശ്ചയിക്കപ്പെട്ടതിനെക്കാൾ കൂടുതലോ കുറവോ ആയാലും കുർബാനയ്ക്കുള്ള പ്രത്യേക നിയോഗ കാണിക്കയായി പുരോഹിതന് സ്വീകരിക്കാവുന്നതാണ്.

ഇടവകയിൽ തിരുനാൾ അവസരങ്ങളിലുള്ള ചെലവ് പരിഗണിച്ച് കുർബാന നിയോഗ കാണിക്കയായി 150/- രൂപയിൽ കൂടുതൽ (എത്രയായാലും) സ്വമനസ്സാലേ നല്കിയാൽ സ്വീകരിക്കുന്നതിന് നിയമ തടസ്സമില്ല.

CIC 950 പ്രകാരം, അർപ്പിക്കാനുള്ള ദിവ്യബലികളുടെ എണ്ണം കാണിക്കാതെ ഒരു തുക കാണിയ്ക്കയായി നല്കുകയാണെങ്കിൽ, ദാതാവ് വസിക്കുന്ന സ്ഥലത്ത് നിശ്ചയിച്ചിരിക്കുന്ന കാണിക്ക നിരക്ക് കണക്കിലെടുത്ത് ദിവ്യബലികളുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്.

ഇനി താങ്കളുടെ സംശയത്തിലേക്കു വരുന്നു. ഒന്നാമതായി, ഒരു വൈദികന്റെ കാർമ്മികത്വത്തിലുള്ള തിരുനാൾ ദിവ്യബലിയ്ക്ക് നിയോഗ കാണിക്കയായി, 150/- രൂപ മാത്രമേ ചോദിക്കാവൂ. രണ്ടാമതായി, മൃതിയടഞ്ഞ മാതാപിതാക്കൾക്കുവേണ്ടി ബലിയർപ്പിക്കാൻ 1500/- രൂപ തന്ന വ്യക്തി എത്ര കുർബാന അർപ്പിക്കണമെന്ന് പറയാത്തതിനാലും എത്ര കുർബാന അർപ്പിക്കണമെന്ന് അയാളോട് ചോദിക്കാത്തതിനാലും, CIC 950 പ്രകാരം ആദ്യം പരിഗണിക്കേണ്ടത് കാണിക്ക തുക തന്ന വ്യക്തിയുടെ താമസ സ്ഥലമാണ്. അയാൾ തിരുവനന്തപുരം അതിരൂപതയിൽ താമസിക്കുന്ന വ്യക്തിയാണെങ്കിൽ 10 ദിവ്യബലി അർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം, കാണിക്ക തന്ന ദാതാവ് വസിക്കുന്ന രൂപതയിൽ നിലനില്ക്കുന്ന കാണിക്ക കണക്കിലെടുത്ത് ദിവ്യബലിയുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്. ■

കവിത

ലാലി കെ.



# മർത്ത്യൻ

മർത്യപിറവിക്കൊപ്പം ജനിക്കുന്ന
മൃത്യുവിൻ പൊരുളറിയാത്ത മനുഷ്യജന്മം
കുസൃതികൾകാട്ടി കളിയും ചിരിയുമായ് ബാല്യം
വിടരുന്ന പുഷ്പമായി വർണ്ണങ്ങളേന്തുന്ന കൗമാരവും
നഷ്ടസ്വപ്നത്താൽ വെന്തുനീറുന്നൊരാ യൗവനവും
അഭയത്തിനായ് തുടിക്കുന്നതാം വാർധക്യവും.
അർഥമാകേണ്ടൊരീ യാത്രയിൽ
വ്യർഥസമ്പാദ്യത്തിനായ് വെമ്പുന്നു ചിലർ
മാനസചെപ്പിൽ വറ്റുന്നു സ്നേഹകണികകൾ
പൊട്ടുന്നു സ്നേഹച്ചരടുകളെങ്ങും
കാലം മൊഴിയുന്നതീ നഗ്നസത്യങ്ങൾ
പിറക്കുന്നതെന്തിനീ ഭൂമിയിൽ...
അറിവുകൾ മാറുന്നു പുസ്തകമായ്
വളരുന്നു ശാസ്ത്രം ഭൂമിക്കുമേൽ.
കള്ളപ്പണവും കരിഞ്ചന്തയും
കള്ളത്തരങ്ങൾ പതിവാക്കി
കോടികൾ നേടുവാൻ ഓടുന്ന മർത്യൻ
ചെയ്തുകൂട്ടീടുന്നിതാ കൊടുംക്രൂരതകൾ
അധികാരമോഹത്തിനോ സ്വാർത്ഥലാഭത്തിനോ
എന്തിനെന്നറിയില്ല ഏതിനെന്നറിവീല
എല്ലാമീ മർത്യനു സ്വന്തം
കാലംമാറുന്നു ഭരണാധികാരികൾ മാറുന്നു
മാറ്റമില്ലാത്തതായ് ഒന്നുമാത്രം
വെട്ടിപ്പിടിപ്പതിനായ് നെട്ടോട്ടമോടുമ്പോൾ
വെട്ടേറ്റുവീഴുന്നു സജ്ജനങ്ങൾ
അക്രമരാഷ്ട്രീയം വാർത്തെടുക്കുന്നു
അക്രമിയാമൊരു സമൂഹത്തെ
മാറ്റണം ചിന്തകൾ മാറണം മർത്യരും
നവയുഗസൃഷ്ടിക്കായി ഉണരേണം.
നീതിന്യായം നടത്തേണ്ട മാനവർ
നീതിബോധം മറക്കുന്നീ വിധം
കാലത്തിനൊപ്പം കോമാളിയാകുമ്പോൾ
ഓർക്കുക മർത്യാ! മൃത്യു നിൻ നിഴലായിരിപ്പതു.

തുടർമഴ ........................ 11

ഫാ. ലെനിൻ ഫെർണാണ്ടസ്

# കാനായിലെ വധു

**(യോഹ. 2: 1–12 "കാനായിലെ വിവാഹവിരുന്ന്" എന്ന സുവിശേഷഭാഗം ആധാരമായ കഥ)**



കൊടിയ ദാരിദ്ര്യത്തിന്റെ ദിനങ്ങളായിരുന്നു എന്റെ കുട്ടിക്കാലം. അന്നൊരുനാൾ എന്റെ അച്ഛൻ ചുമച്ചുചുമച്ചു പോയത് നസ്രത്തിലെ ഒരു മരപ്പണിക്കാരന്റെ അടുക്കലായിരുന്നു. ഒരു ഭവനം വയ്ക്കാൻ ഒരു സാധ്യതയുമില്ലാതിരുന്ന ഒരു കുടുംബം ആയിരുന്നു ഞങ്ങളുടേതെങ്കിലും എന്തു ധൈര്യത്തിലാണ് ആ മനുഷ്യനെ തിരക്കി അപ്പൻ പോയത് എന്നറിയില്ല. എന്നാൽ എന്റെ അപ്പന്റെ വിചാരങ്ങളായിരുന്നു സത്യം. ഔസേപ്പ് എന്ന ആ തച്ചന് മരപ്പണി മാത്രമല്ല കൽപ്പണിയും അറിയാമായിരുന്നു. നസ്രത്തിൽ നിന്നും 3 മൈലുകൾ താണ്ടി ഔസേപ്പ് എന്ന നരച്ച താടിക്കാരനും അവരുടെ കോമളനായ പുത്രൻ 15 വയസ്സുള്ള യേശുവും എത്തി. പിന്നീട് കുറേ ദിവസങ്ങൾ കൊണ്ട് ഞങ്ങൾക്ക് സ്വന്തമെന്ന് പറയാൻ അടപ്പും തുറപ്പുമുള്ള ഒരു ഭവനമായി. എന്നിട്ടും ഇടയ്ക്കിടയ്ക്ക് അവൻ കാനായിൽ വരുമായിരുന്നു. വന്നുവിശേഷങ്ങളന്വേഷിച്ചവൻ പോകും. അവൻ വരുന്ന ദിനങ്ങളിൽ അവന്റെ കാതരമായ മൊഴികൾക്ക് കാതോർക്കാൻ ഞാനിരിക്കാറുണ്ട്. അവനോടൊപ്പം മുന്തിരിത്തോട്ടങ്ങളിൽ നടക്കാനും പോകാറുണ്ട്. ചില പുരുഷന്മാർക്കൊക്കെ ഞാൻ അവനോട് കാണിക്കുന്ന അ അടുപ്പത്തെ പ്രതി അസൂയയും ഉണ്ടായിരുന്നു. കാറ്റിനോ, മഴയ്ക്കോ, ഋതുഭേദങ്ങൾക്കോ, കയറിയിറങ്ങുന്ന കുന്നുകൾക്കോ താഴ്‌വാരങ്ങൾക്കോ ഒന്നും അവന്റെ പുഞ്ചിരിയെ മായ്ക്കാനായില്ല. വിദഗ്ധനായ ഒരു ശില്പിയെപ്പോലെ കാണുന്ന മനുഷ്യരുടെ അന്തരാളങ്ങളെ കുറിച്ച് അവൻ ചിരിച്ചുകൊണ്ടുവിലയിരുത്തി. നടന്നുപോയ മൂടുപടം ഇട്ട ഒരമ്മയുടെ വിണ്ടുകീറിയ കാൽപ്പാദങ്ങൾക്കടിയിൽ നിന്നും ഒരുപിടി മണ്ണെടുത്ത് ചുംബിച്ചുകൊണ്ടവൻ പറഞ്ഞു, "ഇവളുടെ പാദങ്ങൾ പതിഞ്ഞ ഈ ഭൂമി ദൈവരാജ്യമാകുന്നത് എന്ന്?" സ്വന്തം അമ്മയെ അളവറ്റു സ്നേഹിക്കുന്ന ഒരു മകന്റെ സ്നേഹപ്രകടനമായേ ഞാൻ അന്ന് അതിനെ മനസ്സിലാക്കിയുള്ളൂ.

മറ്റു ദിനങ്ങളിൽ അവൻ എന്നെ കാണുമ്പോഴൊക്കെ ഞാൻ അവന്റെ അമ്മയെക്കുറിച്ച് ചോദിച്ചു. രണ്ടു നക്ഷത്രങ്ങൾ ഉദിച്ചുനിൽക്കുന്നതുപോലെയാണ് അവളുടെ കണ്ണുകളെന്നും ചന്ദ്രന്റെ കാന്തിയാണ് അവളുടെ തൊലിപ്പുറത്തിനെന്നും മഞ്ഞുകാലങ്ങളിൽ പ്രഭാതത്തിൽ വെളുത്തുകിടക്കുന്ന ഹിമപാളികൾപോലെയാണ് അവളുടെ ദന്തനിരകൾ എന്നും ഒക്കെ അവൻ പറഞ്ഞപ്പോൾ ഏത് പെൺകുട്ടിയ്ക്കാ ആ അമ്മയെ ഒരുനോക്കുകാണാൻ ആഗ്രഹം ജനിക്കാത്തത്? തന്റെ നിർബന്ധത്താൽ തന്നെ തങ്ങളുടെ കുടുംബം നസ്രത്തിലെ അവന്റെ ഭവനം



സന്ദർശിച്ചു. അവൻ അമ്മയെക്കുറിച്ച് പറഞ്ഞതെല്ലാം അതിശയോക്തികളായിരുന്നു എങ്കിലും അവൾ മാൻപേടയെപ്പോലെ ശാന്തയും സുന്ദരിയുമായിരുന്നുവെന്ന് എന്റെ മനസ്സ് പറഞ്ഞു. എന്റെ സഹോദരൻ പറഞ്ഞു, അവൾ ധർമശീലയാണ്. എന്റെ അമ്മ പറഞ്ഞു, അവൾ അനുഗ്രഹീതയാണ്. എന്റെ അപ്പൻ പറഞ്ഞു, അവൾ ഒരേ സമയം കൊടുങ്കാറ്റും മന്ദമാരുതനുമാണെന്ന്. ആ ദിനത്തിനുശേഷം ഞങ്ങൾ കുടുംബ സുഹൃത്തുക്കളായി. ഞങ്ങൾ ഭക്ഷണപ്പൊതികൾ കൈമാറി., ഒഴിവുദിനങ്ങളിൽ ഭവനങ്ങൾ മാറിമാറി സന്ദർശിച്ചു. യൗസേപ്പും യേശുവും ഭവനത്തിലില്ലെങ്കിൽ പോലും മേരിയുടെ സാന്നിധ്യം മാത്രം മതി ഞങ്ങൾ പൂർണ സംതൃപ്തരാകാൻ.

ഞാൻ അവരുടെ ഭവനത്തിലെത്തിയാൽ ആദ്യം യേശുവിനെയാണ് അന്വേഷിക്കുക. മിക്കവാറും അവൻ അന്യഗ്രാമങ്ങൾ സന്ദർശിക്കാനോ, ജോലി സ്ഥലത്തോ ചുരുക്കം ചിലപ്പോഴൊക്കെ ജെറുസലേം സന്ദർശിക്കാനോ പോയി എന്നാകും ലഭിക്കുന്ന മറുപടി. യൗസേപ്പാകട്ടെ ഞങ്ങൾക്ക് ഭവനം വച്ചു തന്നതുപോലെ മറ്റാർക്കെങ്കിലും എന്തെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കുന്ന വ്യഗ്രതയിലായിരിക്കും. അങ്ങനെ രണ്ടു ഗ്രാമങ്ങളിൽ നിന്നുള്ളവർ, രണ്ടു ഭവനങ്ങളിൽ നിന്നുള്ളവർ ഉള്ളുകൊണ്ട് പിരിച്ചെടുക്കാൻ പറ്റാത്ത ആത്മബന്ധത്തിലേക്കുയർന്നു. എന്റെ വിവാഹം ആദ്യം അറിയിച്ചതും മേരിയേയും യേശുവിനേയും ആയിരുന്നു. യൗസേപ്പ് നേരത്തെ മരിച്ചിരുന്നു. അദ്ദേഹത്തിന്റെ മരണം അവരെ അനാഥരാക്കിയില്ല, കാരണം യേശു സമർത്ഥനായ ഒരു ജോലിക്കാരനും വാക്സാമർഥ്യമുള്ള ഒരു യുവാവും ആയിരുന്നു.

എന്റെ വിവാഹദിനം, അന്നാണ് യേശുവിനെ ഒരു യുവാവ് എന്നതിനപ്പുറം ഒരു ഗുരുവാക്കി മാറ്റിയ സംഭവം നടന്ന ദിനം. ആ ദിനത്തിനുശേഷം ഞാനവനെ കണ്ടിട്ടേയില്ല. ഒരു ദിവസം അവൻ കാനായിലൂടെ കടന്നുപോയപ്പോൾ അനേകം സ്ത്രീ–പുരുഷന്മാർ അവനെ കാണാൻ പോകുന്നു എന്നുകേട്ട് എനിക്ക് വിഷമമായി. അവർക്കും മുന്നേ ഞാൻ ഓടിയതാണവനെ കാണാൻ. അവിടെ എത്തിയപ്പോൾ അവന്റെ അടുത്തെത്താൻ പോലും കഴിയാത്തത്ര ജനക്കൂട്ടം. എന്നാലും ഒരു നോക്കു ഞാൻ കണ്ടു. വളർന്ന മുടിയും നീണ്ട താടിയുമൊക്കെയായി അവൻ ഒരു റബ്ബിയെപ്പോലെ തോന്നിച്ചു. പിന്നീട് പലരും പലതാണ് അവനെ കുറിച്ചുപറഞ്ഞുകേട്ടത്. പാവപ്പെട്ടവർക്കെല്ലാം അവൻ നാട്ടിലെ പ്രധാനപയ്യനായി. ഫരിസേയർക്കും നിയമജ്ഞർക്കും അവൻ വെറുക്കപ്പെട്ടവനായി. എന്നാൽ നാടുമുഴുവൻ യേശു – യേശു എന്ന നാമം മുഴങ്ങിനിന്നു, അതെന്നെ ഏറെ സന്തോഷിപ്പിച്ചു. അവൻ ഒരുനാൾ റോമിനെ അട്ടിമറിക്കുമെന്നും അധികാരശ്രേണികൾ കൈയടക്കുമെന്നും പലരും പറയുന്നു. അങ്ങനെ സംഭവിച്ചാൽ ഞാനവനെക്കൊണ്ട് പലതും നേടും, എന്റെ ഭർത്താവിന് കൊട്ടാരത്തിൽ ഒരു ജോലി, സഹോദരന് പട്ടാളത്തിൽ ഒരവസരം, എനിക്കും അമ്മയ്ക്കും കുറെ പൊന്നും പണവും. അങ്ങനെ പലതും യേശുവിനോട് പറഞ്ഞുനേടും തീർച്ച. അവൻ ചെയ്തുതന്നില്ലെങ്കിൽ മറിയത്തക്കൊണ്ട് പറയിക്കും. എന്റെ വിവാഹദിനത്തിലും ആ അമ്മ പറഞ്ഞിട്ടാണല്ലോ അവൻ വെള്ളം വീഞ്ഞാക്കി ഞങ്ങളുടെ മാനം രക്ഷിച്ചത്.

അങ്ങനെ മനക്കോട്ടയും കെട്ടി ഇരുന്നപ്പോഴാണ് ചിന്തകളേയും സ്വപ്നങ്ങളെയും ആകെ തകിടം മറിച്ച ആ വാർത്തയെത്തിയത്. അങ്ങ് ജറുസലേമിൽ വച്ച് അവൻ ബന്ധിക്കപ്പെട്ടു. ചിലർ പറയുന്നു അവനെ തൂക്കിലേറ്റിയെന്ന് ചിലർ പറയുന്നു അവൻ തടവിലാണെന്ന്. ആകാശം എന്റെ മേൽ ഇടിഞ്ഞുവീണതുപോലെ തോന്നി അതുകേട്ടപ്പോൾ. സത്യത്തിൽ ഹൃദയം നിലച്ചതുപോലെ തോന്നി എനിക്ക്. സകല പ്രതീക്ഷകളും നഷ്ടമായി ഒരു കൂട്ടം ജനത്തിന്റെ ആഗ്രഹങ്ങൾക്ക് ഒരു വിലയും ഇല്ലാത്ത ഒരവസ്ഥയായി. കുറച്ചുദിവസങ്ങൾ കഴിഞ്ഞ് അവർ ഒരുമിച്ച് നടക്കാറുള്ള മുന്തിരിത്തോട്ടത്തിനടുത്ത് കൂടി യേശുവിനേയും ഓർത്തു നടന്നു നീങ്ങിയപ്പോൾ അവൾ ഒരു വിളികേട്ടു, 'റാഫ്ക്കാ' പെട്ടെന്ന് ഞെട്ടിത്തിരിഞ്ഞു നോക്കിയപ്പോൾ കണ്ടത് യേശുവിനെയായിരുന്നു. അവന്റെ വലതുകരം ഉയർത്തി അവൻ എന്നെ ആശീർവദിച്ചപ്പോൾ ആ കൈപ്പത്തിയിൽ ഒരു വലിയ ദ്വാരം, ആണിപ്പഴുതേറ്റ മുറിവ്.... ■

ലേഖനം

ആബേൽ എം. ചെറിയമുട്ടം



# പാഠം ഒന്ന് പരിസ്ഥിതി

ഓഖിയും പ്രളയവും നമ്മെ ഏറെചിന്തിപ്പിക്കുന്ന വിഷയമാണ് കാലാവസ്ഥാവ്യതിയാനം. എന്തുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിക്കുന്നു? നാം ഉപയോഗിക്കുന്ന ഭൗതികവസ്തുക്കളുടെ ഉറവിടം പ്രകൃതി തന്നെയാണ്. പതിനായിരക്കണക്കിന് ജനങ്ങളുടെ മരണത്തിനിടയാക്കിയ പ്രളയം, 2004 ലെയും 2019 ലെയും സുനാമി ദുരന്തം, 2017 ലെ ഓഖി, 2018 ലെ പ്രകൃതിദത്തമായ പാരിസ്ഥിതിക ദുരന്തം നാം അനുഭവിച്ചവരാണ്.

21-ാം നൂറ്റാണ്ടിൽ നാം ഏറെ ചർച്ചചെയ്യുന്നതും സമൂഹം ഒന്നടങ്കം നേരിടുന്നതുമായ ഒന്നാണ് 'പ്രകൃതിദുരന്തം'. ലോകത്തിന്റെ നിലനില്പിന് ഭീഷണി ഉയർത്തുന്ന അനേകം പരിസ്ഥിതി പ്രശ്നങ്ങൾ പ്രകൃതി നേരിടുന്നുണ്ട്. അവയുടെ പ്രാധാന്യവും തീവ്രതയും രാജ്യത്തിനനുസരിച്ചും സാഹചര്യങ്ങൾക്കനുസരിച്ചും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. വിഭവശോഷണം, മലിനീകരണം, ആഗോളതാപനം, ജനിതകമാറ്റം വരുത്തിയ ജീവാണുക്കൾ, പ്രകൃതിദത്തവും, മനുഷ്യ നിർമിതവുമായ പാരിസ്ഥിതിക ദുരന്തങ്ങൾ എന്നിവയാണ് ആഗോളമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ.

ഭൂമിയിൽ ജീവിക്കുന്ന എല്ലാ ജീവി സമൂഹങ്ങൾക്കും, പാരിസ്ഥിതികമായ ഒരു അടിത്തറയുണ്ട്. ഭൗതികവും ജീവശാസ്ത്രപരവുമായ വ്യവസ്ഥകളുടെയും പ്രക്രിയകളുടെയും ശൃംഖലയാണ് പരിസ്ഥിതി. പതിനായിരക്കണക്കിന് ജൈവ ഭൗതിക പരിസ്ഥിതിയും മനുഷ്യന്റെ ഇടപെടലുകളും തമ്മിലുള്ള പരസ്പര പ്രവർത്തനത്തിൽ നിന്നാണ് സാമൂഹ്യപരിസ്ഥിതി ഉണ്ടാകുന്നത്. ഇത് അങ്ങോട്ടും ഇങ്ങോട്ടുമുള്ള പ്രക്രിയയാണ്. പ്രകൃതി സമൂഹത്തെ രൂപപ്പെടുത്തുന്നതുപോലെ സമൂഹം പ്രകൃതിയേയും രൂപപ്പെടുത്തുന്നു. ഉദാഹരണത്തിന് സിന്ധു, ഗംഗാ ഉപരിതലത്തിലെ ഫലഭൂയിഷ്ടമായ മണ്ണ് കൃഷിയുടെ വളർച്ചയെ സഹായിക്കുന്നു. അതിന്റെ ഉയർന്ന ഉല്പാദന ക്ഷമത ജനസാന്ദ്രതയുള്ള അധിവാസ കേന്ദ്രങ്ങളുടെ രൂപീകരണത്തിന് കാരണമായി തീർന്നു. അതിന്റെ മികച്ചോൽപാദനം മറ്റു കാർഷികേതര പ്രവർത്തനങ്ങളെ സഹായിക്കുകയും അങ്ങനെ പല തട്ടുകളുള്ള സങ്കീർണ്ണ സമൂഹങ്ങളുടെയും രാഷ്ട്രത്തിന്റെയും ആവിർഭാവത്തിന് വഴിയൊരുക്കുകയും ചെയ്തു. നേരെമറിച്ച് രാജസ്ഥാൻ മരുഭൂമി കന്നുകാലികളെ മേയ്ച്ചുകൊണ്ട് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് സഞ്ചരിക്കുന്ന നാടോടികളായ ഇടയസമൂഹത്തെ മാത്രമേ പിന്തുണയ്ക്കാൻ കഴിയുന്നുള്ളൂ. ഇതെല്ലാം പ്രകൃതി സമൂഹത്തെ രൂപപ്പെടുത്തുന്നതിന്റെ ഉദാഹരണങ്ങളാണ്.

പരിസ്ഥിതിയും സമൂഹങ്ങളും തമ്മിലുള്ള വ്യത്യസ്ത ബന്ധങ്ങളിൽ സാമൂഹ്യ മൂല്യങ്ങളും വഴക്കങ്ങളും പ്രതിഫലിക്കുന്നുണ്ട്. നാം ഉപയോഗിക്കുന്ന ഭൗതികവസ്തുക്കളുടെ ഉപയോഗം കാലാവസ്ഥ വ്യതിയാനത്തിനും കാർബൺ പുറം തള്ളലിനുമൊക്കെ കാരണമാകുന്നു. അത് ഉറവിടത്തെ മലിനമാക്കുന്നു. അടുത്ത തലമുറയ്ക്ക് മലിനമാകാതെ കാത്തുസൂക്ഷിച്ചു തിരിച്ചുകൊടുക്കേണ്ട വിലപിടിപ്പുള്ള സമ്മാനമാണ് ഈ 'ഭൂമി'. എന്നാൽ, നാം ഉപയോഗിക്കുന്ന വസ്തുക്കളുടെ ഉറവിടം പ്രകൃതി തന്നെയാണ്.

പലതരം മലിനീകരണങ്ങൾ കാരണം നമ്മുടെ പ്രകൃതിക്ക് ദുരന്തങ്ങൾ സംഭവിക്കുന്നു. പുതുക്കാനും, പുനർസൃഷ്ടിക്കാനും, കഴിയാത്ത പ്രകൃതി വിഭവങ്ങളുടെ അമിതമായ ഉപയോഗമാണ് പ്രധാനപ്പെട്ട പരിസ്ഥിതി പ്രശ്നം.

നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ഒരു

പ്രധാന പരിസ്ഥിതി പ്രശ്നമാണ് 'വായുമലിനീകരണം'. നാമോരോരുത്തരും കാട്ടിയ നീതികേടിന്റെ ഫലമായി ഒരോ വർഷവും എത്രപേരാണ് മരിച്ചു പോകുന്നത് എന്ന വസ്തുത നാം മറക്കരുത്.

വായുമലിനീകരണത്തെയും ആരോഗ്യപ്രശ്നങ്ങളെയും കുറിച്ച് ഇന്ത്യ ഇപ്പോൾ സമഗ്രമായി പഠിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ നിർദേശ പ്രകാരം നടന്ന പഠനത്തിൽ 300 ശാസ്ത്രജ്ഞരും ആരോഗ്യമേഖലയിലെ 100 വിദഗ്ധരുമാണ് പങ്കാളികളായത്. ഇത്ര ആഴത്തിലും പരപ്പിലും നടത്തിയ പഠനമാണ് എന്നതിനാൽ തന്നെ അതിന്റെ ഫലത്തിന് വലിയ പ്രധാന്യമുണ്ട്. രാജ്യത്തെ 77 ശതമാനം പേരും വിഷമയമായ വായു ശ്വസിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. ശ്വാസകോശരോഗങ്ങളാൽ കഴിഞ്ഞ വർഷം ജീവൻ നഷ്ടമായവരിൽ 4.8 ലക്ഷം പേർ വീട്ടിലെയും പരിസരത്തെയും കരിയും പുകയും ശ്വസിച്ച് മരിച്ചവരാണെന്നത് ആശങ്കയുയർത്തുന്നു. ആകെ മരിച്ചവരിൽ 50 ശതമാനത്തിലേറെപ്പേരാകട്ടെ 70 തികയും മുമ്പ് ആയുസൊടുങ്ങി പോയവരും, ശ്വസിക്കുന്ന വായു ഇത്ര മലിനമല്ലാതിരുന്നെങ്കിൽ രാജ്യത്തെ ശരാശരി ആയുർദൈർഘ്യം 1.7 വർഷം കൂടിയേനെ എന്നു പഠനം വിലയിരുത്തുന്നു. സഹജീവികളെ കൊന്നൊടുക്കുന്നതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒരു പൗരനും ഒഴിഞ്ഞു നിൽക്കാനാവില്ല.

പ്രധാന പരിസ്ഥിതി പ്രശ്നങ്ങളും അപകടങ്ങളും കാരണങ്ങളും.

1. ഹരിതഗൃഹ വാതകങ്ങളാണ് ആഗോളതാപനത്തിന് പ്രധാന കാരണമാകുന്നത്.

2. ആഗോളതാപനം പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ബാധിക്കുന്നു.

3. ലോകമെമ്പാടുമുള്ള കാലാവസ്ഥയിൽ അനിശ്ചിതാവസ്ഥയും ഏറ്റക്കുറച്ചിലുകളും സൃഷ്ടിക്കുന്നു.

4. കാർബണും ഹരിതഗൃഹവാതകങ്ങളും പുറന്തള്ളുന്ന കാര്യത്തിൽ ചൈനയും ഇന്ത്യയും ഒരു പ്രധാന പങ്കുവഹിക്കുന്നു.

ജനിതകമാറ്റം വരുത്തിയ ജീനുകൾ ഒരു ജീവജാലത്തിന്റെ ജീനുകളെ മറ്റൊരു ജീവജാലത്തിന്റെ ജീനുകളിലേക്ക് സന്നിവേശിപ്പിച്ച് സവിശേഷതയുള്ള മറ്റൊരു സ്പീഷിസിനെ ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയയാണ് ജനിതകമാറ്റം എന്നുപറയുന്നത്. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ പാരിസ്ഥിതിക ദുരന്തങ്ങൾ 1984 ൽ ഭോപ്പാലിലെ യൂണിയൻ കാർബൈഡ് കമ്പനിയിൽ നിന്ന് വിഷവാതകം ചോർന്ന് 4000 പേർ മരിക്കുകയുണ്ടായി. ഭോപ്പാൽ ദുരന്തം മനുഷ്യ നിർമ്മിതമായ പാരിസ്ഥിതിക ദുരന്തമാണ്. ആയിരക്കണക്കിന് ജനങ്ങളുടെ മരണത്തിനിടയാക്കിയ 2004 ലെ സുനാമി പ്രകൃതിദത്തമായ പാരിസ്ഥിതികദുരന്തത്തിന് ഉദാഹരണമാണ്.

2018 ലെയും 2019 ലെ പ്രളയദുരന്തം നാം കണ്ടു. നൂറുകണക്കിന് ജീവനുകളും ആയിരക്കണക്കിന് ഏക്കർ സ്ഥലത്തെ കൃഷിയും ഭൂമിയും നാമാവിശേഷമായി. പ്രകൃതിയോടുള്ള മനുഷ്യന്റെ ക്രൂരത കൂടിപ്പോകുന്നുവെന്ന് പലതവണ വിദഗ്ധർ ഓർമപ്പെടുത്തിയിട്ടും അതിനെ പുച്ഛിച്ചുതള്ളിയതിന്റെ പരിണിതഫലമാണീ ദുരന്തങ്ങളെന്ന് ഇന്ന് നാം തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. മഴയും കാറ്റും കാലാവസ്ഥയും നിയന്ത്രിച്ച് കേരളക്കരയെ ഒരു കാവൽക്കാരനെപ്പോലെ കാത്തുസൂക്ഷിക്കുന്ന പശ്ചിമഘട്ട മലനിരകളെ ഇനിയും കടന്നാക്രമിക്കരുതെന്നും അങ്ങനെ ചെയ്താൽ അതിന്റെ വിപത്ത് പ്രവചനാതീതമായിരിക്കുമെന്നും മാധവ് ഗാഡ്ഗിൽ എന്ന ശാസ്ത്രജ്ഞൻ പഠിച്ചുറിപ്പോർട്ട് സമർപ്പിച്ചപ്പോൾ നാം ആ റിപ്പോർട്ടിന് വിലകല്പിച്ചില്ല. ഇന്ന് ആ റിപ്പോർട്ടിനെ ഓർത്ത് കുറേപ്പേരെങ്കിലും പരിതപിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഇനിയും ഈ റിപ്പോർട്ട് കണ്ടില്ലെന്ന് നടിച്ചാൽ അതിന്റെ ഫലം സങ്കല്പാതീതമായിരിക്കും.

ചില പാരിസ്ഥിതിക പ്രശ്നങ്ങൾ സാർവത്രികമാണ്. അവ ചില പ്രത്യേക സാമൂഹിക വിഭാഗങ്ങളെ മാത്രമല്ല ബാധിക്കുന്നത്, മറിച്ച് എല്ലാവരേയും ബാധിക്കുന്നു. പ്രളയസമയത്ത് ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങളിൽ പൊതുതാല്പര്യം ഉണ്ടായിരിക്കും. ഉദാഹരണത്തിന് വായുമലിനീകരണം കുറയ്ക്കുന്നതും ജൈവ വൈവിധ്യത്തെ സംരക്ഷിക്കുന്നതും പൊതുതാല്പര്യമാണ്. വായു മലിനീകരണത്തെപ്പോലെ തന്നെ ഗുരുതരമായ മറ്റൊരു പരിസ്ഥിതി പ്രശ്നമാണ് ജലമലിനീകരണം. ഉപരിതലജലത്തെയും ഭൂഗർഭജലത്തെയും ബാധിക്കുന്ന വളരെ ഗുരുതരമായ ഒരു പ്രശ്നമാണിത്. വീടുകളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന മലിന ജലം, കൃഷിയിടങ്ങളിൽ നിന്ന് ബഹിർഗമിക്കുന്ന രാസവളവും കീടനാശിനികളും കലർന്ന ജലം എന്നിവയാണ് ജല മലിനീകരണത്തിന്റെ പ്രധാന സ്രോതസ്സുകൾ. നദികളെയും ജലാശയങ്ങളെയും സംബന്ധിച്ച വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമാണിത്. മലിനീകരിക്കപ്പെട്ട ജലം മനുഷ്യന്റെ ആരോഗ്യത്തിന് കനത്ത ഭീഷണി ഉയർത്തുന്നു. ലോകത്തിലെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നില്ല. ഓരോ വർഷവും മൂന്നു ദശലക്ഷത്തിലേറെ കുട്ടികളുടെ മരണത്തിന് ഇത് കാരണമാകുന്നു. ജലസ്രോതസ്സുകളുടെ മലിനീകരണം ഭക്ഷ്യോൽപ്പാദനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്.

നാം ഉണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും ഉറക്കം നടിച്ചിരുന്നാൽ ശ്വാസകോശരോഗങ്ങളാൽ ആയുസ്സെത്താതൊടുങ്ങുന്ന ഒരു ജനതയുടെ ശവപ്പറമ്പായി ഇന്ത്യമാറും. അതിന് അതിശയോക്തിയില്ല. അങ്ങനെ സംഭവിക്കുന്ന കാലം വിദൂരമല്ലെന്നാണ് അന്താരാഷ്ട്ര മെഡിക്കൽ ലേബലായ 'ദി ലാൻസെറ്റ് പ്ലാനെറ്ററി ഹെൽത്ത്' പ്രസിദ്ധീകരിച്ച പഠനം പറയുന്നത്.

സമ്പന്ന ദരിദ്ര ഭേദമില്ലാതെ സകലർക്കും ആവശ്യമാണ് പ്രാണവായു. മലിന വായുവിൽ നിന്ന് രക്ഷനേടാനുള്ള മുഖാവരണങ്ങളും വായു ശുദ്ധീകരണോപകരണങ്ങളും വാങ്ങാൻ ധനശേഷിയുള്ളവന് കഴിയുമ്പോൾ, എല്ലാ പാരിസ്ഥിതിക പ്രശ്നങ്ങളിലും എന്നപോലെ ഇവിടെയും ആദ്യത്തെ ഇര ദരിദ്രനാണ്. ഒപ്പം ഇനിവരുന്ന തലമുറകളും കാലാവസ്ഥ വ്യതിയാനത്തിനും കാർബൺ പുറംതള്ളലിനുമെതിരെ നിലകൊള്ളണമെന്നാണ് സമൂഹത്തോട് അഭ്യർത്ഥിക്കുന്നത്. ഇനിയും നമ്മുടെ അന്തരീക്ഷം വിഷമയമാകാതിരിക്കാനുള്ള അടിയന്തര കർമ്മപദ്ധതികൾ വിശ്വപൗരനെന്ന നിലയിൽ നമുക്ക് ആവിഷ്കരിക്കാം. ഒപ്പം ഭൂമിയെ പനിപിടിപ്പിക്കാതെ ചേർത്തണച്ചു കാക്കാം. ■

**തിരുവനന്തപുരം ലത്തീൻ അതിരൂപതാ ബി.സി.സി. കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഹോം മിഷനിൽ പങ്കാളികളാകുന്നവർ തങ്ങളുടെ അനുഭവം വായനക്കാർക്കായി പങ്കുവയ്ക്കുന്നു**

# കുടുംബ നവീകരണയജ്ഞത്തിൽ എന്റെ പങ്കാളിത്തം



**സി. എലിസബത്ത് ആശ**
സിസ്റ്റേഴ്സ് ഓഫ് ഔവർ ലേഡി ഓഫ് മേഴ്സി)

കുട്ടിക്കാലത്ത് എന്റെ അമ്മ ആവർത്തിച്ചുപറയുന്ന ഒരു കാര്യമുണ്ടായിരുന്നു, ഒരു വൈദികനോ, കന്യകാസ്ത്രീയോ നമ്മുടെ വീട്ടിൽ വന്ന് കുറച്ചുസമയം ചിലവഴിച്ച് നമുക്കുവേണ്ടി ഒന്നു പ്രാർത്ഥിച്ചിരുന്നുവെങ്കിൽ എന്ന്. ഇങ്ങനെ ഒരാഗ്രഹം കേട്ടുവളർന്നുവന്ന ഞാൻ വർഷങ്ങൾക്കുശേഷം ഒരു സമർപ്പിതയായി, സന്യാസ സഭയുടെ വിവിധതരം പ്രേഷിതപ്രവർത്തനങ്ങളിലൂടെ കടന്നുപോയി. എന്നാൽ ഇന്ന് ഹോംമിഷൻ ടീമിലെ ഒരു അംഗമായി മാറാൻ സാധിച്ചപ്പോൾ, ഓരോ കുടുംബങ്ങളിലേക്കും കയറിച്ചെല്ലുന്നത് വിശ്വാസ സമൂഹത്തോടുള്ള ആദരവോടും, പരിശുദ്ധ സ്നേഹത്തിലും, ക്രൈസ്തവ ഐക്യത്തിലുമാണ്. യേശു പ്രതിവചിച്ചു; "സത്യമായി ഞാൻ നിങ്ങളോടുപറയുന്നു, എന്നെ പ്രതിയും സുവിശേഷത്തെ പ്രതിയും ഭവനത്തെയോ സഹോദരന്മാരേയോ, മാതാവിനെയോ, പിതാവിനെയോ, മക്കളെയോ ത്യജിക്കുന്നവർക്കും ഇവിടെവച്ചുതന്നെ നൂറിരട്ടി ലഭിക്കാതിരിക്കുകയില്ല" (മാർക്ക് 10:30). ഇന്ന് ഈ ശുശ്രൂഷയിലായിരിക്കുമ്പോൾ എന്നെ ഏറ്റവും കൂടുതൽ സ്പർശിക്കുന്ന വചനം ഇതുതന്നെയാണ്.ആ വചനം ഉൾക്കൊണ്ട് തിരുവനന്തപുരം അതിരൂപതയോട് ചേർന്ന് പ്രവർത്തിക്കുവാൻ കഴിയുന്നതിൽ ഞാൻ കൃതാർത്ഥയാണ്.

സുവിശേഷത്തിലെ യേശുവിനെ അനുകരിക്കാൻ ഇറങ്ങി പുറപ്പെട്ടപ്പോൾ എനിക്ക് എന്റെ കുടുംബത്തെ ഉപേക്ഷിക്കേണ്ടി വന്നു. എന്നാൽ ഇന്ന് ഒരു സമർപ്പിത എന്ന നിലയിൽ യേശു വാഗ്ദാനം ചെയ്ത നൂറിരട്ടിയുടെ ആഴവും പരപ്പും വ്യക്തമാക്കുന്നത് ഓരോ കുടുംബവും സമർപ്പിതർക്ക് അന്യമല്ല എന്ന യാഥാർത്ഥ്യബോധമാണ്. ഓരോ കുടുംബത്തിലേക്ക് ഞങ്ങൾ യേശുവിന്റെ സമാധാനം ആശംസിച്ച് കടന്നുചെല്ലുമ്പോൾ, ആ സമാധാനത്തിന്റെ നിറവ് അനുഭവിക്കാൻ തക്ക ഒരുക്കത്തോടെ നിന്നിരുന്ന മാതാപിതാക്കൾ, സഹോദരി സഹോദരന്മാർ - ഇവരോടൊപ്പം ചെലവഴിച്ച മണിക്കൂറുകൾ ഒരിക്കലും മറക്കാനാവുന്നതല്ല. ഓരോ വ്യക്തിയും ദൈവത്തിന്റെ ഒരു അത്ഭുതമാണ്. ഈ കാഴ്ചപ്പാടോടെ ഇവരുടെ അനുഭവങ്ങൾ കേൾക്കുകയും, മനസ്സിലാക്കുകയും ചെയ്യാൻ സാധിക്കുന്നത് ദൈവസ്നേഹത്തിന്റെ നിറവ് നമ്മിൽ ഓരോരുത്തരിലും ഉള്ളതുകൊണ്ടുമാത്രമാണെന്ന് വിശ്വസിക്കുന്നു. തിരുസഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ഏറ്റവും ഫലദായകമായ രീതിയിൽ ഇന്ന് കുടുംബ നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും നന്ദിപറയുന്നതോടൊപ്പം തിരുവനന്തപുരം അതിരൂപതയുടെ കുടുംബ നവീകരണയജ്ഞം 'ഹോംമിഷനിൽ' ഒരംഗമാകാൻ എന്നെ തെരഞ്ഞെടുത്ത ദൈവത്തിനും നന്ദി പറയുന്നു. ■

# ഹോം മിഷൻ എന്ന



**സി. തെരേസാമ്മ എസ്എറ്റി**

ഹോം മിഷൻ എന്റെ സന്യാസ ജീവിതത്തിന്റെ അർപ്പണബോധത്തെ തട്ടിയുണർത്തുന്ന ആത്മീയാനുഭവമായി മാറിയിരിക്കുന്നു. 2018 ൽ ഞാൻ ആയിരുന്ന ഇടവകയിൽ നടന്ന ഹോം മിഷൻ പ്രവർത്തനത്തിൽ നിന്നും ലഭിച്ച പ്രചോദനം അതിൽ ചേർന്ന് പ്രവർത്തിക്കാനുള്ള വലിയ പ്രേരണ എന്നിൽ ഉളവാക്കി.

രണ്ടുപേരുള്ള ഗ്രൂപ്പുകളായി അയയ്ക്കപ്പെട്ടപ്പോൾ യേശു താൻ പോകാനിരുന്ന പട്ടണങ്ങളിലേക്കും നാട്ടിൽപുറങ്ങളിലേക്കും ഈ രണ്ടുപേരായി അവരെ തനിക്കുമുൻപേ അയച്ച യേശു അനുഭവം എന്നിൽ രൂപം കൊ



*ക്രിസ്തുരാജപുരം ഇടവകയിലെ ഹോം കുറിച്ചുകൊണ്ട് പൊന്തിഫിക്കൽ ദിവ്യബലി ക്രിസ്തുദാസിനെ ഇടവക വികാരി ഫാ. ഇടവക ജനങ്ങൾ സ്വീകരിച്ചാനയിക്കുന്നു*

ള്ളുകയായിരുന്നു. പ്രാർത്ഥിച്ചൊരുങ്ങി, ഭവനങ്ങളിലേക്ക് കടന്നുചെന്ന്, കുടുംബാംഗങ്ങളുമായി പങ്കുവച്ച് പ്രാർഥിക്കുമ്പോൾ വ്യത്യസ്തയാർന്ന ആത്മീയാനുഭൂതിയുടെ നിമിഷങ്ങളായി മാറിയത് വ്യക്തി ജീവിതത്തിൽ വ്യതിയാനത്തിനുള്ള ഉൾവിളിയായി. അപരന്റെ

# സുന്ദര നിമിഷത്തിൽ

വേദന സ്വന്തം വേദനയായി രൂപപ്പെട്ടപ്പോൾ എന്നിലെ ശാരീരികാസ്വാസ്ഥ്യങ്ങൾ തന്നെ ലഘൂകരിക്കപ്പെട്ട് സൗഖ്യത്തിന്റെ മേഖലകൾ തുറക്കപ്പെട്ട് സന്തോഷാശ്രുക്കൾക്ക് കാരണമായി.

ദിവ്യബലിയോടെ തുടങ്ങുന്ന ഹോം മിഷൻ പ്രവർത്തനങ്ങൾ വിശ്രമവേളയെക്കുറിച്ചുള്ള ചിന്തപോലും അവശേഷിപ്പിക്കാതെ കടന്നുപോകുമ്പോൾ മുഴുവൻ സമയവും പ്രവർത്തന നിരതമായിരിക്കാനുള്ള ഉൾക്കരുത്ത് ലഭിക്കുന്നത് സന്യസ്ത കൂട്ടായ്മയിലുള്ള പ്രാർത്ഥനയും പ്രോത്സാഹനവുമാണെന്ന തിരിച്ചറിവ് എന്നിൽ ആത്മീയാനന്ദം ഉണർത്തുന്നു. ദിവസേനയുള്ള ആരാധനയുടെ മണിക്കൂറുകൾ സമർപ്പണത്തിന്റെയും മാധ്യസ്ഥം വഹിക്കുന്നതിന്റെയും വേളകളായി മാറുമ്പോൾ ആത്മീയാനന്ദം നിറഞ്ഞുതുളുമ്പുന്നു. കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുവാനുള്ള കരുത്തും ലഭിക്കുന്നു. ഹോം മിഷൻ വിളിക്കുള്ളിലെ വിളിയായി ദർശിച്ചപ്പോൾ ഞാൻ സ്വീകരിച്ച ദൈവവിളിയുടെ മാഹാത്മ്യം ആഴത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. "ലളിതമായ സേവനത്തിലൂടെ എളിയവർക്ക് സേവനം ചെയ്യുക" എന്ന ഞങ്ങളുടെ സന്യാസസഭയുടെ കാരിസം ഹോം മിഷൻ പ്രവർത്തനങ്ങളിലൂടെ യാഥാർഥ്യമാക്കാൻ സാധിക്കുന്നു എന്നതിന്റെ ചാരിതാർഥ്യം എന്റെ സമർപ്പണ ജീവിതത്തിൽ, സന്യാസ സഭയിൽ വിശ്വസ്തതാപൂർവം കൃതജ്ഞതയോടെ വ്യാപരിക്കുവാൻ സഹായിക്കുന്നു. ■

# എന്റെ ഹോം മിഷൻ അനുഭവം



സി. ടെസ്സി എസ്സിസിജി.

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ ഹോം മിഷന്റെ സജീവ പങ്കാളിയാകുവാൻ അവസരം ലഭിച്ചത് ദൈവത്തിന്റെ പ്രത്യേകപരിപാലനയാണെന്ന് ഞാൻ വിശ്വസിക്കുന്നു. പള്ളിത്തുറ, പുതിയതുറ, പൂവാർ, വഴയില, കൊച്ചുവേളി, ക്രിസ്തുരാജപുരം, കുലശേഖരം എന്നീ ഇടവകകളിലെ ഹോംമിഷനിൽ പങ്കാളിയാകുവാൻ എനിക്ക് കഴിഞ്ഞു. ക്രിസ്തുവാകുന്ന വെളിച്ചം പകർന്നു നൽകാനുള്ള നിയോഗമാണ് ഓരോ ഹോം മിഷനും. അതിലൂടെ ഞാൻ തന്നെയും നവീകരിക്കപ്പെടുന്നു. എന്റെ ദൈവവിളിയിൽ കൂടുതൽ ആഴപ്പെടാനും ദൈവത്തിന്റെ ആർദ്രമായ സ്നേഹം വ്യക്തിപരമായ് അനുഭവിക്കാനും ക്ഷമിക്കുന്ന സ്നേഹവും ദയവും കാരുണ്യവും രുചിക്കാനും ഈ ഹോംമിഷൻ എന്നെ സഹായിച്ചു. ദൈവത്തോടടുത്തപ്പോൾ വി. പത്രോസിന് തോന്നിയതുപോലെ ഞാൻ ഒന്നും അല്ല. ഒരു പാപിയാണെന്ന ഉൾക്കാഴ്ച ലഭിച്ചു. ദൈവവചനത്തോടും കൂദാശകളോടുമുള്ള കൂടുതൽ ആഭിമുഖ്യം, ആദ്ധ്യാത്മിക ജീവിതത്തിൽ പുത്തൻ തീഷ്ണത, ദൈവത്താൽ നയിക്കപ്പെടുന്ന അനുഭവം, എളിമ അത്യാവശ്യം എന്ന ബോധ്യം, വിശ്വാസത്തിൽ ആഴപ്പെടാനുള്ള ആഗ്രഹം എന്നിവ ഹോംമിഷനിലൂടെ എനിക്ക് ലഭിച്ചു. മറ്റുള്ളവരെ അംഗീകരിക്കുവാനും, കൂടുതൽ കാരുണ്യത്തോടെ പെരുമാറുവാനും, സുഹൃദ് ബന്ധങ്ങൾ വളർത്താനും ഹോംമിഷൻ അവസരമൊരുക്കി.

കൂടെ ജോലിചെയ്യുന്നവരുടെ മാതൃകകൾ പ്രത്യേകിച്ച് അവരുടെ പ്രാർത്ഥനാ ചൈതന്യം ദൈവപരിപാലനയിലുള്ള വിശ്വാസം, വചനത്തിന്റെ അഭിഷേകം, വിശ്വാസ തീക്ഷ്ണത, എളിമയാർന്ന ജീവിത ശൈലി, ജീവിത വിശുദ്ധി എന്നെ പ്രചോദിപ്പിക്കുകയും യേശുവിനോട് കൂടുതൽ അടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ച് അവരെ സംരക്ഷിക്കുന്നു (സങ്കീ. 34-7) എന്ന വാക്യം ഫലവത്താകുന്നത് കാണാനും അനുഭവിക്കാനും ഹോംമിഷൻ എന്നെ സഹായിച്ചു. ■



*മിഷൻ പ്രവർത്തനങ്ങൾക്ക് സമാപനം അർപ്പിക്കാനെത്തിയ ബിഷപ്പ് ഡോ. സന്തോഷ് പനിയടിമയുടെ നേതൃത്വത്തിൽ*



*കുലശേഖരം സെന്റ് ആന്റണീസ് ഇടവകയിൽ നടന്ന ഹോം മിഷൻ പ്രവർത്തനങ്ങളിൽ സഹകരിച്ച സമർപ്പിതർ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ്, ഇടവക വികാരി ഫാ. സന്തോഷ് പനിയടിമ എന്നിവരോടൊപ്പം*

കഥ

അഗസ്റ്റിൻ കണിപ്പിള്ളി

# ഒരു കുടിയേറ്റത്തിന്റെ ഓർമയ്ക്ക്



പിന്നെ എന്തുണ്ട് എന്ന ആവർത്തനചോദ്യമാവാം വെയ്റ്റർ അൽപ്പം കടുപ്പത്തിൽ പറഞ്ഞു. ഫ്രൈഡ് റൈസുണ്ട്. "ഫ്രൈഡ് റൈസോ?" അല്പം ശങ്കയോടെ ഫ്രാൻസിസ് ചേട്ടൻ മൂത്ത മകൻ സാബുവിന്റെ മുഖത്തേക്ക് നോക്കി കണ്ണിറുക്കി. കുടിയേറ്റക്കാരിൽ സാബുവിനോളം വിദ്യാഭ്യാസമുള്ളവരാരും തന്നെ ആ നാട്ടിൽ വേറെ ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ഏഴാംക്ലാസുകാരനായ സാബു തന്റെ പരിജ്ഞാനത്തിൽ ഫ്രൈഡ് റൈസിന്റെ മലയാള പരിഭാഷ വിശപ്പിനുമുമ്പിൽ അക്ഷമരായി കാത്തിരിക്കുന്ന അപ്പനും അനുജനും കൂടെയുള്ള നാരായണന്നും ബെന്നിക്കുമായി വിളമ്പി.

"അപ്പാ... നമ്മൾ ഇവിടെ വന്നതും എന്തൊക്കെ ഉണ്ടെന്ന് ചോദിച്ചതും ഈ ഹോട്ടലിലെ വെയ്റ്റർക്ക് ഇഷ്ടപ്പെട്ടില്ല. അവൻ പറഞ്ഞത് ശുദ്ധ തെറിയാണപ്പാ. അതുകൊണ്ടല്ലേ അവൻ അതും പറഞ്ഞ് സ്ഥലം വിട്ടത്." "എന്നാൽ അതൊന്നുചോദിച്ചിട്ടുതന്നെ." അപ്പൻ ഫ്രാൻസിസ് ചേട്ടൻ ക്ഷുഭിതനായി. "എന്താടാ അവൻ പറഞ്ഞതിന്റെ അർത്ഥം."

"അപ്പാ... ഫ്രൈഡ് എന്നുപറഞ്ഞാൽ വറുത്തത് എന്നാണ്." "അപ്പോൾ റൈസോ". "അരിയെന്നും"

"ഓഹോ. അപ്പോൾ അരി വറുത്തതുണ്ടെന്നല്ലേ അവൻ പറഞ്ഞതിന്റെ അർത്ഥം. പച്ചത്തെറി. അവനെ അങ്ങനെ വിട്ടാൽ പറ്റില്ല. ഭിക്ഷ യാചിക്കാനൊന്നുമല്ലല്ലോ നമ്മൾ നാട്ടിൽ വന്നത്. കുരുമുളക് വിറ്റ കാശുണ്ട്. വേണ്ടിവന്നാൽ ഈ ഹോട്ടലിന് വരെ നമ്മൾ വിലപറയും." ഫ്രാൻസിസ് ചേട്ടൻ കോപം കൊണ്ട് തിളച്ചുമറിഞ്ഞു. ഈ ശകാര വാക്കുകൾ കേട്ടപലരും സാന്ത്വനിപ്പിക്കാൻ എത്തിയെങ്കിലും ഫ്രാൻസിസ് ചേട്ടൻ മാനേജരുടെ വിശദീകരണത്തിന് മുന്നിൽ പത്തിമടക്കി. പിന്നെ ഒരു ഫ്രൈഡ് റൈസും ചിക്കനും കഴിച്ച് കുരുമുളക് വിറ്റുവാങ്ങിയ പുതിയ വില്ലീസ് ജീപ്പിൽ ഫ്രാൻസിസ് ചേട്ടനും മക്കളും ഹൈറേഞ്ചിലേക്ക് മടങ്ങി. അന്ന് വില്ലീസ് ജീപ്പ് മാത്രമേ ഹൈറേഞ്ചിന്റെ മലമ്പാതകൾ കയറുമായിരുന്നുള്ളൂ.

1970–75 കാലഘട്ടത്തിലെ ഹൈറേഞ്ച് കുടിയേറ്റക്കാരനാണ് ഫ്രാൻസിസ് ചേട്ടൻ. അന്ന് ഇടുക്കിപദ്ധതി പണിപൂർത്തിയായി വരുന്നതേ ഉണ്ടായിരുന്നുള്ളൂ. നാട്ടുകാരായ കൂട്ടുകാരോടൊപ്പം വനഭൂമി വെട്ടിത്തെളിച്ച്, കപ്പക്കൃഷി തുടങ്ങുമ്പോൾ ഫ്രാൻസിസ് ചേട്ടന്റെ ഭാര്യ മോളി മൂത്തമകൻ സാബുവിനെ ഏഴുമാസം ഗർഭിണിയായിരുന്നു. ആ ഇടയ്ക്കാണ് മോളി ചേച്ചിക്ക് മലമ്പനി പിടിപെട്ടത്. കാൽകാശ് കയ്യിലില്ലാത്ത കാലം. പൂർണഗർഭിണിയായ മോളിയെയും കൊണ്ട് എങ്ങനെ നാട്ടിലേക്ക് പോകും. യാതൊരു വാഹനസൗകര്യവും അന്ന് ആ കുടിയേറ്റ മേഖലയില്ല. കൂട്ടുകാരിൽ പലരും പറഞ്ഞു, നീ ഇവരെ ഇങ്ങനെ വച്ചുകൊണ്ടിരിക്കുന്നത് അപകടമാണ്. ചത്താൽ കുഴിച്ചിടാൻ പോലും ഇവിടെ ഒരു പള്ളിയും പള്ളിക്കൂടവുമില്ല. ഇവിടെ കാട്ടുമൂപ്പനുണ്ട്. മൂപ്പനെ പോയി കണ്ടാൽ എന്തെങ്കിലും മരുന്ന് കിട്ടാതിരിക്കില്ല. രണ്ടുകാട്ടുകമ്പും ചാക്കും കൂട്ടിക്കെട്ടി ഉണ്ടാക്കിയ ചാക്കുകട്ടിലിൽ മോളിയെയും എടുത്തുകൊണ്ട് പിന്നെ ഒരോട്ടമായിരുന്നു. മൂപ്പനുകൊടുക്കാൻ തലേന്നുവാറ്റിയ ചാരായത്തിൽ നിന്നും ഒരു കുപ്പി നാരായണൻ കരുതിയിരുന്നു. അക്കാര്യത്തിൽ നാരായണനോടും ബന്നിയോടുമുള്ള കടപ്പാട് ഇന്ന് ഫ്രാൻസിസ് ചേട്ടനുണ്ട്. അതുകൊണ്ടാണ് കുരുമുളക് വിൽക്കാൻ മലയിറങ്ങുമ്പോൾ അവരെ കൂടി കൂടെ കൂട്ടുന്നത്.

ആദ്യവർഷം കാട്ടുപന്നി കുറെ കുത്തിക്കളഞ്ഞെങ്കിലും കപ്പക്കൃഷി ആദായം തന്നെയായിരുന്നു. എങ്ങനെ കപ്പ വിളയാതിരിക്കും. തൂമ്പതൊടാത്ത കന്നിമണ്ണല്ലേ. ഓരോ കപ്പ കിഴങ്ങിനും ഫ്രാൻസിസ് ചേട്ടന്റെ കാലിന്റെ വലുപ്പമുണ്ടായിരുന്നു. ക്രിസ്മസിന് മുൻപ് കപ്പ പറിച്ച് വാട്ടിയുണക്കി. അതിൽ കുറെ ഉണക്കുകപ്പ കന്നി പ്രസവം കഴിഞ്ഞ് കുഞ്ഞിനെ കാണിക്കാൻ നാട്ടിൽ പോയ മോളി വീട്ടിൽ കൊണ്ടുപോയി കൊടുത്തു. വിവാഹവും വിരുന്നും കഴിഞ്ഞ് ഫ്രാൻസിസിനോടൊപ്പം മലകയറിയതാണ് മോളി. പിന്നെ വർഷം ഒന്നുകഴിഞ്ഞാണ് നാട്ടിലേക്ക് പോകുന്നത്. അതും ഒരു ജീപ്പ് ഭാഗ്യത്തിന് കിട്ടിയതുകൊണ്ടുമാത്രം.

കുടിയേറ്റത്തിന്റെ രണ്ടാം വർഷം ഫ്രാൻസിസ് ചേട്ടൻ കുരുമുളക് കൃഷിയിലേക്ക് തിരിഞ്ഞു. പക്ഷേ, പലരും പറഞ്ഞു. "ഫ്രാൻസിസേ നീയാ കാശ് കഞ്ചാവുകൃഷിക്ക് മുടക്ക്. ഒരുവർഷംകൊണ്ട് നാലിരട്ടിയായി കിട്ടും." അന്ന് ഹൈറേഞ്ചിൽ കഞ്ചാവിന് ന



ല്ല ഡിമാന്റായിരുന്നു. നീലച്ചടയനായിരുന്നു കഞ്ചാവിലെ രാജാവ്. നീലച്ചടയൻ ചോദിച്ചാണ് ആവശ്യക്കാർ ഏറെയും എത്തിയിരുന്നത്. കുടിയേറ്റക്കാരിൽ പലരും ആദ്യകാലങ്ങളിൽ ഹൈറേഞ്ചിൽ പിടിച്ചുനിന്നത് കഞ്ചാവ് കൃഷിയിലൂടെയാണ്. അതിന് കാരണമുണ്ട്. അത്രയ്ക്കായിരുന്നു അവിടുത്തെ ദാരിദ്ര്യം. അത് മറികടക്കാൻ കഞ്ചാവ് കൃഷിയായിരുന്നു അവരുടെ ആശ്രയം. കഞ്ചാവിന് നല്ല വിളവും വിലയും കിട്ടുമായിരുന്നു. എങ്കിലും "സത്യത്തിന് നിരക്കാത്ത പണിക്ക് ഞാനില്ലെന്ന്" ഫ്രാൻസിസ് ചേട്ടൻ തറപ്പിച്ചുപറഞ്ഞു.

“പിന്നെ... നിന്റെ അപ്പന്റെ കാശു കൊടുത്ത് വാങ്ങിയ ഭൂമിയല്ലേ നീ വളച്ചുകെട്ടിവച്ചിരിക്കുന്നത്. ഒന്നു പോടാ ഉവ്വേ...” കൂട്ടുകാർ കളിയാക്കി. നാട്ടിൽ പട്ടിണിയും പരിവട്ടവും മൂലം നിൽക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോഴാണ് ഫ്രാൻസിസ് മലകയറിയത്. മൊട്ടക്കുന്നാണെങ്കിലും പത്തേക്കറോളം വരും. ഫ്രാൻസിസ് ചേട്ടന്റെ കൈവശഭൂമി. രാപകൽ അദ്ധ്വാനിക്കുന്ന ഫ്രാൻസിസ് ചേട്ടൻ കുടിയേറ്റക്കാർക്കിടയിലെ എണ്ണംപറഞ്ഞ കർഷകനായിരുന്നു. നാലാംവർഷം ഫ്രാൻസിസ് ചേട്ടൻ അഞ്ചുക്വിന്റൽ കുരുമുളകാണ് തന്റെ കൃഷിയിടത്തിൽ നിന്നും മലയിറക്കിയത്. പിന്നെ വച്ചടിവച്ചടി കയറ്റമായിരുന്നു. പ്രമാണവും പട്ടയവും ഇല്ലെങ്കിലും ഫ്രാൻസിസ് ചേട്ടൻ ഏക്കർകണക്കിന് കൃഷിയിടങ്ങൾ വാങ്ങിക്കൂട്ടി. മോളി പിന്നെയും പ്രസവിച്ചു. നാട്ടിൽ നിന്ന് ഹൈറേഞ്ചിലേക്ക് കുടിയേറുന്നവരുടെ എണ്ണം വർധിച്ചു. കുടിയേറ്റക്കാർ സംഘടിച്ചു. പള്ളിയും പള്ളിക്കൂടങ്ങളും ക്ഷേത്രങ്ങളും പണിതു. ആശുപത്രികൾ വന്നു. കുടിയേറ്റമേഖല തങ്ങളുടെ പിറന്ന നാടിന് സമാനമായി. ആദ്യകാല ദുരിതങ്ങൾ മറക്കാൻ ശ്രമിച്ച അവർ കാട്ടുകമ്പും ഇഞ്ചിപ്പുല്ലും മെടഞ്ഞുണ്ടാക്കിയ കുടിലുകൾക്കും ഏറ്റുമാടങ്ങൾക്കും പകരം കോൺക്രീറ്റ് കെട്ടിടങ്ങളും റോഡുകളും പടുത്തുയർത്തി. നല്ലൊരു വീട് ഫ്രാൻസിസ് ചേട്ടന്റെ സ്വപ്നമായിരുന്നു. കല്ലേറ്റുമല ഇടിച്ചുനിരത്തിയാണ് ഫ്രാൻസിസ് ചേട്ടൻ വീടുവച്ചത്. ഫ്രാൻസിസ് ചേട്ടന്റെ വീടുപണിക്കാണ് കുടിയേറ്റക്കാർ ആദ്യമായി ജെസിബി കാണുന്നത്. പിന്നെ പാറപൊട്ടിക്കാൻ യന്ത്രവണ്ടിയും വന്നു. എന്തായിരുന്നു പാറപൊട്ടിക്കുമ്പോഴുള്ള ശബ്ദം. അത് കുടിയേറ്റക്കാരുടെ ഗർവ് തന്നെയായിരുന്നു. ഇടുക്കി ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഡാമും ടണലും നിർമിക്കാൻ പാറപൊട്ടിക്കുമ്പോൾ ഉണ്ടാകുന്നതുപോലെയുള്ള ശബ്ദം. അന്നുസമയമറിയാൻ പ്രത്യേകസംവിധാനമൊന്നും കുടിയേറ്റക്കാർക്കുണ്ടായിരുന്നില്ല. എന്നാൽ എല്ലാദിവസവും ഉച്ചയ്ക്ക് ഒരു മണിക്ക് ഇടുക്കിപദ്ധതിയിൽ നിന്നുകേൾക്കുന്ന പാറപൊട്ടുന്ന സ്വരമായിരുന്നു അവരുടെ നാഴികമണി. ഫ്രാൻസിസ് ചേട്ടന്റെ വീടിന്റെ പാലുകാച്ചൽ കുടിയേറ്റക്കാർക്കൊരു ഉത്സവം തന്നെയായിരുന്നു.

കുടിയേറ്റക്കാരിൽ പലരും ധനാഢ്യന്മാരായി. അതോടെ സന്ധ്യാസമയത്തുള്ള ഒത്തുകൂടലും വാറ്റുംകുടിയും ഇല്ലാതായി. അങ്ങാടിയിലേക്ക് പോകുമ്പോൾ ഒന്നു വിളിച്ചുചോദിക്കും. കടയ്ക്കുവരുന്നോ എന്ന്. ആദ്യകാലകുടിയേറ്റ കൂട്ടായ്മയ്ക്ക് അങ്ങനെ അകലംകൂടിക്കൂടിവന്നു. പലരുടെയും മക്കൾ മലയിറങ്ങി നാട്ടിൻപ്രദേശങ്ങളിൽ പഠിക്കാൻ പോയി. ഫ്രാൻസിസ് ചേട്ടന്റെ മക്കളും നാട്ടിലാണ് പഠിക്കുന്നത്. മലയും കാടും നശിച്ചതോടെ ഹൈറേഞ്ചിൽ കാലാവസ്ഥയ്ക്കും കൃഷിക്കും മാറ്റം വന്നു. പഴയതുപോലെ വിളവില്ലാതായി. പട്ടിണിയും കഷ്ടപ്പാടും കൂടപ്പിറപ്പുകളെപ്പോലെ കുടിയേറ്റക്കാരെ പിടിവിടാതെ പിന്തുടർന്നു. കോടമഞ്ഞും കൊടുംതണുപ്പും മാറി. കൊടുംചൂടായി മലനാട്ടിൽ. ആയിടയ്ക്കാണ് ആരോ പറഞ്ഞത് മലനാട്ടിൽ പേമാരിക്കും ഉരുൾപൊട്ടലിനും സാധ്യതയുണ്ടെന്ന്. ഒരായുഷ്കാലം മുഴുവൻ അദ്ധ്വാനിച്ചത് ഇട്ടെറിഞ്ഞ് മലയിറങ്ങാൻ ആർക്കും മനസ് വന്നില്ല. മകൻ സാബു എന്നും അപ്പനെയും അമ്മയെയും ഫോണിൽ വിളിച്ച് വിശേഷങ്ങൾ തിരക്കും. മഴ തുടങ്ങിയെങ്കിൽ നാട്ടിലെ തറവാട്ടിലേക്ക് പോകാൻ സാബു പറഞ്ഞു. “ഇല്ല മോനെ... അങ്ങനെ പേടിക്കാനൊന്നുമില്ല. ഇവിടെ നമ്മൾ മാത്രമല്ലല്ലോ? പിന്നെ ഈ പശുവിനെയും കോഴികളെയും വീട്ടുസാധനങ്ങളും ഇട്ടെറിഞ്ഞ് പോയാൽ വല്ല കള്ളന്മാരും കൊണ്ടുപോകും.”

“എങ്കിൽ നിങ്ങളെ ഇഷ്ടം പോലെ ചെയ്യ്'' എന്നുപറഞ്ഞ് സാബു ഫോൺ കട്ടുചെയ്തു. പിറ്റേന്ന് ക്ലാസെടുത്തുകൊണ്ടിരിക്കുമ്പോഴാണ് പോക്കറ്റിലെ ഫോൺ വൈബ്രേറ്റ് ചെയ്യുന്നകാര്യം സാബുവിന്റെ ശ്രദ്ധയിൽ പെട്ടത്. ആരും കാണാതെ ഫോണെടുത്ത് നോക്കി. പരിചയമില്ലാത്ത ഒരു നമ്പരാണത്. സാബുവിന്റെ മനസ് വല്ലാതെ അസ്വസ്ഥമായി. ക്ലാസിന് പുറത്തിറങ്ങി ഫോൺ ചെവിയോടുചേർത്തു “സാബു... സമചിത്തത വെടിയരുത്. ഒരു കാര്യം പറയാനുണ്ട്.” ഒരു പുരുഷശബ്ദം.

“എന്താണ്, എന്തുപറ്റി..” നിമിഷങ്ങളുടെ നിശബ്ദതയ്ക്കുശേഷം ഒരു അലർച്ചയായിരുന്നു സാബുവിന്റെ പ്രതികരണം. കല്ലേറ്റുമലയിൽ ഉരുൾപൊട്ടി. ഫ്രാൻസിസ് ചേട്ടന്റെ വീട് പൂർണമായി തകർന്നു. അപ്പനെയും അമ്മയെയും കാണാനില്ല. സാബുവിന്റെ അലർച്ചകേട്ടെത്തിയ വിദ്യാർഥികൾ തങ്ങളുടെ അധ്യാപകനെ താങ്ങിയെടുത്തു.

പോലീസ് സ്റ്റേഷനിൽ നിന്നുള്ള ആ ഫോൺകോൾ ഒരു കുടിയേറ്റത്തിന്റെ സമാപനസന്ദേശമായിരുന്നു.




## ബോധവൽക്കരണ സെമിനാർ

പാളയം: പാളയം ഫെറോനാ സാമൂഹ്യ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ കെ.എൽ.എം ജനറൽ ബോഡി യോഗം സംഘടിപ്പിച്ചു. യോഗത്തിൽ വച്ച് കുടപ്പനക്കുന്ന് കൃഷി ഓഫീസർ ജോസഫ് അംഗങ്ങൾക്ക് ജൈവവള കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് നൽകി. തുടർന്ന് പാളയം ഇടവക സഹവികാരി ഫാദർ.മാത്യു 57 അംഗങ്ങൾക്ക് വിത്ത്,വളം, ഗ്രോബാഗ് എന്നിവ വിതരണംചെയ്തു. ആനിമേറ്റർ രമ്യ ജോസ്, രൂപതാ കോഡിനേറ്റർ അന്നറീറ്റ എന്നിവർ നേതൃത്വം നൽകി.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വാർഷികം ആഘോഷിച്ചു

**വലിയതുറ:** സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ വലിയതുറ ഏരിയ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് സേവ്യേഴ്സ് കോൺഫറൻസ് വാർഷികം സെന്റ് സേവ്യേഴ്സ് കമ്യൂണിറ്റി ഹാളിൽ വച്ച് ആഘോഷിച്ചു. കോൺഫറൻസ് പ്രസിഡന്റ് സുജൻ സുരേഷിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ഇടവക വികാരി ഫാ. ടോം ഡാനിയേൽ ഡിഎംഎഫ് ഉദ്ഘാടനം ചെയ്തു. ഇടവകയിലെ നിർധനർക്ക് സഹായം എത്തിക്കുന്നതിൽ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി വളരെ ആത്മാർഥമായി പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം ആശംസിച്ചു. സഹവികാരി ഫാ. അജോയി ജോർജ്ജ് ഡിസി.പ്രസിഡന്റ് ഡോൺ ബോസ്കോ എന്നിവർ പ്രസംഗിച്ചു. സ്വയം തൊഴിൽ ചെയ്യുന്നവർക്കുള്ള സൈക്കിൾ, വിദ്യാർഥികൾക്കുള്ള സൈക്കിൾ, കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, സ്കോളർഷിപ്പ്, രോഗികൾക്കുള്ള ധനസഹായം തുടങ്ങിയവ ചടങ്ങിൽ വിതരണം ചെയ്തു.



*കെ.സി.ബി.സിയുടെ ഓഖി പുനരധിവാസ പ്രവർത്തനങ്ങളുടെ സമാപന ചടങ്ങ് ബിഷപ്പ് തോമസ് മാർ കുറിലോസ് ഉത്ഘാടനം ചെയ്യുന്നു*

# കെസിബിസിയുടെ ഓഖി പുനഃരധിവാസ പ്രവർത്തനങ്ങൾ സമാപിച്ചു

**തിരുവനന്തപുരം:** ഓഖി പുനരധിവാസ പ്രവർത്തനങ്ങളുടെ സമാപന ചടങ്ങ് തിരുവനന്തപുരം വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ നടന്നു. തിരുവനന്തപുരം അതിരൂപത മെത്രാപ്പൊലീത്ത ഡോ. സൂസപാക്യത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങ് കെ.സി.ബി.സിയുടെ ജെ.പി.ഡി കമ്മീഷൻ ചെയർമാൻ ബിഷപ്പ് തോമസ് മാർ കുറിലോസ് ഉത്ഘാടനം ചെയ്തു. തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ക്രിസ്തുദാസ്, കാരിത്താസ് ഇൻഡ്യയുടെ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലി, എസ്.എ.എഫ്.പി ഡയറക്ടർ ഫാ. മാർഷൽ മേലേപ്പള്ളി, മോൺ. മൈക്കിൾ വെട്ടിക്കാട്, മോൺ. സി.ജോസഫ്, റവ. ഫാ. റൊമാൻസ് ആന്റണി. റവ.ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ എന്നിവർ ആശംസപ്രസംഗങ്ങൾ നടത്തി. റ്റി.എസ്.എസ്.എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് നന്ദി പറഞ്ഞു. ചടങ്ങിൽ വച്ച് ഓഖി ദുരന്ത ബാധിതർക്കായി നിർമ്മിച്ച പുതിയ ഭവനങ്ങളുടെ താക്കോൽ ദാനവും നടന്നു.

ഓഖി ദുരന്തം നേരിട്ട് കേരളത്തിലെ ഏഴ് രൂപതകൾക്കുമായി കേരള കാത്തലിക്ക് ബിഷപ്സ് കോൺഫറൻസ് ജെ.പി.ഡി കമ്മീഷൻ വഴിയായി 41 പുതിയ ഭവനങ്ങളും, 27 ശൗചാലയങ്ങളും, 40 ഭവനങ്ങളുടെ അറ്റകുറ്റപണികളും ചെയ്തു നൽകുകയുണ്ടായി. 250 പേർക്ക് സ്വയം തൊഴിൽ ചെയ്യാൻ ധനസഹായവും, 65 പേർക്ക് പുതിയ മത്സ്യബന്ധന ഉപകരണങ്ങളും വിതരണം ചെയ്തു.



*സെന്റ് വിൻസന്റ് ഡിപോൾ സൊസൈറ്റി വലിയതുറ സെന്റ് സേവ്യേഴ്സ് കോൺഫറൻസിന്റെ വാർഷികത്തോടനുബന്ധിച്ച് സ്വയം തൊഴിൽ ചെയ്യുന്നവർക്കും വിദ്യാർഥികൾക്കും സൈക്കിളും പഠനോപകരണങ്ങളും വിതരണം ചെയ്തപ്പോൾ*

# അജപാലന ശുശ്രൂഷകരുടെ പ്രവർത്തനം സഭയെ ശക്തിപ്പെടുത്തും: ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ.



*ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പിലാക്കികൊണ്ടിരിക്കുന്ന രണ്ടുവർഷത്തെ ദൈവശാസ്ത്രപഠന കോഴ്സ് പൂർത്തിയാക്കിയവർ ബിഷപ്പ് ഡോ. ക്രിസ്തുദാസ്, ഡോ. ലോറൻസ് കുലാസ് എന്നിവരോടൊപ്പം*

**തിരുവനന്തപുരം:** അജപാലനശുശ്രൂഷകരുടെ പ്രവർത്തനം സഭയെ ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് അഭിപ്രായപ്പെട്ടു. വയലിൽ ഒളിച്ചുവെച്ചിരിക്കുന്ന നിധി കണ്ടെത്തുന്നതുപോലെയും കണ്ടെത്തിയ വിലയേറിയ രത്നം സ്വന്തമാക്കുന്ന വ്യാപാരിയെപോലെയുമായിരിക്കണം സ്വർഗരാജ്യത്തെ സ്വന്തമാക്കാനുള്ള നമ്മുടെ ഓരോ ചുവടുവയ്പും. ഈ ചുവടുവെയ്പിലേക്ക് നമ്മെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ശുശ്രൂഷയാണ് അജപാലനശുശ്രൂഷ. അതിനാൽ തന്നെ കൺവീനർമാരുടെ ദൗത്യം വളരെ വലുതാണ്.

തിരുവനന്തപുരം അതിരൂപതയിലെ ഇടവക അജപാലന ശുശ്രൂഷ കൺവീനർമാർക്കായി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടത്തിയ ഏകദിനപഠനശിബിരം ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു ബിഷപ്പ്. സഭയെ ശക്തിപ്പെടുത്താനുള്ള ഈ ദൗത്യം തികഞ്ഞ ഉത്തരവാദിത്തത്തോടും അർപ്പണ മനോഭാവത്തോടും കൂടി നിറവേറ്റുന്നതിന് അജപാലനശുശ്രൂഷ കൺവീനർമാരെ അദ്ദേഹം ആഹ്വാനം ചെയ്തു. ഡോ. നിക്കോളസ് റ്റി, ഡോ. ലോറൻസ് കുലാസ്, ഡോ. മൈക്കിൾ തോമസ് തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പിലാക്കികൊണ്ടിരിക്കുന്ന രണ്ടുവർഷത്തെ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകളും പ്രസ്തുത ചടങ്ങിൽവച്ച് സഹായമെത്രാൻ വിതരണം ചെയ്തു.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കൊയ്ത്തൂർക്കോണം കോൺഫറൻസ് വാർഷികാഘോഷം



*സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി സെന്റ് മേരീസ് കോൺഫറൻസിന്റെ നാലാമത് വാർഷികത്തോടനുബന്ധിച്ച് വിവിധ സഹായങ്ങൾ ലഭിച്ചവർ ഇടവകവികാരി ഫാ. റിച്ചാർഡ് സക്കറിയ, കോൺഫറൻസ് ഭാരവാഹികൾ എന്നിവരോടൊപ്പം*

കൊയ്ത്തൂർക്കോണം: സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി സെന്റ് മേരീസ് കോൺഫറൻസിന്റെ നാലാമത് വാർഷികത്തോടനുബന്ധിച്ച് കുര്യന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഇടവക വികാരി ഫാ. റിച്ചാർഡ് സഖറിയാസ് ഉദ്ഘാടനം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ് മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി തിയോഫിലസ് ജോസഫ് എന്നിവർ പ്രസംഗിച്ചു. 17 നിർധന കുടുംബങ്ങൾക്കും എസ്എസ്എൽസിക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥിനിക്കും 2000 രൂപ വീതം ധനസഹായവും നൽകി. ജോസഫ് ലോപ്പസ് സ്വാഗതവും സിസ്റ്റർ ഗ്രീഷ്മ നന്ദിയും പറഞ്ഞു.

# ജീവ വിക്ടർ കെസിഎസ്എൽ ചെയർ പേഴ്സൺ

തിരുവനന്തപുരം: കെസിഎസ്എൽ അതിരൂപതാ ചെയർപേഴ്സനായി ജീവ വിക്ടർ - സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ വിഴിഞ്ഞം തെരഞ്ഞെടുക്കപ്പെട്ടു. പള്ളിത്തുറ എച്ച്എസ്എസിലെ സെബിനാണ് ജനറൽ സെക്രട്ടറി.

സെക്രട്ടറിമാരായി എച്ച്എസ്എസ് വിഭാഗത്തിൽ ആഷ്ബിൻ ജോൺ - സെന്റ് മേരീസ് വെട്ടുകാട്, റോബിൻ എ. - സെന്റ് ആന്റണീസ് വലിയതുറ, ബിൻസി ബി. - സെന്റ് മൈക്കിൾസ് കഠിനംകുളം, എച്ച്.എസ്. വിഭാഗത്തിൽ ഹെമി മേരി - ഫാത്തിമ മാതാ അരയതുരുത്തി, തേജസ് - സെന്റ് ജോസഫ് തിരുവനന്തപുരം, അജ്മൽ ജസ്റ്റിൻ - സെന്റ് തോമസ് പൂന്തുറ, യു.പി.വിഭാഗത്തിൽ ഡോണ - സെന്റ് ഹെലൻസ് ലൂർദ്ദുപുരം, ജെയ്സൺ - സെന്റ് ജോസഫ് അഞ്ചുതെങ്ങ്, വിചിത്ര - സെന്റ് ആൻഡ്രൂസ് ചിറ്റാറ്റുമുക്ക് എന്നിവരേയും കെസിഎസ്എൽ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ അധ്യക്ഷതയിൽ ചേർന്ന ആനിമേറ്റേഴ്സ് - ലീഡേഴ്സ് മീറ്റിൽ വച്ച് തെരഞ്ഞെടുത്തു.




*കെസിഎസ്എൽ അതിരൂപത ഭാരവാഹികൾ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസ് പ്രസിഡന്റ് ഡാമിയൻ ജോസ്, ഓർഗനൈസർ ആന്റണി ക്ലമന്റ്, സിസ്റ്റർ ലിസ്ന എന്നിവരോടൊപ്പം*

അതിരൂപത ജൂഡീഷ്യൽ വികാർ ഫാ. ജോസ് ജി. ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. കെസിഎസ്എൽ പ്രസിഡന്റ് ഡാമിയൻ ജോസ്, ഓർഗനൈസർ ആന്റണി ക്ലമന്റ്, സിസ്റ്റർ ലിസ്ന എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. തുടർന്ന് ആനിമേറ്റേഴ്സിന്റെ ഉത്തരവാദിത്തവും കടമകളും എന്ന വിഷയത്തിൽ ജോജിയും ലീഡർഷിപ്പിൽ സുജിത്ത് പുതുക്കുറിച്ചിയും ക്ലാസുകൾ നയിച്ചു.

# സഹയാത്രി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: പഠന പ്രക്രിയയിൽ വിദ്യാർഥികളെ അനുധാവനം ചെയ്ത് വിദ്യാഭ്യാസത്തിൽ അവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ലത്തീൻ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതി രൂപം നൽകിയ 'സഹയാത്രി' എന്ന പദ്ധതിക്ക് തുടക്കമായി. സഹയാത്രി സംസ്ഥാന പിന്നോക്ക വികസന കമ്മിഷൻ അംഗം ഡോ. എ.വി.ജോർജ്ജ് ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യപുരോഗതി സാധ്യമാകുന്നുവെന്നും എസ്എസ്എൽസിക്കുശേഷം പ്ലസ്ടു, ഡിഗ്രി തലത്തിൽ വിദ്യാർഥികൾ താരതമ്യേന കുറഞ്ഞ നിലവാരത്തിലേക്ക് പോകുന്നുവെന്നും ഇതിന് മാറ്റം വരുത്താൻ അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷയുടെ സഹയാത്രി പോലുള്ള പദ്ധതികൾക്ക് കഴിയുമെന്നും ഡോ. എ.വി.ജോർജ് പറഞ്ഞു.

യോഗത്തിൽ അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. മെൽക്കൺ അധ്യക്ഷത വഹിച്ചു. മരിയൻ എൻജിനീയറിംഗ് കോളേജ് മാനേജർ, ഫാ. വിൽഫ്രഡ്, ശേഷൻസ് അക്കാദമി ഡയറക്ടർ കുരുവിള സാമുവേൽ എന്നിവർ പ്രസംഗിച്ചു. സ്വബോധവും ജീവിതലക്ഷ്യവും. പഠനശീലങ്ങളും എന്ന വിഷയത്തിൽ എസ്എസ്എൽസി, സിബിഎസ്ഇ, ഐസിഎസ്ഇ എന്നീ പരീക്ഷകളിൽ 80 ശതമാനത്തിലേറെ മാർക്ക് വാങ്ങി വിജയിച്ച കുട്ടികൾക്കായി ലിറ്റി ലൂസിയ സൈമൺ, ജോയി ജോൺ എന്നിവർ ക്ലാസുകൾ നയിച്ചു.




*തിരുവനന്തപുരം ലത്തീൻ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതി രൂപം നൽകിയ 'സഹയാത്രി' എന്ന പദ്ധതിയുടെ ഉദ്ഘാടനം സംസ്ഥാന പിന്നോക്ക വികസന കമ്മിഷൻ അംഗം ഡോ. എ.വി.ജോർജ് നിർവഹിക്കുന്നു*

## കെസിഎസ്എൽ പ്രവർത്തനോത്സവം

തിരുവനന്തപുരം: കെസിഎസ്എൽ അതിരൂപതാ ബാലവേദിയുടെ പ്രവർത്തനോത്സവവും സംഗമവും ശംഖുമുഖം സെന്റ് പീറ്റേഴ്സ് സ്കൂളിൽ വച്ച് അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. കെസിഎസ്എൽ അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്കൂൾ മാനേജർ ഫാ. ലാസർ ബനഡിക്ട്, ഹെഡ്മിസ്ട്രസ് ജനവീവ് ഡി. സിൽവ, കെസിഎസ്എൽ പ്രസിഡന്റ് ഡാമിയൻ, തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് കളിയും ചിന്തയും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ക്ലാസിന് സിസ്റ്റർ സുനിത നേതൃത്വം നൽകി.



*കെസിഎസ്എൽ അതിരൂപതാ ബാലവേദി അംഗങ്ങൾ അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ്, ശംഖുമുഖം സെന്റ് പീറ്റേഴ്സ് സ്കൂൾ മാനേജർ ഫാ. ലാസർ ബെനഡിക്ട്, സ്കൂൾ ഹെഡ്മിസ്ട്രസ് ജനവീവ് ഡി. സിൽവ എന്നിവരോടൊപ്പം*

## വിദ്യാഭ്യാസ ഏകദിന സെമിനാർ

തൂത്തൂർ: തൂത്തൂർ ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ അധ്യാപകർക്കായി സംഘടിപ്പിച്ച ഏകദിന സെമിനാർ തൂത്തൂർ ഫെറോനാ വികാരി ഫാ. ആൻഡ്രൂ കോസ്മോസ് ഉദ്ഘാടനം ചെയ്തു. ഡോ. റുഡോൾഫ് മരിയ ഡെൻഫിൻ സെമിനാറിന് നേതൃത്വം നൽകി. ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ ഫാ. ആൻസൽ ആന്റണി പ്രസംഗിച്ചു. സെമിനാറിനോടനുബന്ധിച്ച് അധ്യാപകർ കൾച്ചറൽ പരിപാടികളും അതരിപ്പിച്ചു.



*പേട്ട ഫൊറോനാ-റ്റിഎസ്എസ്എസ് പുഷ്പഗിരി ഇടവക യൂണിറ്റ് കാരക്കോണം മെഡിക്കൽ കോളേജിന്റെ സഹായത്തോടെ നടത്തിയ സൗജന്യ നേത്രപരിശോധനാ ക്യാമ്പ്*






*തൂത്തൂർ ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ അധ്യാപകർക്കായി സംഘടിപ്പിച്ച ഏകദിന സെമിനാർ തൂത്തൂർ ഫെറോനാ വികാരി ഫാ. ആൻഡ്രൂ കോസ്മോസ് ഉദ്ഘാടനം ചെയ്തുപ്രസംഗിക്കുന്നു*



*തിരുവനന്തപുരം ലത്തീൻ അതിരൂപതാ വൈദികരായി അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ കൈവെയ്പ് ശുശ്രൂഷ വഴി പൗരോഹിത്യം സ്വീകരിച്ച ജിം കാർവിൻ റോച്ച് – വള്ളവിള, അജിത് ആന്റണി, തെക്കേ കൊല്ലംകോട് എന്നിവർ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് വികാരി ജനറൽ മോൺ. സി.ജോസഫ് എന്നിവരോടൊപ്പം. ഡീക്കൻ പദവിയിലെത്തിയ  ടൈസൺ ടൈറ്റസിനെയും കാണാം.*

## കൊയ്ത്തൂർക്കോണം ഇടവകയിൽ കെ.എൽ.എം യൂണിറ്റ് രൂപീകരിച്ചു

കൊയ്ത്തൂർക്കോണം: കൊയ്ത്തൂർക്കോണം ഇടവകയിലെ വിവിധയിനം തൊഴിലാളികളെ ഉൾപ്പെടുത്തി കെ.എൽ.എം യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കെ.എൽ.എം രൂപത കോർഡിനേറ്റർ കെ.എൽ.എമ്മിന്റെ ദർശനം, ദൗത്യം, കർമ്മപരിപാടികൾ എന്നിവയെക്കുറിച്ച് ക്ലാസ്സെടുത്തു. തുടർന്ന് യൂണിറ്റ് ഭരണ സമിതി അംഗങ്ങളെയും തെരെഞ്ഞെടുത്തു. റീജിയണൽ ആനിമേറ്റർ മേഴ്സി നേതൃത്വം നൽകി.

# കെസിവൈഎം പഠനസഹായം 'കൂടെ' വിതരണം ചെയ്തു

തിരുവനന്തപുരം: കെസിവൈഎം സംസ്ഥാന സമിതിയുടെയും തിരുവനന്തപുരം അതിരൂപതാ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ഓഖി ദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 10 വിദ്യാർഥികൾക്കുള്ള തുടർ പഠന സാമ്പത്തിക സഹായം വിതരണം ചെയ്തു. കെസിബിസി യൂത്ത് കമ്മിഷൻ വൈസ് ചെയർമാനും തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാനുമായ ബിഷപ്പ് ഡോ. ക്രിസ്തുദാസ് പഠനസഹായ വിതരയണം ചെയ്തു. കെസിവൈഎം (ലാറ്റിൻ സംസ്ഥാന പ്രസിഡന്റ്) അജിത് കെ.തങ്കച്ചന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കെസിവൈഎം തലശേരി അതിരൂപതാ പ്രസിഡന്റ് സിജോ കണ്ണേഴത്ത് വിശിഷ്ട അതിഥിയായി. തിരുവനന്തപുരം ലത്തീൻ അതിരൂപതാ പ്രസിഡന്റ് ഷൈജു റോബിൻ, രൂപതാ ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ് കെസിവൈഎം (ലാറ്റിൻ ) സംസ്ഥാന ഡയറക്ടർ ഫാ. പോൾ സണ്ണി, ഇമ്മാനുവേൽ മൈക്കിൾ എന്നിവർ പ്രസംഗിച്ചു.



**കെഎൽഎം കൊയ്ത്തൂർക്കോണം യൂണിറ്റ് അംഗങ്ങൾ ഇടവകവികാരി ഫാ. റിച്ചാർഡ് സക്കറിയയോടൊപ്പം**




പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി റ്റി.എസ്.എസ്.എസിന്റെയും കെസിവൈഎം തിരുവനന്തപുരം അതിരൂപതാ സമിതിയുടെയും ആഭിമുഖ്യത്തിൽ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും സംഭരിച്ച സാധന സാമഗ്രികൾ നിലമ്പൂർ, കണ്ണൂർ, ചങ്ങനാശേരി എന്നിവിടങ്ങളിലേക്ക് കയറ്റി അയച്ചപ്പോൾ. കെസിവൈഎം റ്റി.എസ്.എസ്.എസ്. പ്രവർത്തകർ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് റ്റി.എസ്എസ്എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് എന്നിവരോടൊപ്പം.



കേരള സോഷ്യൽ സർവീസ് ഫോറ (ദർശൻ സംസ്ഥാന വിമൻ ഫോറം)ത്തിന്റെ സംസ്ഥാന എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഡോളി ഫ്രാൻസിസ്. തിരുവനന്തപുരം ലത്തീൻ അതിരൂപതാ പാളയം ഇടവകാംഗമാണ് ഡോളി.



മരുഭൂമിയിലെ ശബ്ദം മാസിക നടത്തിയ ലേഖന മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ഇഗ്നേഷ്യസ് തോമസ് തിരുവനന്തപുരം




തിരുവനന്തപുരം ലത്തീൻ അതിരൂപതാ കെസിവൈഎം അർധവാർഷിക സെനറ്റിൽ കെസിവൈഎമ്മിന്റെ പ്രവർത്തന മാർഗരേഖ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. പ്രകാശനം ചെയ്യുന്നു



ടിഎസ്എസ്എസ് അതിജീവനം പദ്ധതിയുടെ ഭാഗമായി വലിയവേളി ഇടവകയിൽ നടപ്പാക്കുന്ന ഭവന പുനർനിർമാണ പദ്ധതിക്കുള്ള ധനസഹായം ഇടവക വികാരി ഫാ. യേശുദാസൻ മത്യാസ് വിതരണം ചെയ്യുന്നു

# ലോകത്ത് വിശപ്പുമാറ്റാനാവാതെ 82 കോടി പേർ



ലോകത്ത് പോയവർഷം ഭക്ഷണത്തിന് ബുദ്ധിമുട്ടിയത് 82.1 കോടി പേർ. തുടർച്ചയായ മൂന്നാംവർഷവും ഒരുനേരത്തെ ആഹാരത്തിനുപോലും വഴിയില്ലാത്തവരുടെ എണ്ണം ലോകത്ത് വർധിക്കുകയാണെന്ന റിപ്പോർട്ട് കഴിഞ്ഞദിവസമാണ് യു.എൻ. പുറത്തുവിട്ടത്. പോഷകാഹാരക്കുറവും മേൽവർഷങ്ങളെ അപേക്ഷിച്ച് 2015 മുതൽ വർധിച്ചിട്ടുണ്ട്. പത്തുവർഷം മുമ്പ് ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതി കാണിച്ചിരുന്നു. ആഭ്യന്തരയുദ്ധങ്ങളും കാലാവസ്ഥാവ്യതിയാനവുമാണ് പട്ടിണിക്കും പോഷകാഹാരക്കുറവിനും പ്രധാന കാരണമായി പറയുന്നത്.

2017ൽ 81 കോടി പേരായിരുന്നു ഒരുനേരത്തെ ആഹാരംപോലും ഉറപ്പില്ലാത്തവർ. 2030ഓടെ വിശപ്പില്ലാത്ത ലോകം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കടുത്ത വെല്ലുവിളിയാണ് യു.എൻ. നേരിടേണ്ടിവരികയെന്ന് വേൾഡ് ഫുഡ് പ്രോഗ്രാം തലവൻ ഡേവിഡ് ബീസ്ലി പറഞ്ഞു.

മോശം പ്രവണതയാണ് ഇപ്പോഴത്തേത്. ഭക്ഷ്യസുരക്ഷയില്ലാതെ സമാധാനവും സ്ഥിരതയും നേടിയെടുക്കാനാവില്ല. പട്ടിണിമൂലം ലോകത്ത് കുഞ്ഞുങ്ങളടക്കം മരിക്കുമ്പോഴും ബ്രെക്സിറ്റിനും ഡൊണാൾഡ് ട്രംപിനും ചുറ്റുമാണ് ലോകമാധ്യമങ്ങൾ ബീസ്ലി വിമർശിച്ചു. മനുഷ്യരുടെ വിശപ്പാണ് ഭീകരവാദികൾ മുതലെടുക്കുന്നതെന്നും സമൂഹത്തെ വിഭജിക്കാനും സംഘടനയിലേക്ക് പുതുതായി ആളുകളെ ചേർക്കാനും അവർ അത് ഉപയോഗപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

ദ സ്റ്റേറ്റ് ഓഫ് ഫുഡ് സെക്യൂരിറ്റി ആൻഡ് ന്യൂട്രീഷ്യൻ ഇൻ ദ വേൾഡ് എന്ന പേരിലാണ് റിപ്പോർട്ട് യു.എൻ. അവതരിപ്പിച്ചത്. യു.എൻ. ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ(എഫ്.എ.ഒ.) ലോകാരോഗ്യസംഘടന, വേൾഡ് ഫുഡ് പ്രോഗ്രാം തുടങ്ങിയ യു.എന്നിന്റെ വിവിധ ഏജൻസികൾ ചേർന്നാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

### പോഷകാഹാരക്കുറവ് കൂടുതൽ ആഫ്രിക്കയിൽ

ആഫ്രിക്കയിലാണ് പോഷകാഹാരക്കുറവ് അപകടകരമായ അവസ്ഥയിലുള്ളതെന്ന് റിപ്പോർട്ട് പ്രത്യേകം പരാമർശിക്കുന്നു. അവിടെ ജനസംഖ്യയുടെ 20 ശതമാനത്തോളമാണ് പോഷകാഹാരക്കുറവ് നേരിടുന്നത്. ഏഷ്യയിൽ ഇത് 12 ശതമാനവും ലാറ്റിൻ അമേരിക്ക, കരീബിയ എന്നിവിടങ്ങളിൽ ഏഴുശതമാനവുമാണ്. ലോകത്ത് മതിയായ ഭക്ഷണവും പോഷകാഹാരവും ലഭിക്കാത്തവരിൽ എട്ടുശതമാനവും വടക്കേ അമേരിക്കയിലും യൂറോപ്പിലുമാണ്. പോഷകാഹാരക്കുറവാണ് ഇവർ നേരിടുന്ന വലിയ വെല്ലുവിളി. ലോകത്ത് 15 കോടിയോളം കുട്ടികൾ മതിയായ ആഹാരം ലഭിക്കാതെ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതായും റിപ്പോർട്ട് പറയുന്നു

## ദമ്പതീസംഗമം നടത്തി

പുല്ലുവിള: പുല്ലുവിള ഫൊറോനയിലെ ദമ്പതികളുടെ സംഗമം പുതിയതുറ ഇടവകയിൽ സംഘടിപ്പിച്ചു. ഫോറോനാ വൈദിക കോർഡിനേറ്റർ ഫാ. ആൻഡ്രൂസ് ഐവിഡിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദമ്പതീ സംഗമത്തിൽ കുട്ടികളുടെ വളർച്ചയും മാതാപിതാക്കളുടെ പങ്കും എന്ന വിഷയത്തിൽ അതിരൂപതാ കുടുംബശുശ്രൂഷാ ഡയറക്ടർ ഡോ. എ.ആർ.ജോണും കുടുംബബജറ്റ് എങ്ങനെ ചിട്ടപ്പെടുത്താം എന്ന വിഷയത്തിൽ മേനംകുളം ബിഎഡ് കോളേജ് പ്രിൻസിപ്പാൾ ഡോ. ശോഭയും ക്ലാസുകൾ നയിച്ചു.



*ദമ്പതീസംഗമത്തിൽ പങ്കെടുത്തവർ ഡോ. എ.ആർ.ജോൺ, ഫാ. ആൻഡ്രൂ ഐവിഡി എന്നിവരോടൊപ്പം*

# പ്രത്യാശയുടെ ദാസിമാർ



**വിശുദ്ധ ജോസഫൈൻ ബക്കിത്ത**
*പ്രത്യാശയുടെ ദാസിമാരുടെ സ്വർഗീയ മധ്യസ്ഥ*

പ്രത്യാശയുടെ പൊൻകിരണങ്ങൾ ഭൂവിൽ തിമർത്തു പെയ്തൊരു മഴ പോലെ, സ്വർഗം തന്റെ കനിവാൽ കൃപയുടെ വാതായനങ്ങൾ മലർക്കെ തുറന്നിട്ട സുന്ദരനിമിഷം.

"ഇതാ കർത്താവിന്റെ ദാസി നിന്റെ വചനംപോലെ എന്നിലാകട്ടെ."

തിരുവനന്തപുരം അതിരൂപതയുടെ ചരിത്രത്താളുകളിൽ ആലേഖനം ചെയ്യപ്പെട്ട അവിസ്മരണീയ ദിനമായിരുന്നു 2008 ഡിസംബർ 8. ദൈവകൃപയാൽ ഏറെ അനുഗ്രഹീതയാണ് നമ്മുടെ അതിരൂപത. ദൈവസ്നേഹത്തിന്റെ തലോടലും ദൈവാത്മാവിന്റെ പ്രചോദനങ്ങളും അതിരൂപതയിലൂടെ നാം നിർലോഭം അനുഭവിക്കുന്നു. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളും വിവിധ ശുശ്രൂഷാസമിതികളും പങ്കാളിത്ത സംവിധാനങ്ങളും അല്മായശക്തീകരണശ്രമങ്ങളും നമുക്ക് പ്രത്യാശയുടെ അടയാളങ്ങളാണ്. ഒപ്പം അർപ്പണബോധവും സേവനസന്നദ്ധതയുമുള്ള കൂടുതൽ സഭാശുശ്രൂഷകർ ആവശ്യമാണെന്ന് അതിരൂപത തിരിച്ചറിഞ്ഞു. ഇത് ഉത്സാഹത്തിന്റെയും സാഹസികതയുടെയും വിശ്വാസത്തിന്റെയും മാത്രമല്ല, ലോലമായ ഉറപ്പുകളുടെയും തൽക്ഷണകവനങ്ങളുടെയും കയ്പേറിയ ഇച്ഛാഭംഗങ്ങളുടെയും ഒരു സമയം കൂടിയായിരിക്കുന്നു.



**ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം**
*പ്രത്യാശയുടെ ദാസിമാർ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ*

## പ്രത്യാശയുടെ വാതായനം

1987 അതിരൂപത സുവർണ ജൂബിലി ആഘോഷവേള മുതൽ അതിരൂപതയ്ക്ക് സ്വന്തമായി ഒരു സന്യാസിനിസമൂഹം എന്ന ചിന്ത പലവേദികളിൽ തെളിഞ്ഞുവന്നു. പരിശുദ്ധാത്മാവിന്റെ ഉൽക്കടമായ പ്രേരണയ്ക്കും വ്യക്തമായ അടയാളങ്ങൾക്കുംവേണ്ടി അതിരൂപത അധ്യക്ഷനോടൊപ്പം വിശ്വാസ സമൂഹവും പ്രാർത്ഥനയോടെ കാത്തിരുന്നു. ദൈവമഹത്വത്തിനായും മാനവരക്ഷയ്ക്കായും 'പ്രത്യാശയുടെ ദാസിമാർ' എന്ന സന്യാസിനി സമൂഹം നീണ്ട കാത്തിരിപ്പിനുശേഷം ദൈവകൃപയാൽ രൂപംകൊണ്ടു.

പരിശുദ്ധ ബനഡിക്ട് 16-ാമൻ പാപ്പയുടെ 'പ്രത്യാശയിൽ രക്ഷ' എന്ന ചാക്രികലേഖനത്തിന്റെ അരൂപി ഉൾക്കൊണ്ടുകൊണ്ട് 2008 ഡിസംബർ 8 ന് പ്രത്യാശയുടെ ദാസിമാർ എന്ന സന്യാസിനി സമൂഹത്തിന് രൂപം നൽകുകയും പുതുക്കുറിച്ചി ഫെറോനയിലെ വെട്ടുതുറ ഇടവകയിൽ ആദ്യഭവനമായ 'ബക്കീത്തഭവൻ' ആശീർവദിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നടത്തുകയും ചെയ്തു. പ്രത്യാശയുടെ ദാസിമാരുടെ സ്ഥാപകനായ അതിരൂപത മെത്രാപ്പൊലീത്ത അഭിവന്ദ്യ സൂസപാക്യം പിതാവ് കൗൺസിലിനോട് ആലോചിച്ചശേഷം, ദൈവഹിതത്തിന് സമ്പൂർണസമർപ്പണം ചെയ്ത പരിശുദ്ധ കന്യകാമറിയത്തെ സഭയുടെ മാതൃകയാക്കുകയും പ്രത്യാശ സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയ ആഫ്രിക്കയിലെ വി.ബക്കീത്തയെ സന്യാസസഭയുടെ സ്വർഗീയ മധ്യസ്ഥയായി സ്വീകരിക്കുകയും ചെയ്തു. കാലഘട്ടത്തിന്റെ ആവശ്യം ദൈവഹിതമായി സ്വീകരിച്ചുകൊണ്ട് അതിരൂപതയുടെ ശുശ്രൂഷകളെ സഹായിക്കുവാൻ 2019 മെയ് 20 ന് പുതിയൊരു ഭവനം ദൈവകൃപയാൽ സ്ഥാപിതമായി.

## ദൈവാത്മാവിനാൽ നയിക്കപ്പെടുമ്പോൾ

പ്രത്യാശയുടെ ദാസിമാർ എന്ന പേരോടുകൂടി തന്നെ പുതിയ ഭവനം വെള്ളയമ്പലം ആനിമേഷൻ സെന്ററിന് സമീപത്തായി സ്ഥിതിചെയ്യുന്നു. പ്രതിസന്ധികളെ അതിജീവിച്ച് പോരായ്മകളെ വെല്ലുവിളികളായി സ്വീകരിച്ചുകൊണ്ട് 15 സന്യാസിനികളും 11 സന്യാസ അർത്ഥിനികളും അടങ്ങുന്ന 'പ്രത്യാശയുടെ ദാസിമാർ' തങ്ങളുടെ സിദ്ധിക്ക് അനുസൃതമായി തങ്ങളെ തന്നെ പ്രത്യാശയിൽ ആഴപ്പെടുത്തികൊണ്ടും കണ്ടുമുട്ടുന്നവരിൽ ഉത്ഥിതന്റെ പ്രത്യാശ നൽകിക്കൊണ്ടും മുന്നേറുന്നു. അതിരൂപതയിലെ കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥയിൽ വിശ്വാസപരിപോഷണം നൽകി ശുശ്രൂഷാസമിതികളുടെ സഹായത്തോടെ സമഗ്രമായ വളർച്ചയിലേക്ക് ഇടവക കുടുംബത്തെ നയിക്കാൻ ഹോം മിഷനിൽ 5 സിസ്റ്റേഴ്സ് ദൈവജനത്തിനായി ശുശ്രൂഷ ചെയ്യുന്നു. കുട്ടികളുടെ സംരക്ഷണവും വിദ്യാഭ്യാസ-കായിക-സാംസ്കാരിക വളർച്ചയും മുന്നിൽ കണ്ടുകൊണ്ട് രണ്ട് സിസ്റ്റേഴ്സ് ലെനി പീറ്റേഴ്സ് ഹോമിലും തങ്ങളുടെ നിസ്വാർത്ഥ സേവനം കാഴ്ചവയ്ക്കുന്നു. അതിരൂപത സാമൂഹിക ശുശ്രൂഷയുടെ ഭാഗമായി രണ്ട് സിസ്റ്റേഴ്സ് റ്റിഎസ്എസ്എസിൽ ശുശ്രൂഷ ചെയ്യുന്നു. കുടുംബങ്ങളുടെ മുന്നേറ്റത്തിനായി കുടുംബശുശ്രൂഷയിൽ 2 സിസ്റ്റേഴ്സ് തങ്ങളുടെ ഊഷ്മളമായ സേവനമനുഷ്ഠിക്കുന്നു. കുടുംബങ്ങളുടെ നവീകരണത്തിനായി രണ്ട് സിസ്റ്റേഴ്സ് അതിരൂപതാ ധ്യാനകേന്ദ്രമായ അനുഗ്രഹഭവനിൽ സേവനം ചെയ്യുന്നു.

ഒരിക്കലും ഓർമകളുടെ വർണതാളുകളിൽ നിന്ന് മാഞ്ഞുപോകാനാവാത്തവിധം വിസ്മയങ്ങളുടെ വിരുന്നൊരുക്കി ദൈവം ഈ സന്യാസ സമൂഹത്തെ വഴിനടത്തട്ടെ എന്നാണ് പ്രാർത്ഥന.

**- സി. റീഷ്മ**
പ്രത്യാശയുടെ ദാസിമാർ



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ


നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ

ആണ്ടുവട്ടം 23-ാം ഞായർ (സെപ്തംബർ 8)

## ക്രിസ്തു ശിഷ്യനാകാൻ


ജ്ഞാനം 9: 13-18 | ഫിലേ. 1: 9-10, 12-17 | ലൂക്ക. 14: 25-33



യേശുവിന്റെ ശിഷ്യനാകണമെങ്കിൽ സ്വന്തം ജീവൻ സമർപ്പിക്കാൻ തയ്യാറായിരിക്കണം. വിശ്വാസത്തെ പ്രതി ഇന്നത്തെ സാഹചര്യത്തിൽ ജീവൻ ഹോമിക്കാൻ ഒരു ക്രിസ്തുശിഷ്യൻ തയ്യാറാകണം.

ശില്പിയായ ഒരു സന്യാസിയെതേടി ആൾക്കാർ എപ്പോഴും ആശ്രമത്തിലെത്താറുണ്ട്. അയാളുടെ ശില്പങ്ങളുടെ സൗന്ദര്യം ആസ്വദിക്കുകയും ആ സന്യാസിയെ ഒരു നോക്ക് കാണുകയുമാണ് മിക്ക സന്ദർശകരുടെ ലക്ഷ്യം. ഒരിക്കൽ മൂന്ന് വിദ്യാർത്ഥികൾ അയാളെ കാണാനെത്തി. ശില്പങ്ങളെ കണ്ടുകഴിഞ്ഞിട്ടും ആശ്രമത്തിൽത്തന്നെ തങ്ങിയ അവരോട് ആ സന്യാസി ചോദിച്ചു: ഇനിയെന്താണ് നിങ്ങൾക്കു വേണ്ടത്? ഒന്നാമൻ പറഞ്ഞു: അങ്ങ് സുന്ദരശില്പങ്ങൾ നിർമ്മിക്കുന്ന അങ്ങയുടെ ഉളിയും ചുറ്റികയും വേണം. സന്യാസി മറുപടി പറഞ്ഞു: നീ ചോദിക്കുന്നത് എന്റെ കലാനൈപുണ്യമാണ്. എന്താണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ രണ്ടാമന്റെ മറുപടി ഉടനെ വന്നു: എനിക്ക് അങ്ങയുടെ ശിലയാകണം. അവനെ അനുഗ്രഹിച്ചുകൊണ്ട് സന്യാസി പറഞ്ഞു: നിനക്കെന്റെ അനുഗ്രഹമുണ്ടാകും. സന്യാസി മൂന്നാമനെ നോക്കി അയാൾ പറഞ്ഞു: എനിക്ക് ശിലകളുടെ ഉടമസ്ഥനായ ശില്പിയെ വേണം. ജലഹർഷത്തോടെ സന്യാസി അവനെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു: വർഷങ്ങളായി ഇങ്ങനെയൊരാളെയാണ് ഞാൻ കാത്തുകൊണ്ടിരുന്നത്. ശില്പിയാകണമെങ്കിൽ ശിഷ്യൻ അവനിലെ "ഞാൻ" കളയുകയും, അവനിൽ ശില്പിയുടെ മനസ്സും, ആത്മാവും, ഹൃദയം കൊണ്ട് നിറക്കുകയും ചെയ്യണം.

ഞാൻ നീയായി മാറുന്നതാണ് യഥാർത്ഥ ശിഷ്യത്വം. എന്നിൽ ഞാനില്ല നീയെന്ന ഒരാൾ മാത്രം! യഥാർത്ഥ ശിഷ്യത്വമെന്താണെന്ന് മനസ്സിലാക്കിയ പൗലോസ് പറയുന്നു: "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലീ 2:20). ഒരു ക്രിസ്തു ശിഷ്യന് തന്നെ ഉപേക്ഷിക്കാതെ ക്രിസ്തുവിനെയോ, സ്വർഗ്ഗത്തെയോ സ്വന്തമാക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ക്രിസ്തു പറയുന്നത്: സ്വന്തം ജീവനെ നഷ്ടപ്പെടുത്താതെ എന്റെ ശിഷ്യനാകാൻ ആർക്കും സാദ്ധ്യമല്ല. ദരിദ്രനായ ഒരാൾ സ്വർഗ്ഗവാതിൽക്കലെത്തി. വാതിലിൽ മുട്ടുകയും അത് തുറക്കപ്പെടുകയും ചെയ്തു. കാവൽക്കാരൻ: "നിങ്ങളുടേതായിട്ടുളളതെല്ലാം പുറത്തു കളഞ്ഞിട്ട് ഇവിടേക്ക് കയറാം." അയാൾ ചിരിച്ചു: "പൂർണ്ണ നഗ്നനായ ഒരാളോടാണോ ഇങ്ങനെ നിർദ്ദേശിക്കുന്നത്." കാവൽക്കാരൻ: "നിങ്ങൾ പൂർണ്ണ നഗ്നനായിരിക്കാം. പക്ഷേ നിങ്ങൾ ഉള്ളിൽ നിങ്ങളെ ചുമക്കുന്നുണ്ട്. നിങ്ങളുടെ ശരീരത്തിന് ഉള്ളിൽ ഇപ്പോഴും നിങ്ങൾ തന്നെയാണ്. അത് പുറത്തു കളയൂ. നിങ്ങൾക്ക് അകത്ത് പ്രവേശിക്കാം." ക്രിസ്തുവിനുവേണ്ടി എന്നിലെ ഞാനിനെ അനുദിനം ഉപേക്ഷിക്കണം. ക്രിസ്തുമൊഴി പൂർണ്ണാർത്ഥത്തിൽ മനസ്സിലാക്കിയ മദർ തെരേസ ഇങ്ങനെ പറയുന്നു. ക്രിസ്തു എന്നിൽ അനുനിമിഷവും ജനിക്കുവാൻ വേണ്ടി, എന്നിലെ "ഞാനിനെ" അനുനിമിഷം മരണപ്പെടുത്തി കൊണ്ടിരിക്കുന്നു. മറ്റു വാക്കുകളിൽ അനുദിനവും ഒരാൾ ക്രിസ്തുവിനുവേണ്ടി സഹിക്കണം. ക്രിസ്തു



വിനുവേണ്ടിയുള്ള സഹനമാണ് ഒരു ക്രിസ്ത്യാനിയുടെ അനുദിന കുരിശ്. ശിഷ്യത്വത്തെ കുറിച്ചു കുരിശിലെ വിശുദ്ധ യോഹന്നാൻ തന്റെ കവിതയിലൂടെ ഇങ്ങനെ വെളിപെടുത്തുന്നു! “പ്രീയനെ, സ്നേഹത്താൽ ഞാൻ മരിക്കുകയാണ് ഞാൻ എന്ത് ചെയ്യണം, പ്രീയൻ മറുപടി മൊഴിഞ്ഞു: എങ്കിൽ എന്റെ മാധുര്യ ഹൃദയമേ, മരിക്കുക ദൈവമല്ലാത്ത സർവ്വത്തിനോടും മരിക്കുക.” ദൈവത്തെ സ്വന്തമാക്കാൻ സർവ്വവും ഉപേക്ഷിക്കണം.

സുവിശേഷത്തിലെ ധനികനായ മനുഷ്യന്റെ ഹൃദയം ധനാസക്തിയിൽ മുഴുകിയിരുന്നു. ധനത്തെ ഉപേക്ഷിക്കാതെ അവൻ യേശുവിനെ സ്വന്തമാക്കാൻ നടത്തിയ ശ്രമം പാഴായിപോകുന്നു. ധനത്തെ ഉപേക്ഷിക്കാതെ ക്രിസ്തുവിനെ സ്വന്തമാക്കാൻ സാധിക്കുകയില്ലായെന്ന സത്യം അവനെ വേദനിപ്പിച്ചു. ക്രിസ്തു ശിഷ്യന് വേണ്ടത് ഭൗതിക വസ്തുക്കളോടുള്ള ആസക്തിയല്ല, ആത്മീയ വിഭവങ്ങളോടുള്ള കുറാണ്. അവന്റെ ഹൃദയം അഭിലഷിക്കേണ്ടത് ആത്മീയ വിഭവങ്ങൾ നല്കുന്ന തമ്പുരാനെ നോടായിരിക്കണം! ക്രിസ്തുവിനുവേണ്ടി തന്റെ ധനത്തെ നഷ്ടപ്പെടുത്തുവാൻ മുന്നോട്ടു വന്ന സക്കേവൂസ് യേശുവിന്റെ ശിഷ്യനായി. ക്രിസ്തുവിനുവേണ്ടി സർവ്വവും നഷ്ടപ്പെടുത്താൻ മുന്നോട്ടു വരുന്ന വ്യക്തിക്കു മാത്രമേ ക്രിസ്തുവിന്റെ ശിഷ്യനാകാൻ സാധിക്കുകയുള്ളൂ.

യേശുവിന്റെ ശിഷ്യനാകാൻ വെറുക്കണ്ടതുണ്ടോ? പ്രഥമവീക്ഷണത്തിൽ യേശു പറയുന്ന വാക്കുകൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. എന്നാൽ യേശുവിന്റെ സാംസ്കാരിക അന്തരീക്ഷത്തിലെ സംസാരരീതിയും ഉപയോഗിക്കുന്ന വാക്കുകളുടെ അർത്ഥവും മനസ്സിലാക്കിയാൽ യേശുവിന്റെ വാക്കുകൾ മനസ്സിലാക്കാൻ ആയാസപ്പെടേണ്ടി വരില്ല. വെറുക്കുക എന്ന പദത്തിന്റെ അർത്ഥം വിദ്വേഷത്തോടും, വൈരാഗ്യത്തോടും പെരുമാറുക എന്നല്ല. മറിച്ച്, വെറുക്കുക എന്ന പദത്തിന് “നീട്ടി വയ്ക്കുക”, രണ്ടാം സ്ഥാനം നല്കുക, “പ്രഥമസ്ഥാനം നല്കാതിരിക്കുക” ഉപേക്ഷിക്കുക എന്നും അർത്ഥങ്ങൾ ഉണ്ട്. യേശുവിന്റെ ശിഷ്യനാകുവാൻ ഒരുവൻ എന്തുകൊണ്ട് മാതാപിതാക്കളെയും, മക്കളേയും, സഹോദരങ്ങളേയും സ്വന്തം ജീവനെയും സ്നേഹിക്കേണ്ടതിനു പകരം വെറുക്കണം? ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണമെന്ന് കല്പിച്ച യേശുനാഥൻ (യോ. 15:12) എന്തുകൊണ്ട് സ്വന്തം മാതാപിതാക്കളെ, ഭാര്യയെ, മക്കളെ, സഹോദരങ്ങളെ വെറുക്കാൻ പറയുന്നു. ഇന്നത്തെ വചനഭാഗത്ത് വെറുപ്പുകൊണ്ട് യേശു അർത്ഥമാക്കുന്നത് സ്നേഹത്തിന്റെ വിപരീതപദമായിട്ടല്ല, മറിച്ച് വെറുപ്പെന്നത് സർവ്വതും സ്രഷ്ടാവിനായി ഉപേക്ഷിക്കലാണ്. ക്രിസ്തുബന്ധത്തിന് കുടുംബബന്ധം തടസ്സമാകുന്നുവെങ്കിൽ ആ ബന്ധം ഉപേക്ഷിക്കുവാനാണ് സുവിശേഷത്തിലൂടെ ക്രിസ്തുനാഥൻ ഉദ്ബോധിപ്പിക്കുന്നത്.

യേശുവിനുവേണ്ടി സ്വന്തം ഊരും ഉയിരും ഉടുതുണിയും ഉള്ളതെല്ലാം അടിയറവച്ചുകൊണ്ട് ഇറങ്ങിത്തിരിച്ച അസ്സീസിയിലെ സുമമായ ഫ്രാൻസിസ് യഥാർത്ഥ ക്രിസ്തുശിഷ്യനാണ്. കടലോരത്തു കണ്ട ഒരു അപരിചിതൻ കാഴ്ചയിൽ ഒരു ദൈവികൻ വളരെ പരിചിതനെപ്പോലെ കല്പിച്ചു: എന്നെ അനുഗമിക്കുക (മാർക്ക് 1:17). അവർ വള്ളവും വലയും പിതാവിനെയും കൂടെയുള്ളവരെയും ഉപേക്ഷിച്ചു (മാർക്ക് 1:19–20). അങ്ങനെ അവർ യേശുവിന്റെ ശിഷ്യന്മാരായി. യേശുവിന്റെ ശിഷ്യനാകണമെങ്കിൽ ഉടലിന് ഉന്മാദമേകുന്നതെല്ലാം ഉപേക്ഷിക്കാനാവണം. യഹൂദർക്ക് നിഷിദ്ധമായ ചുങ്കപ്പിരിവു നടത്തിയ ലേവി യഹൂദരുടെ കണ്ണിലെ കരടായിരുന്നു. റോമർക്കുവേണ്ടി യഹൂദരിൽനിന്ന് കഴുത്തിൽ കത്തിവയ്ക്കുന്ന രീതിയിലുള്ള ചുങ്കപ്പിരിവുകൊണ്ട് യഹൂദജനത്തെ ബുദ്ധിമുട്ടിപ്പിച്ചു. ബന്ധങ്ങൾക്കുപരിയായി, ദൈവത്തിനുപരിയായി ഒരുപക്ഷേ ലേവി തന്റെ ജീവിതത്തിൽ പ്രതിഷ്ഠിച്ചത് പണത്തെയായിരിക്കാം. എന്നാൽ യേശുവിന്റെ വിളി കേട്ട ലേവി തനിക്കുള്ളതെല്ലാം ഉപേക്ഷിച്ചു. തന്റെ പഴയ ജീവിതത്തെ പൂർണ്ണമായി ഉപേക്ഷിച്ചു. കാരണം ദൈവത്തെ നേടിയാൽ ജീവിതത്തിൽ എല്ലാം നേടി. അതുകൊണ്ട് യേശുവിന്റെ ശിഷ്യനാകാൻ അവന്റെ ഉപജീവനമാർഗ്ഗമായ ചുങ്കസ്ഥലം പോലും വിട്ടിട്ട്, അവന്റെ ഉയിരും ഉപേക്ഷിച്ചുകൊണ്ട് യേശുവിനെ അനുഗമിക്കുന്നു.

യേശുവിന്റെ ശിഷ്യനാകണമെങ്കിൽ സ്വന്തം ജീവൻ സമർപ്പിക്കാൻ തയ്യാറായിരിക്കണം. വിശ്വാസത്തെ പ്രതി ഇന്നത്തെ സാഹചര്യത്തിൽ ജീവൻ ഹോമിക്കാൻ ഒരു ക്രിസ്തുശിഷ്യൻ തയ്യാറാകണം. വാഴ്ത്തപ്പെട്ട ഗാബ്രാ മിഖായിലിനെപ്പോലെ നമുക്കും ഇങ്ങനെ പറാൻ സാധിക്കണം: എന്നെ കൊല്ലുകയാണെങ്കിൽ വിശ്വാസത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടു ഞാൻ മരിക്കും. ജീവിക്കാൻ അനുവദിക്കുകയാണെങ്കിൽ വിശ്വാസം പ്രഘോഷിച്ചുകൊണ്ടു ഞാൻ ജീവിക്കും. ഇന്ന് അനേകം ക്രിസ്തുശിഷ്യന്മാർ സ്വന്തം ജീവൻ യേശുവിനായി നൽകുന്നു. ജീവനോടെ ചുട്ടെരിച്ചു കൊന്ന പാസ്റ്റർ സ്റ്റെയിനും മക്കളും മുതൽ അമ്പെയ്തു കൊന്ന ഫാദർ അരുൾദാസ് വരെ ആ പട്ടിക നീളുന്നു. ശിഷ്യത്വത്തിന്റെ വിലയെന്നുള്ളത് ജീവന്റെ വില തന്നെയാണ്. അതിനാൽ ജീവൻ തന്നെ നൽകി യേശുശിഷ്യന്മാരാകാൻ നമുക്ക് സാധിക്കണം. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# ജനങ്ങളുടെ പിതാവ്

പുറ. 32: 7-11. 13-14 | 1. തിമോ. 1: 12-7 | ലൂക്ക. 15: 1-32



തെറ്റുകൾ സംഭവിക്കാം. തിരുത്താൻ മനസ്സുണ്ടാകണം. പുരമുകളിൽ കയറി സഭയെ അപകീർത്തിപ്പെടുത്തുകയല്ല; സഭയുടെ അന്തർധാരകൾ മനസ്സിലാക്കാൻ, സുവിശേഷത്തിന് മിഴിവേകാനാണ് നാം പരിശ്രമിക്കേണ്ടത്.

## മോശയുടെ വേഷപ്പകർച്ച

മലയിറങ്ങിവന്ന മോശ കണ്ടത് ഇസ്രായേലിന്റെ അട്ടഹാസങ്ങളാണ്. സ്വർണക്കാളക്കുട്ടിയുടെ ഉത്സവരാവ്. മോശ ദൈവം നല്കിയ രണ്ട് കല്പലകകൾ ഉടച്ചുകളഞ്ഞു. അതിൽ ഉടമ്പടികൾ എഴുതപ്പെട്ടിരുന്നു. ദൈവത്തേക്കാൾ കോപം മോശയിൽ ജ്വലിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് കാണാതായ ആടിന്റെ ഉപമ വായിക്കേണ്ടത്. നാണയം കളഞ്ഞുപോയിട്ടേ ഉള്ളൂ, അതിന്റെ മൂല്യം നഷ്ടപ്പെട്ടിട്ടില്ല, കല്പലകകൾ ഉടഞ്ഞിട്ടേയുള്ളൂ, അത് വീണ്ടും വാർത്തെടുക്കാം. ആട് കാണാതായിട്ടേ ഉള്ളൂ, ചത്തുപോയിട്ടില്ല. “നിരാശ എന്ന വാക്ക് എന്റെ പ്രസ്ഥാനത്തിലില്ല” എന്ന് ഗാന്ധിജി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. പ്രതീക്ഷയുടെ തടവുകാരൻ (പ്രസണർ ഓഫ് ഹോപ്പ്) എന്ന വിശേഷണവും ഗാന്ധിജിക്കുണ്ട്. ഉടയ്ക്കപ്പെട്ട കല്പലകകളിൽത്തന്നെയാണ് ദൈവം വീണ്ടും മോശക്ക് കല്പനകൾ എഴുതി നല്കുന്നത്.

## സഭയ്ക്ക് ആടുകൾ മാത്രമല്ല, ഇടയന്മാരും നഷ്ടപ്പെടുന്നു

കബീറിന്റെ ഒരു ദോഹയുണ്ട്.

“ബുരാ ജോ ദേഖൻ മേ ചലാ
ബുരാ ന മിലിയാ കോയി
ജോ ദിൽ ഖോജാ അപ്നോ
മുത്ധ് സേ ബുരാ ന കോയി”

അർത്ഥമിതാണ്: ചീത്ത മനുഷ്യനെ അന്വേഷിച്ച് ഞാൻ നടന്നു. ഒരു ചീത്ത മനുഷ്യനെയും കണ്ടുകിട്ടിയില്ല. എന്റെ ഉള്ളിലേക്കു നോക്കിയപ്പോൾ മനസ്സിലായി, എന്നെക്കാൾ ചീത്തയായി ആരുമില്ല!

മെച്ചപ്പെടാനുള്ള വഴി ഇതാണ് അവനവന്റെ ഉള്ളിലേക്ക് നോക്കുക. മറ്റുള്ളവരെയല്ല നോക്കേണ്ടത്. പാപികളിൽ ഒന്നാമനായിരുന്നിട്ടും കാരുണ്യം ലഭിച്ചു എന്നു പൗലോസ് അപ്പസ്തോലൻ പറയുന്നിടത്തും തന്നിലേക്കുള്ള ഈ തിരിച്ചു നടത്തമുണ്ട്. പീഡിപ്പിക്കുകയും അധിക്ഷേപിക്കുകയും ചെയ്തിട്ടും കർത്താവ് അവനോട് കാരുണ്യം കാണിച്ചു. പൗലോസിനെ ശുശ്രൂഷയ്ക്കായി നിയമിച്ചു. മോശ തുടങ്ങി ഓരോ ശുശ്രൂഷകരും ഈ പരിമിതികൾ ഉള്ളവരാണ്. സത്യസന്ധവും നീതിയുക്തവുമായ ഒരു ക്ഷേമസമൂഹത്തിനാണ് നാമെല്ലാവരും ശ്രമിക്കേണ്ടത്.

കാണാതായ ആടിന്റെ ഉപമയിലും കാണാതായ നാണയത്തിന്റെ ഉപമയിലും നഷ്ടപ്പെട്ടവരെ വീണ്ടെടുക്കാനുള്ള ത്വര ക്രിസ്തു പ്രകടിപ്പിക്കുന്നു. ആടിനെ അന്വേഷിക്കുന്നത് പുരുഷനും നാണയം അന്വേഷിക്കുന്നത് സ്ത്രീയുമാണ്. കണ്ടുകിട്ടുന്ന ആടിനെ ഇടയൻ തോളിലേറ്റുന്നു. സ്ത്രീ കണ്ടുകിട്ടിയ നാണയത്തെ മടിയിൽ തിരുകുന്നു. ഇരുവരും തങ്ങളുടെ സന്തോഷം മറച്ചു വയ്ക്കുന്നില്ല. എല്ലാവരെയും വിളിച്ചറിയിക്കുന്നു. മുറിവേറ്റ ആടുകളെ തോളിലെടുത്തു കൊണ്ടുവരുന്നത് ഇടയന്മാരുടെ സമൂഹത്തിൽ പതിവുള്ള കാഴ്ചയാണ്.

പത്തു നാണയത്തിൽ ഒരു നാണയം കാണാതാകുമ്പോൾ വിളക്കു കത്തിച്ച് അത് തിരയുന്ന വീട്ടമ്മ തന്റെ ഉറക്കമില്ലാത്ത അന്വേഷണത്തിലാണ്. കർത്താവിന്റെ ശുശ്രൂഷകർക്ക് ഈ ജാഗ്രതയും താല്പര്യവും ഉണ്ടാകണം. നമ്മുടെ ആലകളിൽനിന്ന് പലകാരണങ്ങൾകൊണ്ട് ആടുകൾ നഷ്ടപ്പെടുന്നുണ്ട്. ആടുകൾ മാത്രമല്ല ഇടയന്മാരും നഷ്ടപ്പെടുന്നുണ്ട്. കാനാൻ ദേശം ഒറ്റുനോക്കാൻപോയ ഇസ്രയേൽ മക്കളായ മോശയുടെ ചാരന്മാർ അന്നാട്ടിൽ നാൽപ്പതു ദിവസം ചുറ്റിനടന്നു. കാനാൻ എന്ന വാക്കിന് വ്യാപാരം, എളിമ എന്നീ അർത്ഥങ്ങളാണുള്ളത്. നമ്മുടെ ശരീരത്തിന്റെ പ്രതീകമാണ് കാനാൻ ദേശം. അവിടെ നമ്മൾ ഭൗതിക വസ്തുക്കൾ ആത്മീയാവരങ്ങളുമായും താൽക്കാലിക സംഗതികൾ നിലനിൽക്കുന്ന കാര്യങ്ങളുമായും വിനിമയം ചെയ്യുന്നു. ക്രിസ്തുവിനുവേണ്ടി എല്ലാം ഉപേക്ഷിച്ച് നിസ്വനായിത്തീരണം. “ചർമത്തിനുപകരം ചർമം.

തന്റെ ജീവനുവേണ്ടി മനുഷ്യൻ തനിക്കുള്ളതെല്ലാം ഉപേക്ഷിക്കും," എന്ന് ഇയ്യോബ് പാടുന്നുണ്ട്.

### വളർകോണിലെ മരണം

മൂന്നു കുന്തങ്ങൾ അബ്ശലോമിന്റെ നെഞ്ചിൽ കുത്തിയിറക്കിയവനാണ് യൊവാബ്. അബ്ശലോം എന്നാൽ സമാധാനത്തിന്റെ പിതാവ് എന്നാണർത്ഥം. യൊവാബ് എന്നാൽ ശത്രുവെന്നും. ആർത്തി, വ്യർത്ഥാഭിമാനം, ദുരാഗ്രഹം ഇവയാണ് ആ മൂന്നു കുന്തങ്ങൾ. അബ്ശലോമിലേക്ക് അത് തറയ്ക്കപ്പെട്ടപ്പോൾ ഉള്ളിലെ നന്മയെല്ലാം രക്തവും സ്രവവുമായി ഒലിച്ചിറങ്ങി. പ്രലോഭനത്തിൽ വീണ ആദാം തന്നെയാണ് അബ്ശലോം. അധികാരത്തിനുവേണ്ടി അബ്ശലോം കലാപം അഴിച്ചുവിട്ടു. ഓക്കുമരത്തിൽ തലമുടി കുരുങ്ങി തൂങ്ങിക്കിടന്ന അബ്ശലോമിനെ യൊവാബ് കുത്തിക്കൊന്നു. അതുപോലെ ബലിപീഠത്തിന്റെ വളർകൊണിൽ പിടിച്ചു കിടന്ന യൊവാബും അവിടെ വച്ചുതന്നെ കൊല്ലപ്പെട്ടു. പാപത്തിന് ഒന്നുകുറയാതെ പ്രതിഫലം ഉണ്ടാകും.

തെറ്റുകൾ സംഭവിക്കാം. തിരുത്താൻ മനസ്സുണ്ടാകണം. പുരമുകളിൽ കയറി സഭയെ അപകീർത്തിപ്പെടുത്തുകയല്ല; സഭയുടെ അന്തർധാരകൾ മനസ്സിലാക്കാൻ, സുവിശേഷത്തിന് മിഴിവേകാനാണ് നാം പരിശ്രമിക്കേണ്ടത്. വ്യക്തിയുടെ ഇമേജുകളുടെ നിർമാണത്തിലല്ല, സഭയെ സ്നേഹിക്കുകയും പരിലാളിക്കുകയും ചെയ്യുന്ന കരങ്ങളാകണം. ഭൂമിതന്നെ ഒരു വലിയ നുണയായി മാറുന്ന കാലത്തിരുന്നുകൊണ്ട്, ധനവും അധികാരവും വഴിപിഴക്കുന്ന ഒരു കാലത്തിരുന്നുകൊണ്ട്, അകത്തും പുറത്തും ആർത്തിയും പ്രലോഭനങ്ങളും തൊഴുത്തു വളരുന്ന ഒരു കാലത്തിരുന്നുകൊണ്ട് നമുക്ക് ആത്മീയതയുടെ അഗാധതയിലേക്ക് വിരൽ അമർത്താം. ■

## നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ആണ്ടുവട്ടം 25-ാം ഞായർ (സെപ്തംബർ 22)

# ധനമല്ല എന്റെ ദൈവം ദൈവമാണ് എന്റെ ധനം

ആമോ. 8:4-7 | 1 തിമോ. 2: 1-8 | ലൂക്ക. 16:1-13



സമ്പത്ത് അതിനാൽ തന്നെ തെറ്റായ ഒന്നല്ല. മറിച്ച് സമ്പത്തിനോടുള്ള അമിതമായ ആഭിമുഖ്യമാണ് എല്ലാ തിന്മകൾക്കും അടിസ്ഥാനം. ഇവിടെയാണ് അവസാനത്തിൽ കര്യസ്ഥൻ പ്രകടിപ്പിച്ചു

അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമ സുവിശേഷത്തിലെ ഏറ്റവും സങ്കീർണവും തെറ്റിദ്ധാരണ ഉണ്ടാക്കാനിടയുള്ളതുമായ ഉപമയാണ്. ഈ ഉപമയിൽ താരതമ്യപഠനത്തിനാണ് പ്രാധാന്യം. രൂപക കഥയിലെന്ന പോലെ കഥാപാത്രത്തിന്റെ ഓരോ പ്രവൃത്തിയും അനുകരിക്കേണ്ടതാണെന്ന രീതിയിൽ താരതമ്യം ചെയ്യരുത്. നെഗറ്റീവായ ഒരു ഉദാഹരണം അവതരിപ്പിച്ച് യേശു നമ്മെ ക്രിയാത്മകമായ ഒരു പാഠം പഠിപ്പിക്കുകയാണ് ഉപമയിലൂടെ.

എന്തനീതിയും പ്രവർത്തിച്ച് പിടിച്ച് നിൽക്കണം എന്ന സന്ദേശമല്ല ഉപമയുടേത്. അധാർമ്മിക സമ്പത്ത് നന്മയാണ് എന്ന ചിന്തയും ഉപമ നൽകുന്നില്ല. പാവങ്ങളുമായി പങ്കു വയ്ക്കുവാനും അങ്ങനെ നിത്യകൂടാരത്തിൽ പ്രവേശിക്കുവാനും ആഹ്വാനം ചെയ്യുന്നു.

കാര്യസ്ഥൻ അവസാനം ചെയ്ത പ്രവൃത്തിയുടെ വിവേകത്തെയും ബുദ്ധികൂർമ്മതയേയുമാണ് യജമാനൻ പ്രശംസിക്കുന്നത്. അവന്റെ നടപടിയെ അതേ സമയം ധാർമ്മികമോ അധാർമ്മികമോ എന്ന് തീർപ്പു കൽപ്പിക്കാൻ യജമാനൻ മുതിരുന്നില്ല. വിവേകപൂർവ്വം പ്രവർത്തിച്ച് യേശുവിന്റെ വിളിക്ക് പ്രത്യുത്തരം കൊടുക്കാനുള്ള ആഹ്വാനമാണ് ഉപമ നമുക്ക് നൽകുന്നത്. ബൈബിൾ പണ്ഡിതനായ ദെറത്തിന്റെ അഭിപ്രായത്തിൽ നമുക്കൊരു മാതൃക അവതരിപ്പിക്കുക എന്നതിനേക്കാൾ മനുഷ്യർ എപ്രകാരം പ്രവർത്തിക്കുന്നു എന്നു പറഞ്ഞു തരുന്ന ഭാവാത്മകമായ ഉപമയാണിത്.

ധനത്തിന്റെ ശരിയായ ഉപയോഗത്തെക്കുറിച്ചാണ് ഉപമ. നമ്മൾ അവിശ്വസ്തരായിപ്പോയിട്ടുണ്ടാകാം. അധാർമ്മികമായി സമ്പാദിച്ചുകൂട്ടിയവയായിരിക്കാം നമ്മുടെ കൈകളിൽ ഇപ്പോഴുള്ളത്. ആ സമ്പത്തുകൊണ്ട് സ്നേഹിതരെ നമ്മൾ നേടണം. അധാർമ്മിക സമ്പത്താണെങ്കിലും അത് ശരിയായി ഉപയോഗപ്പെടുത്തുന്നതിലൂടെയും പങ്കുവയ്ക്കുന്നതിലൂടെയും സ്നേഹിതരെ നേടാൻ നാം പരിശ്രമിക്കണം. സമ്പന്നർക്കും ദൈവരാജ്യത്തിൽ ഇടമുണ്ടെന്നറിയുക. ദരിദ്രരുമായി ഉള്ളത് പങ്കുവയ്ക്കുമ്പോഴാണ് സ്വർഗ്ഗത്തിൽ ഇടം ലഭിക്കുക. അധാർമ്മികമായി സമ്പാദിച്ചത് നാലിരട്ടിയായി തിരികെ നൽകി വിവേകിയാകാൻ ശ്രമിക്കുന്ന സക്കേവൂസിന്റെ പാഠം ഈ ഉപമയോട്

ചേർത്ത് വായിക്കാവുന്നതാണ് (ലൂക്കാ 19:1-10).

ഒരു സ്നേഹിതനെ എനിക്കറിയാം. ബെംഗളൂരുവിൽ ഐടി സെക്ടറിൽ ജോലി ചെയ്യുന്ന കണ്ണൻ. നാൽപതിനായിരമാണ് ശമ്പളം. എന്നിട്ടും മെട്രോ നഗരത്തിൽ ജീവിക്കുമ്പോൾ ജീവിതച്ചെലവ് രണ്ടായിരം രൂപയിൽ ഒതുക്കിനിർത്തുകയാണയാൾ. കുറച്ച് അവൽ വിളയിച്ചതാണ് മൂന്നു നേരങ്ങളിൽ അയാളുടെ ഭക്ഷണം. പെരുന്നാളും ഉത്സവവുമൊക്കെയാകുമ്പോൾ ആർഭാടമായി ഒരു ചെറു പഴം കൂടിയുണ്ടാകും. ഇങ്ങനെ അരഷ്ടിച്ച് ജീവിച്ച് അതേ നഗരത്തിലെ ആറോളം കുട്ടികളെ പ്രൊഫഷണൽ കോഴ്സിന് അയാൾ പഠിപ്പിക്കുന്നുണ്ട്. അവർക്ക് മാസാവസാനം മെസ് ഫീസ് അടയ്ക്കാനാണ് കണ്ണൻ, ഭഗവാനെപ്പോലെ അവലുമാത്രം ഭക്ഷിക്കുന്നത്. പങ്കുവയ്പിന്റെ ഉദാത്തമാതൃകയാകുന്നുണ്ട് കണ്ണൻ.

സമ്പത്ത് അതിനാൽ തന്നെ തെറ്റായ ഒന്നല്ല. മറിച്ച് സമ്പത്തിനോടുള്ള അമിതമായ ആഭിമുഖ്യമാണ് എല്ലാ തിന്മകൾക്കും അടിസ്ഥാനം. ഇവിടെയാണ് അവസാനം. കര്യസ്ഥൻ പ്രകടിപ്പിച്ച വിവേകം ഉണ്ടാകേണ്ടത്. ഒരുവന് ദൈവം കൂടുതൽ സമ്പത്ത് നൽകുന്നത് അവൻ വഴി മറ്റുള്ളവരിലേക്കും അത് എത്തിച്ചേരാനാണ്. നാം സമ്പത്തിന്റെ കര്യസ്ഥരാണെന്നും ഒരിക്കലും ഉടമസ്ഥരല്ലെന്നുമുള്ള ബോധ്യം ഉണ്ടാകണം. ഉടമസ്ഥനായ ദൈവത്തിന്റെ ഇഷ്ടത്തിന് അനുസരിച്ചാകണം അത് ഉപയോഗപ്പെടുത്തേണ്ടത്.

ഒരിക്കൽ സരോജിനി നായിഡു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. അടുത്തിരുന്ന ഒരു കന്യാസ്ത്രീയെ അവർ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. സംസാരമദ്ധ്യേ അവർക്കു മനസ്സിലായി ആ സിസ്റ്റർ ഫ്രഞ്ചുകാരിയാണെന്ന്. ഇന്ത്യയിൽ എത്തിയിട്ട് എത്ര വർഷമായെന്ന് നായിഡു ചോദിച്ചു. മുപ്പത്തിരണ്ടു വർഷമെന്ന് സിസ്റ്റർ പറഞ്ഞു. മാതാപിതാക്കൾ ജീവിച്ചിരിക്കുന്നോ എന്ന ചോദ്യത്തിന് ജീവിച്ചിരിപ്പുണ്ട് എന്നും മറുപടി കൊടുത്തു. ഫ്രാൻസിൽ നിന്നു പോന്നതിൽ പിന്നെ തിരിച്ച് അവിടെ പോയിട്ടില്ലേ എന്നായിരുന്നു അടുത്ത ചോദ്യം. ഇല്ലായെന്ന് സിസ്റ്റർ ഉത്തരം കൊടുത്തു. അടുത്തതായി ജോലി എന്താണെന്ന് നായിഡു ചോദിച്ചു. ഒരു അനാഥശാല നടത്തുകയാണ് എന്ന് സിസ്റ്റർ മറുപടിയും കൊടുത്തു. മാതാപിതാക്കളെ ഒന്നു പോയി കാണേണ്ടതായിരുന്നില്ലേ? പണമില്ലാത്തതിനാലാണോ പോകാതിരുന്നത്? എന്ന് സരോജിനി നായിഡു സിസ്റ്ററിനോട് അവസാനത്തെ ചോദ്യമെന്ന നിലയിൽ ആരാഞ്ഞു. വേണമെങ്കിൽ പണമുണ്ടാക്കാമായിരുന്നെന്നും പക്ഷേ അത്രയും പണം ഉണ്ടായിരുന്നെങ്കിൽ അനാഥാലയത്തിലെ തന്റെ കുട്ടികൾക്ക് എന്തെല്ലാം കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്താമെന്നും സിസ്റ്റർ നായിഡുവിനോടു പറഞ്ഞു. ആ വാക്കുകൾ നായിഡുവിനെ വളരെയേറെ സ്പർശിച്ചു. പിന്നീടൊരിക്കൽ തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി സ്വന്തം സന്തോഷങ്ങൾ മാറ്റി വെയ്ക്കുന്ന സിസ്റ്ററിനെക്കുറിച്ച് നായിഡു ഒരു ലേഖനം എഴുതി പ്രസിദ്ധീകരിച്ചുവത്രേ. പങ്കുവയ്പിന്റെ ഇത്തരം ഉദാത്തമാതൃകകൾ നമുക്കിന്ന് വെല്ലുവിളിയാണെന്ന് തിരിച്ചറിയുക. ■

ആണ്ടുവട്ടം 26-ാം ഞായർ (സെപ്തംബർ 29)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# അബ്രഹാത്തിന്റെ മടിത്തട്ട്

ആമോ. 6:1a-4-7 | 1 തിമോ. 6: 11-16 | ലൂക്ക. 16:19-31



ഓർമ്മിക്കുക, നാമോരുരുത്തരും മറ്റാർക്കോ വേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. എനിക്കു ലഭിക്കുന്ന സുഖസൗകര്യങ്ങൾ ദൈവത്തിന്റേതാണ്.

ധനവാന്റെ ആനന്ദത്തിന്റെ ഘടകങ്ങൾ സുവിശേഷം വ്യക്തമായി രേഖപ്പെടുത്തുന്നു. വസ്ത്രം ധരിക്കലും ഭക്ഷണം കഴിക്കലും അയാൾ ആഘോഷിച്ചിരുന്നു. നമ്മുടെ ജീവിതത്തിന് ആനന്ദം പകരുന്ന ഘടകങ്ങളെന്താണ്? മുട്ടിന് മുട്ടിന് ഉയർന്നു പൊങ്ങുന്ന ആഭരണശാലകളും, കമനീയമായ ടെക്സ്റ്റൈൽ ഷോറൂമുകളും നമ്മുടെ ആഡംബരത്തിന്റെ കൂടി രേഖാചിത്രങ്ങളാണ്. അവരൊക്കെ കടയും തുറന്ന് വെറുതെയിരിക്കുകയല്ല. അവിടെയൊക്കെ ധാരാളം ആളുകൾ പർച്ചെയ്സിങ്ങിനായി എത്തുന്നുണ്ട്. തിരുവനന്തപുരത്തെ ഒരു പ്രഗത്ഭ ഷോറൂമിൽ 7.4 ലക്ഷത്തിന്റെ സാരി വരെ വിൽക്കപ്പെടുന്നുണ്ടെന്ന് കേൾക്കുമ്പോൾ ഒരു കാര്യം നിശ്ചയമായും അനുമാനിക്കാം; അത്രയും വില കൂടിയ സാരികൾ വരെ നമ്മുടെ പെങ്ങന്മാരും അമ്മമാരും ഭാര്യമാരും ഉടുത്തുകൊണ്ട് നടക്കുന്നുണ്ട്. ഇന്നലെ ഞങ്ങൾ നാലു പേർ ഒരു ഹോട്ടലിൽ നിന്നും ഭക്ഷണം കഴിച്ചിട്ട്, 6,400 രൂപയായി എന്നൊരാൾ ഊറ്റം കൊള്ളുമ്പോൾ എങ്ങനെയാണ് നാം ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെയൊക്കെ പങ്കുവെയ്ക്കലിന്റെ കൂദാശയായ വി.കുർബാനയിൽ പങ്കുകൊള്ളുന്നത്.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി, സബർമതി തീരത്ത് വസിക്കുന്ന ഒരവ

സരം. ഒരു ദിവസം രാവിലെ കൂടെയുള്ള ഒരു സുഹൃത്തിനോട്, ഒരു ബക്കറ്റ് വെള്ളം പ്രഭാതകൃത്യങ്ങൾക്കായി, സബർമതിയിൽ നിന്നും എടുത്തു കൊണ്ടു വരാൻ ഗാന്ധിജി ആവശ്യപ്പെട്ടു. അയാളാകട്ടെ സന്തോഷപൂർവ്വം, ഒരു ബക്കറ്റ് വെള്ളം ഗാന്ധിജിക്കെടുത്തു കൊടുത്തു. അര ബക്കറ്റ് വെള്ളം കൊണ്ട് കാര്യങ്ങളൊക്കെ നടത്തിയതിനു ശേഷം ബാക്കി വെള്ളം ഗാന്ധിജി സുഹൃത്തിനെ തിരികെ ഏൽപ്പിച്ചു. ഗാന്ധിജിയുടെ പിശുക്ക് കണ്ട് അത്ഭുതപ്പെട്ട ആ സുഹൃത്ത് ചോദിച്ചു. മഹാത്മജി, സബർമതി നിറഞ്ഞൊഴുകുകയാണ്. പിന്നെയെന്തിനാണീ പിശുക്ക് കാണിക്കുന്നത്? ഗാന്ധിജിയുടെ മറുപടി ഏറെ ചിന്തിപ്പിക്കുന്നതായിരുന്നു. സോദരാ, ശരിയാണ് സബർമതി നിറഞ്ഞൊഴുകുകയാണ്. പക്ഷേ അതെനിക്കുവേണ്ടി മാത്രമല്ല. അതിലെ വെള്ളം മറ്റനേകം ഭാരതീയർക്കാവശ്യമുണ്ട്. എന്റെ പ്രഭാത കൃത്യങ്ങൾക്ക് ഇത്രയും വെള്ളം മതി.

ലക്ഷങ്ങളുടെ കണക്കിൽ നിന്നും നമ്മുടെ വീടു പണിയുമ്പോൾ കോടികളുടെ കണക്കിലേക്കു കടക്കാൻ തുടങ്ങിയിരിക്കുന്നു. ഇന്നു വീടുകൾ താമസിക്കാനുള്ള ഇടങ്ങളല്ല മറിച്ച് ആരെയോ കാണിക്കാനുള്ള കോംപ്ലക്സുകളാണ്. നമ്മുടെ ധാരാളിത്തത്തിന്റെ വാതിൽക്കൽ കിടക്കുന്ന ലാസർമാരുടെ എണ്ണം കൂടുന്നു. ഈ ലോക ജീവിതം ആസ്വദിക്കുന്ന നമുക്ക് എപ്പോഴെങ്കിലും മതി എന്നു പറയാനാവുന്നുണ്ടോ?

ദൈവദൂതൻമാർ അവനെ അബ്രഹാത്തിന്റെ മടിയിലേക്കു സംവഹിച്ചു(16:22). എന്താണ് ഈ ആലേഖനത്തിൽ മടിത്തട്ട് കൊണ്ട് സുവിശേഷകൻ ഉദ്ദേശിക്കുന്നത്. അതു ദൈവത്തോടുള്ള മനുഷ്യന്റെ അടുപ്പത്തിന്റെ പര്യായമാണ്. പ്രത്യേകിച്ചൊരു പുണ്യവും ലാസർ ചെയ്തതായി സുവിശേഷം രേഖപ്പെടുത്തുന്നില്ല. പക്ഷേ, ലാസറിന്റെ ഹൃദയത്തിൽ ദൈവത്തോട് അടുപ്പമുണ്ടായിരുന്നു. അവന്റെ പേര് അതു സൂചിപ്പിക്കുന്നു. ലാസർ എന്ന പേരിന്റെ അർത്ഥം, ദൈവമെന്നെ സഹായിക്കുന്നു, ദൈവമാണെന്റെ സഹായം എന്നൊക്കെയാണ്. ദൈവത്തിന്റെ കൂടെയായിരുന്നവൻ, ദൈവത്തിന്റെ സഹായം പറ്റി ജീവിച്ചിരുന്നവർ, മരിച്ചു കഴിഞ്ഞാൽ അവനെ പിന്നെ ആരു നോക്കാനാണ്. അങ്ങനെയുള്ളവർക്ക് കയറിച്ചെല്ലാനുള്ള ഇടമാണ് അബ്രാഹാത്തിന്റെ മടിത്തട്ട്.

ലാസറിന്റെ പരിതസ്ഥിതി അൽപം മോശമായിരുന്നെങ്കിലും, ദാരിദ്രവും വിശപ്പും അവന്റെ സഹയാത്രികരായിരുന്നെങ്കിലും അവന്റെ കൂടെ ദൈവമുണ്ടായിരുന്നു. നമ്മുടെ ചുറ്റുപാടും സാഹചര്യവും ജീവിതസ്ഥിതിയും മോശമായിരിക്കുമ്പോഴും ദൈവത്തിന്റെ കൈപിടിച്ചു നടക്കുന്നതിന്റെ ആനന്ദമനുഭവിക്കുന്നുണ്ടോ നാം? അതോ ജീവിതസാഹചര്യങ്ങൾ ഇങ്ങനെയൊക്കെയായിപ്പോയതിനെ പഴിച്ച് തലതല്ലിച്ചാകുകയാണോ?

ഒരു കാര്യം ഉറപ്പ്, നീ ആരായിരുന്നാലും, നിന്റെ ജീവിതസ്ഥിതി എന്തായിരുന്നാലും ഉള്ളിന്റെയുള്ളിൽ സ്വർഗ്ഗത്തിന്റെ ആനന്ദം കാത്തു സൂക്ഷിക്കാൻ, ഈ ജീവിതയാത്രയിൽ നിനക്കാവുന്നില്ലെങ്കിൽ മരണാനന്തരം ഒരു സ്വർഗ്ഗം വ്യാമോഹിക്കണ്ട.

മകനേ, നീ ഓർമ്മിക്കുക, നിനക്ക് ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും (16,25). വൈകുന്നേരം നടക്കാനിറങ്ങിയതാണ് ഫിൻ എന്ന ധനികനായ മനുഷ്യൻ. ഫുട്പാത്തിൽ അന്നത്തിനും അരയണയ്ക്കും വേണ്ടി കൈനീട്ടുന്ന ഒരു പെൺകുട്ടി. അഴുക്കു പിടിച്ച ശരീരം, കീറിയ ഉടുതുണി, അറപ്പുളവാക്കുന്ന രൂപഭംഗി. ഫിൻ അവളെ ഒന്നേ നോക്കിയുള്ളൂ. അന്നു രാത്രി വിഭവങ്ങൾ നിറഞ്ഞ തന്റെ അത്താഴമേശയ്ക്കരികെ ഇരിക്കുമ്പോൾ അയാൾ അറിയാതെ ആ പെൺകുട്ടിയെ ഓർത്തു. വിശ്വാസിയായ അയാൾ ദൈവത്തോട് ദേഷ്യപ്പെട്ടു. നീയെന്തിനാണ് ആ കൊച്ചു പെൺകുട്ടിയെ ഇങ്ങനെ സൃഷ്ടിച്ചത്? അതിനെ രക്ഷിക്കാൻ നിനക്കെന്തെങ്കിലും ചെയ്തുകൂടെ? അന്നു രാത്രി ഫിൻ ദൈവത്തിന്റെ സ്വരം കേട്ടു, അവർക്കു വേണ്ടി, നിന്നെ ഞാൻ സൃഷ്ടിച്ചിരിക്കുന്നു.

ഓർമ്മിക്കുക, നാമോരോരുത്തരും മറ്റാർക്കോ വേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. എനിക്കു ലഭിക്കുന്ന സുഖസൗകര്യങ്ങൾ ദൈവത്തിന്റേതാണ്. അതാകട്ടെ അപരന്റെ കഷ്ടതകൾ ശമിപ്പിക്കാനുള്ളതും. ഞാൻ അധ്വാനിച്ചുണ്ടാക്കിയത് എന്നു പറയരുത്. അതിനുള്ള അവസരവും ആരോഗ്യവും തന്നത് ദൈവമാണ്. നീ ദൈവത്തിന്റെ ഉപകരണമാവുക. കഷ്ടതയനുഭവിക്കുന്നവർക്ക് ദൈവത്തിന്റെ മുഖം കാണിച്ചു കൊടുക്കുക.

ധനവാന്റെ മേശയിൽ നിന്നും വീണിരുന്നവ കൊണ്ട് വിശപ്പടക്കാൻ അവൻ ആഗ്രഹിച്ചു(16,22). ഇതൊരു ഉപമയാണ്. യേശുവിന്റെ ഉപമകൾക്ക് വ്യക്തമായ ചില സന്ദേശങ്ങൾ ഉണ്ട്. യഥാർഥത്തിൽ ലൂക്കായുടെ സുവിശേഷത്തിന്റെ ദൈവശാസ്ത്രമനുസരിച്ച്, ധനവാൻ, ഇസ്രായേൽ ജനത്തെയും ദരിദ്രനായ ലാസർ വിജാതീയ ജനത്തെയും പ്രതിനിധീകരിക്കുന്നു. പുരോഹിത രാജ്യവും വിശുദ്ധജനവുമായ (പുറപ്പാട് 19:6) ഇസ്രായേലിനു ദൈവം നൽകിയ സുഭിക്ഷതയെയാണ് ധനവാന്റെ ജീവിതാവസ്ഥ കാണിക്കുന്നത്. മൃദുല വസ്ത്രങ്ങളും മികച്ച ഭക്ഷണവുമൊക്കെ അതിന്റെ പ്രതീകങ്ങളാണ്. അബ്രാഹത്തെ പിതാവെന്നു വിളിക്കുന്നവരും യഹൂദരാണ്. ധനവാന്റെ മേശയിൽ നിന്നും വീഴുന്ന അപ്പകഷ്ണങ്ങൾ തിന്നാൻ കൊതിക്കുന്ന ലാസറിനെ നാം കാനാൻകാരിയുടെ യാചനയിലും (മത്തായി 15:27) കാണുന്നുണ്ട്.

ദൈവത്തിന്റെ ജനമായി തെരഞ്ഞെടുക്കപ്പെട്ടതുകൊണ്ട് അബ്രാഹാത്തിന്റെ മടിയിലേക്ക് പോകാമെന്ന് ആരും കരുതേണ്ട എന്നു തന്നെയാണ് യേശു പറയുന്നത്. ദൈവം നൽകിയ അനുഗ്രഹങ്ങൾ ദുർവിനിയോഗം ചെയ്യാതെ, അതിന്റെ ഹുങ്ക് കാണിക്കാതെ ദൈവമാണെന്റെ സഹായം എന്ന് ഏറ്റുപറയുകയും യേശുവിനെ മിശിഹായായി അംഗീകരിക്കുകയും വേണം. അതാണു ലാസർ ചെയ്തത്. ഇതാണ് വിജാതീയർ ചെയ്യുന്നത്.

പാരമ്പര്യ ക്രിസ്ത്യാനികളെന്ന് അഭിമാനിച്ച് , കടം വീട്ടാൻ ഞായറാഴ്ച കുർബ്ബാനയും, അനുഗ്രഹം നേടാൻ നൊവേനയും, ദുരിതം മാറാൻ ധ്യാനവും കൂടി നടക്കുന്ന നമ്മളായിരിക്കുമോ, അതോ, ഇന്നലെ മാത്രം ക്രിസ്തുവിനെ അറിഞ്ഞ്, ഇന്ന് അവനെ സധൈര്യം പ്രഘോഷിക്കുന്ന, ജീവിതം ലളിതമാക്കുന്ന വിജാതീയരായിരിക്കുമോ, അബ്രാഹാത്തിന്റെ മടിയിൽ എത്തുക? ■




## 2019 ഒക്ടോബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

### 1. പരിശുദ്ധാത്മാവിന്റെ ഗാനം

### ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/ നാഥ

### 3. ആമുഖം

ഒക്ടോബർ മാസം പൊതുവെ മാതാവിനോടുള്ള ജപമാലഭക്തി വളർത്തുവാനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ, ഒപ്പം മിഷൻ ഞായർ ആചരിച്ചുകൊണ്ട് പ്രേഷിത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ കൂടി ഈ മാസം സഭ നമ്മെ ക്ഷണിക്കാറാണ് പതിവ്. എന്നാൽ 2019 ഒക്ടോബർ മാസത്തെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ അസാധാരണ പ്രേഷിതമാസമായി പ്രഖ്യാപിച്ചിരിക്കുകയാണ്. "സ്നാനം നൽകി അയക്കപ്പെട്ടവർ; പ്രേഷിതദൗത്യവുമായി ക്രിസ്തുവിന്റ സഭ ലോകത്തിൽ" എന്നതാണ് ഈ മാസത്തെ വിചിന്തന വിഷയമായി ഫ്രാൻസിസ് പാപ്പ നൽകിയിട്ടുള്ളത്. 1919 ൽ ബനഡിക്ട് 15-ാമൻ പാപ്പ പ്രസിദ്ധീകരിച്ച 'മാക്സിമും ഇല്ലൂദ്' എന്ന പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിന്റെ 100-ാം വാർഷികത്തോടനുബന്ധിച്ചാണ് ഇപ്രകാരമൊരു പ്രഖ്യാപനം ഫ്രാൻസിസ് പാപ്പ നൽകിയിരിക്കുന്നത്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരമായ കെടുതികളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കാൻ ലോകജനതയെ സഹായിക്കാനുള്ള സഭയുടെ ദൗത്യം തിരിച്ചറിഞ്ഞ ബനഡിക്ട് 15-ാമൻ പാപ്പ തന്റെ ചാക്രിക ലേഖനത്തിലൂടെ സഭയുടെ പ്രേഷിതദൗത്യത്തിന് പുതിയൊരുമുഖവും നവചൈതന്യവും നൽകുകയായിരുന്നു. അതേ പാത പിൻതുടർന്നുകൊണ്ട് ഫ്രാൻസിസ് പാപ്പയും ഇന്നത്തെ കാലഘട്ടത്തിന്റെ വെല്ലുവിളികളും സവിശേഷതകളും തിരിച്ചറിഞ്ഞ് സഭയുടെ പ്രേഷിത ചൈതന്യം നവീകരിക്കുവാനും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും നമ്മെ ക്ഷണിക്കുന്നു.

ജപമാല ഭക്തിയുടെ ചരിത്രം മനസ്സിലാക്കുമ്പോഴും സമാനമായൊരു സാഹചര്യമുണ്ടായിരുന്നതായി നമുക്കറിയാൻ കഴിയും. ലോകത്തിൽ വർധിച്ചുവരുന്ന തിന്മകൾക്കെതിരെയുള്ള മുന്നറിയിപ്പും അതിൽ നിന്നും മാനസാന്തരപ്പെട്ട് രക്ഷകനായ യേശുവിലേക്കും അവിടുത്തെ പ്രബോധനങ്ങളിലേക്കും മടങ്ങിവരുവാനുള്ള ആഹ്വാനമാണ് പരിശുദ്ധ അമ്മ ഫാത്തിമായിലെ ദർശനത്തിലൂടെ നൽകിയത്. അതിനായി ജപമാല ഭക്തി പ്രചരിപ്പിക്കുവാനും അനുദിനം പ്രാർത്ഥിക്കുവാനും മാതാവ് ആവശ്യപ്പെടുകയായിരുന്നു.

സഭയുടെ ചെറുപതിപ്പായ നമ്മുടെ കുടുംബകൂട്ടായ്മയുടെ ഈ യോഗത്തിൽ നമുക്കും പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനമനുസരിച്ച് നമ്മുടേതായ മേഖലകളിൽ എങ്ങനെ പ്രേഷിത പ്രവർത്തനം ചെയ്യാമെന്നും ജപമാലഭക്തിയിലൂടെ നമ്മുടെ കുടുംബങ്ങളെ കൂടുതൽ നവീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചിന്തിക്കാം.

### 4. യേശുവിനെ ക്ഷണിക്കൽ

നിങ്ങൾ ലോകമെങ്ങും പോയി സർവ സൃഷ്ടികളോടും രക്ഷയുടെ സദ്വാർത്തയറിയിക്കുവിൻ എന്ന് അരുൾ ചെയ്തുകൊണ്ട് പ്രേഷിത പ്രവർത്തനങ്ങൾക്കായി ശിഷ്യന്മാരെ അയച്ച യേശുവിനെ നമ്മിൽ പ്രേഷിത ചൈതന്യം ജനിപ്പിക്കുവാനും ചുറ്റുമുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുവാൻ വേണ്ട പ്രചോതനമേകുവാനുമായി നമ്മുടെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

**മാർക്കോസ് 16:14-18**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 7. വചനവിചിന്തനം

പശ്ചാത്തലം: ഉത്ഥിതനായ യേശു ആദ്യമായി മഗ്ദലനമറിയത്തിനും കൂടെയുണ്ടായിരുന്ന മറ്റ് സ്ത്രീകൾക്കും പ്രത്യക്ഷപ്പെട്ടുകൊണ്ട് തന്റെ ശിഷ്യന്മാരെ ഈ വിവരം അറിയിക്കാൻ ആവശ്യപ്പെടുന്നു.

മഗ്ദലന മറിയവും കൂട്ടരും യേശുവിന്റെ ഉത്ഥാനസന്ദേശം ശിഷ്യഗണത്തെ അറിയിക്കുമ്പോൾ നിരാശയിലാണ്ട് ദുഃഖിതരായിരിക്കുന്ന അവർ അത് വിശ്വസിക്കാൻ കൂട്ടാക്കുന്നില്ല.

തുടർന്ന് യേശു എമ്മാവൂസ് ഗ്രാമത്തിലേക്കുപോയ രണ്ട് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട അനുഭവം അവർ മറ്റ് ശിഷ്യന്മാരുമായി പങ്കുവയ്ക്കുമ്പോഴും അവരെ അവിശ്വസിക്കുന്നു.

ഇപ്രകാരം മഗ്ദലന മറിയത്തേയും എമ്മോവൂസിലേക്കുപോയ ശിഷ്യന്മാരെയും അവിശ്വസിച്ചപ്പോൾ പതിനൊന്നു ശിഷ്യന്മാരും ഒരുമിച്ചിരിക്കെ ഉത്ഥിതനായ യേശു പ്രത്യക്ഷപ്പെടുന്ന ഭാഗമാണ് ഇപ്പോൾ ശ്രവിച്ചത്.

ഉത്ഥിതനായ യേശു പ്രത്യക്ഷപ്പെട്ട് ആദ്യമായി ചെയ്യുന്നത് ശിഷ്യന്മാരുടെ അവിശ്വാസത്തെയും ഹൃദയകാഠിന്യത്തെയുംശക്തമായ ഭാഷയിൽ ശാസിക്കുന്നു.

യേശുനാമത്തിൽ ചെയ്യേണ്ട ഏതൊരു പ്രേഷിത പ്രവർത്തനത്തിന്റെയും അടിസ്ഥാനം ഉത്ഥിതനിലുള്ള വിശ്വാസമാണ്.

തന്നിലുള്ള വിശ്വാസം ഉറപ്പുവരുത്തിയശേഷം ഉത്ഥിതൻ ശിഷ്യഗണത്തിന് പ്രേഷിതദൗത്യമേകുന്നു: "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ."

ഈ പ്രേഷിത ദൗത്യത്തിന്റെ സവിശേഷത ഇത് ചലനാത്മകമാണ്. നിഷ്ക്രിയരായവർക്ക് ഈ ദൗത്യം നിർവഹിക്കാനാവില്ല. ഇറങ്ങി പുറപ്പെടണം: എനിക്കിഷ്ടപ്പെട്ടവരുടെയും ഇഷ്ടപ്പെടുന്ന ഇടങ്ങളിലേക്കുമല്ല, മറിച്ച് യേശു നയിക്കുന്നിടത്തേക്ക്,

യേശു കാണിച്ചുതരുന്ന മനുഷ്യരുടെ ഇടയിലേക്ക്.

ആരെയും മാറ്റിനിർത്താതെ, അവ ഗണിക്കാതെ, ഒറ്റപ്പെടുത്താതെ സുവിശേഷം പങ്കുവയ്ക്കണം. ഇത് നമ്മുടെ ദൗത്യമല്ല; നമ്മുടെ കഴിവും സാമർഥ്യവും ഉപയോഗിച്ച് ചെയ്യാവുന്ന ശുശ്രൂഷയല്ല. ഇത് യേശുവിന്റെ ദൗത്യമാണ്; ഉത്ഥിതൻ സഭയെ ഭരമേല്പിച്ച ദൗത്യം. അതിനാൽ സഭയോട് ചേർന്നുനിന്നുവേണം ഈ ദൗത്യം തുടരുവാൻ.

ഈ ദൗത്യം ഫലദായകമാകുന്നത് പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്തിലെ ഉത്ഥിതനിൽ വിശ്വസിക്കുമ്പോഴാണ്.

ഉത്ഥിതന്റെ സുവിശേഷം സ്വീകരിക്കുമ്പോൾ, ഉത്ഥിതനിൽ വിശ്വസിക്കുമ്പോൾ സംഭവിക്കുന്നത്

1) പിശാചുക്കൾ, തിന്മയുടെ ശക്തികൾ പുറത്തുപോകും

2) ആത്മാവിന്റെ, സ്നേഹത്തിന്റെ, കരുതലിന്റെ, സാന്ത്വനത്തിന്റെ പുതിയ ഭാഷ സംസാരിക്കും.

3) ദുഷ്ടശക്തികൾക്ക് വശംവദരാകില്ല.

4) രോഗികൾ സൗഖ്യം പ്രാപിക്കും.

യേശുവിന്റെ ഈ പ്രേഷിതദൗത്യം മത്തായി 10:5-15 തിരുവചന ഭാഗവുമായി ചേർത്തുവച്ച് മനസ്സിലാക്കണം. പ്രേഷിത ദൗത്യത്തിൽ ഏർപ്പെടുമ്പോൾ ക്രിസ്തുശിഷ്യർക്കുണ്ടാകേണ്ട മനോഭാവം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കുന്നു.

1) ദാനമായി ലഭിച്ചിരിക്കുന്ന കൃപകളും വരങ്ങളും ദാനമായി നൽകണം.

2) പ്രേഷിതർ സമ്പത്തിലോ മറ്റ് ഭൗതിക വസ്തുക്കളിലോ ആശ്രയിക്കരുത്. പൂർണമായും വിളിച്ച് അയക്കുന്ന ദൈവത്തിൽ ആശ്രയിക്കണം. അല്ലെങ്കിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി കൂടെ കൊണ്ടുപോകുന്ന സുരക്ഷാ മാർഗങ്ങളിലായിരിക്കും ശ്രദ്ധ മുഴുവനും. ദൈവത്തെയും പങ്കുവക്കപ്പെടേണ്ട സുവിശേഷവും മറന്നുപോകും.

3) സുവിശേഷത്തിന്റെ അവിഭാജ്യ ഘടകമായി കാണുന്നവരോടും ചെല്ലുന്നിടങ്ങളിലും സമാധാനം ആശംസിക്കണം.

4) നമ്മുടെ സന്ദേശം സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. നമ്മൾ അസ്വസ്ഥരാകണ്ട, ദൈവത്തിന്റെ മുമ്പിൽ അവർ കണക്കുകൊടുക്കും.

യേശു ശിഷ്യന്മാരെ ഭരമേൽപിച്ച ഈ ദൗത്യമാണ് സഭയും സഭയിലെ അംഗങ്ങളായി സ്നാനം സ്വീകരിച്ച നമ്മൾ ഓരോരുത്തരും തുടരേണ്ടത്.

അസാധാരാണ പ്രേഷിത മാസത്തിൽ യേശു ഭരമേല്പിച്ച ഈ ദൗത്യം, സുവിശേഷ പ്രഘോഷണം മൂന്ന് വിഭാഗത്തിൽപെട്ടവരോട് ചെയ്യണമെന്നാണ് ഫ്രാൻസിസ് പാപ്പ ആവശ്യപ്പെടുന്നത്.

1) യേശുവിൽ വിശ്വസിച്ച് സഭാപ്രവർത്തനങ്ങളുമായി സഹകരിക്കുന്നവർ, ദിവ്യബലിയിൽ പങ്കെടുത്ത് കൗദാശിക ജീവിതം നയിക്കുന്നവർ; ഇക്കൂട്ടരെ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തി തങ്ങൾക്ക് ലഭിച്ച ദൈവാനുഭവവും നൽകപ്പെട്ട ദൈവിക കൃപകളും ചുറ്റുമുള്ളവരുമായി പങ്കുവയ്ക്കാൻ സഹായിക്കുക.

2) മാമോദീസ സ്വീകരിച്ചുവെങ്കിലും അതിനനുസൃതമായി ജീവിക്കാത്തവർ, സഭയുടെ പ്രബോധനങ്ങളെ, ദൈവരാജ്യമൂല്യങ്ങളെ ഉൾക്കൊള്ളാത്തവർ: ഇക്കൂട്ടരെ യേശുവിൽ വിശ്വസിക്കുമ്പോഴുള്ള സന്തോഷത്തെ ബോധ്യപ്പെടുത്തി മാനസാന്തര അനുഭവത്തിലേക്ക് നയിക്കുക.

3) യേശുവിനെ ഇതേവരെ ശ്രവിച്ചിട്ടില്ലാത്ത, സ്നാനം സ്വീകരിക്കാത്ത മനുഷ്യർ. യേശുവിനെ അറിഞ്ഞിട്ടും വിശ്വാസം ഉപേക്ഷിച്ചവരും ഈ ഗണത്തിൽപ്പെടുന്നു. ഇവരോട് ജീവിക്കുന്ന യേശുവിനെയും അവന്റെ പ്രബോധനങ്ങളെയും കുറിച്ച് പ്രഘോഷിക്കുവാൻ സാക്ഷ്യമേകുവാൻ ആവശ്യമായ പ്രേഷിതരെ കണ്ടെത്തി സജ്ജരാക്കണം.

ഈ ദൗത്യം വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപരമായ പ്രാർത്ഥന എന്നിവയിലൂടെ യേശുവുമായി വ്യക്തിപരമായ ബന്ധം സ്ഥാപിച്ചുകൊണ്ട് നിർവഹിക്കണം.

കഷ്ടപ്പെടുന്ന, യാതനയനുഭവിക്കുന്ന, ദുർബല വിഭാഗത്തോട് പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകി ഉപവി പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടായിരിക്കണം.

ഒക്ടോബർ മാസത്തിൽ ജപമാല ഭക്തിയിൽ വളർന്നുകൊണ്ട് കുടുംബ പ്രാർത്ഥന മുടങ്ങാതെ പ്രാർത്ഥിച്ചുകൊണ്ട് പരിശുദ്ധ അമ്മയുടെ പ്രത്യേക മാധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് നമ്മുടെ കുടുംബങ്ങളെ, കുടുംബ കൂട്ടായ്മകളെ നവീകരിച്ചുകൊണ്ടായിരിക്കണം അസാധാരണമായ ഈ പ്രേഷിതമാസം ആചരിക്കുവാൻ.

## 8. ചർച്ച

1. നമ്മുടെ യൂണിറ്റിലെ കുടുംബാംഗങ്ങളുടെ വിശ്വാസജീവിതം: ദിവ്യബലിയിലെ പങ്കാളിത്തം, കൗദാശിക ജീവിതം, കുടുംബ പ്രാർത്ഥന എന്നിവ വിലയിരുത്തുക. ഇവ മെച്ചപ്പെടുത്തുവാൻ, കുടുംബ നവീകരണത്തിനായി പ്രായോഗികമായി യൂണിറ്റ് അംഗങ്ങൾക്ക് എന്തുചെയ്യാൻ സാധിക്കും?

2. ഒക്ടോബർ മാസത്തെ ജപമാല ഭക്തി യൂണിറ്റ്തലത്തിൽ എല്ലാ കുടുംബങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് സജീവമാക്കുവാൻ വേണ്ട ക്രിയാത്മക നിർദേശങ്ങൾ പങ്കുവച്ച് തീരുമാനമെടുക്കുക. ഇടവകതലത്തിൽ ജപമാല റാലിയും മരിയൻ പ്രഭാഷണവും സംഘടിപ്പിക്കുക.

3. മിഷൻ സംഭാവന മെച്ചപ്പെടുത്തുവാൻ ആവശ്യമായ നിർദേശങ്ങൾ പങ്കവയ്ക്കുക; മിഷണറിമാരുടെ പ്രേഷിത പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനം വാർഡ് തലത്തിൽ/ഇടവക തലത്തിൽ സംഘടിപ്പിക്കുക.

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

വിളവധികം, വേലക്കാരോ ചുരുക്കം, അതിനാൽ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ എന്നരുൾ ചെയ്ത യേശുവിന്റെ മാതൃക അനുകരിച്ചുകൊണ്ട് ഉത്ഥിതനായ യേശുവിലുള്ള നമ്മുടെ വിശ്വാസം ആഴപ്പെടുത്തി, വചനാനുഭവത്തിൽ വളർന്നുകൊണ്ട് പരിശുദ്ധ അമ്മയോടുള്ള ജപമാല ഭക്തിവഴി കുടുംബങ്ങളെയും സഭയെയും ലോകത്തെ മുഴുവനായും നവീകരിക്കുവാനുള്ള കൃപയ്ക്കായി നമ്മുടെ പ്രാർഥനകൾ സമർപ്പിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി




ഇളം തൂവൽ

# എസ്.എം. സെൻട്രൽ സ്കൂൾ

**പൊഴിയൂർ**

### ചിന്തകൾ

- ദാനം ചെയ്യാൻ പത്തുരൂപ അധികം; ഷോപ്പിംഗിന് ആയിരം രൂപ വളരെ തുച്ഛം
- രണ്ടുനേരത്തെ പ്രാർത്ഥന ഏറെ പ്രയാസം; മൂന്നുമണിക്കൂർ സിനിമ സമയം പോകുന്നതറിയുന്നില്ല
- പ്രാർത്ഥനക്ക് വാക്കുകൾ ഓർമയില്ല; മറ്റുള്ളവരുടെ കുറ്റംപറയാൻ വാക്കുകൾക്ക് ഒരു ക്ഷാമവുമില്ല.
- പള്ളിയിൽ ആരാധന ദീർഘിച്ചാൽ പരിഭ്രമം; ടിവിയിൽ കോമഡിഷോ തീർന്നാൽ ദുഃഖം
- ഒരു പേജ് ബൈബിൾ വായിക്കാൻ പ്രയാസം; നൂറുപേജ് നോവൽ വായന നിസാരം
- പള്ളിയിൽ അവസാന സീറ്റ് മതി; കലാപരിപാടികൾക്ക് മുൻസീറ്റ് വേണം

കേരളത്തിന്റെ തെക്കേ അറ്റത്ത് തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന പ്രകൃതി രമണീയമായ പൊഴിയൂർ എന്ന തീരദേശ ഗ്രാമം. അറിവിന്റെ പൊൻകതിരുകൾ വീശുവാൻ സെന്റ് മാത്യൂസിന്റെ നാമധേയത്തിൽ 'സ്വയം എരിഞ്ഞ് മറ്റുള്ളവർക്ക് പ്രകാശം പരത്തുക' എന്ന ആപ്തവാക്യത്തിലൂന്നി എസ്.എം. സെൻട്രൽ സ്കൂൾ തലയുയർത്തി നിൽക്കുന്നു.

ഇടവകയിലെ സമ്പന്ന കുടുംബങ്ങൾ ഇംഗ്ലീഷ് വിദ്യാഭ്യാസം വിദൂര സ്ഥലങ്ങളിൽ പോയി കൊണ്ട് വരുമ്പോൾ സാധാരണക്കാർ ഏറെ അഭിലഷിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം കുറഞ്ഞ ചിലവിൽ ഏവർക്കും ലഭ്യമാക്കാൻ, 2006 ൽ ഇടവക കൗൺസിൽ അന്നത്തെ ഇടവക വികാരിയായ റോഡ്രിക്സ് കുട്ടി അച്ചന്റെ നേതൃത്വത്തിൽ തുടങ്ങിയ എസ്.എം.സെൻട്രൽ സ്കൂൾ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

പ്രീ കെ.ജി മുതൽ 7 ാം ക്ലാസ്സു വരെയുള്ള അധ്യാപനം നടത്തുന്ന ഇവിടെ 500 ഓളം കുട്ടികളും 30 അധ്യാപകരും ഏറെ സന്തോഷത്തോടും ആത്മാഭിമാനത്തോടും കൂടി ഈ സ്കൂളിനെ പ്രകാശപൂരിതമാക്കുന്നു. ഇടവക ജനങ്ങളുടെ അധ്വാനത്തിന്റെ ഫലമായി സ്കൂൾ കെട്ടിടങ്ങളും പ്രവാസികളായ കൊല്ലങ്കോട് മക്കളുടെ സംഘടനയായ SKEWA കുഞ്ഞുമക്കൾക്ക് കളിച്ചു വളരാൻ സംഭാവന ചെയ്ത Childrens Park–ഉം ഇടവക അംഗത്തിന്റെ സംഭാവനയായ പ്രാർത്ഥനാന്തരീക്ഷം ഉളവാക്കുന്ന മാതാവിന്റെ നല്ലൊരു ഗ്രോട്ടോയും വിപുലമായ ലൈബ്രറിയും, സ്കൂൾ function-നുകൾക്ക് അലങ്കാരമായ ബാന്റ് ട്രൂപ്പും സജ്ജീകരിച്ച സ്മാർട്ട് ക്ലാസ്സുകളും ഈ സ്കൂളിന് മാറ്റ് കൂട്ടുന്നു. കുട്ടികളുടെ ആത്മീയ വളർച്ചക്കായി പ്രത്യേക കുർബാനയും ധ്യാനവും കൗൺസിലിംഗും നടത്തി വരുന്നു.

കലാമത്സരങ്ങളിലൂടെ കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ കണ്ടുപിടിച്ച് വികസിപ്പിച്ചെടുക്കുവാൻ KCSL, ബാലജനസഖ്യം എന്നീ സംഘടനയിലൂടെ കുട്ടികളെ അണിയിച്ചൊരുക്കുന്നു. സ്കൂൾ തലത്തിൽ നല്ലപാഠം പദ്ധതി, ബാലജനസഖ്യം എന്നീ പ്രവർത്തനങ്ങൾ മനോരമയുമായി സഹകരിച്ച് സമൂഹ നന്മയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു. കായികമേഖല

യിൽ ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണ്ണമെന്റിൽ എൽ.പി സെക്ഷന് ഒന്നാം സ്ഥനവും യൂ.പി സെക്ഷന് രണ്ടാം സ്ഥാനവും നേടാൻ കായികാധ്യാപകനായ റ്റൈറ്റസ് സാറിന്റെ നേതൃത്വത്തിലുള്ള ടീമിന് സാധിച്ചിട്ടുണ്ട്.

ഈ അധ്യയന വർഷം തണൽമര പദ്ധതി, ഓണത്തിനൊരുമുറം പച്ചക്കറി, ലോഷൻ നിർമ്മാണം, പൂക്കൾ നിർമ്മാണം, രോഗികൾക്ക് ഒരു നേരത്തെ ഭക്ഷണം, വെള്ളപ്പൊക്ക പ്രദേശങ്ങളിലേക്ക് അവശ്യ സാധനങ്ങൾ എത്തിക്കൽ എന്നീ പാഠ്യേതര പ്രവർത്തനങ്ങൾ പഠനത്തോടൊപ്പം കുട്ടികളെ സമൂഹ ന യ്ക്കായി വളർത്താൻ സാധിക്കുന്നു.



പരിസ്ഥിതിയുമായി ഇഴുകി ജീവിക്കാൻ സ്കൂൾ പരിസരം മുഴുവൻ കുട്ടികൾ കൃഷി ചെയ്യുന്നതും 'പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ആശയവും' അശരണരെ സഹായിക്കുക എന്ന ലക്ഷ്യത്തിനായി ക്ലാസുകളിൽ സമ്പാദ്യപ്പെട്ടി നിക്ഷേപിക്കുകയും അധ്യാപകരുടെ നേതൃത്വത്തിൽ അത് അർഹമായ കരങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നു.



കുട്ടികളുടെ നൈസർഗീക കഴിവുകളെ വികസിപ്പിക്കുന്നതിനായി സംഗീതം, ഡാൻസ്, കരാട്ടേ എന്നീ ക്ലാസുകളും ശനിയാഴ്ചകളിൽ നടത്തി വരുന്നു.

അറിവിന്റെ നിറദീപമായി ഇന്നും കത്തി ജ്വലിച്ചുകൊണ്ട് മാനേജർ ഫാ.ഷാജു വില്യവും പ്രിൻസിപ്പാൾ സിസ്റ്റർ ടീനാ റോസും അമരക്കാരായി എസ്.എം.സെൻട്രൽ സ്കൂൾ പ്രകാശം പരത്തി അതിന്റെ ജൈത്രയാത്ര തുടരുന്നു.



നേർക്കാഴ്ച

ജെ.സി



# കളവപ്പാറയും പത്തുമലയും നൽകുന്ന പാഠങ്ങൾ

ആഘോഷങ്ങൾ ആർഭാടമില്ലാതെ നടത്തിയും, ബലിപെരുനാളിന് മാറ്റിവച്ച തുക പ്രളയബാധിതർക്ക് നൽകിയുമാണ് കേരളം ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഓർമപ്പെടുത്തലായ ബക്രീദ് സാർഥകമാക്കിയത്. തിരുനാൾ സന്ദേശമായി പാളയം ഇമാം പി.പി.സുഹൈബ് മൗലവി ഇങ്ങനെ പറഞ്ഞു: "ഇത് ആഘോഷത്തിന്റെ പെരുനാളല്ല. ഈദ്ഗാഹിൽ നിന്നു നാം പുറത്തേക്കിറങ്ങേണ്ടത് നമ്മുടെ സഹോദരങ്ങൾക്കുവേണ്ടിയാണ്. തിരുനാളിന് വേണ്ടി നാം ചെലവഴിക്കുന്ന പണം പ്രളയ ബാധിതർക്ക് നൽകാൻ നാം മുന്നോട്ടുവരേണ്ടതുണ്ട്." പെരുനാൾ നമസ്കാരത്തോടനുബന്ധിച്ചുള്ള പ്രസംഗങ്ങളിൽ ഇന്നലെ നാടെങ്ങും മുഴങ്ങി കേട്ടതും പ്രളയബാധിതർക്ക് വേണ്ടിയുള്ള കാരുണ്യത്തിന്റെയും സാഹോദര്യത്തിന്റെയും അലയടി തന്നെയായിരുന്നു.


നന്മയും മനുഷ്യത്വവും കുറഞ്ഞുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അപ്പോഴും നമുക്ക് ഒപ്പമുള്ള എത്രയോ പേർ സ്വയം കാരുണ്യത്തിന്റെ അവതാരങ്ങളായി മാറുന്നു. കൊച്ചി ബ്രോഡ്‌വേയിലെ വഴിയോര തുണി കച്ചവടം നടത്തുന്ന പി.എം.നൗഷാദ് ഇപ്പോൾ കേരളത്തിന്റെ മുന്നിലുള്ള നന്മയുടെ അവതാരമാണ്. പ്രളയ ദുരിതാശ്വാസത്തിനായി വിഭവസമാഹരണം നടത്തുന്നവർക്ക് തിരുനാൾ കച്ചവടത്തിനായി മാറ്റിവച്ചിരുന്ന വസ്ത്രങ്ങളത്രയും നൽകിയതിലൂടെയാണ് നൗഷാദ് ശ്രദ്ധേയനായത്. തന്നെ അഭിനന്ദിക്കാനും സഹായിക്കാനും മുന്നോട്ടുവരുന്നവരോട് നൗഷാദ് പറഞ്ഞു. എനിക്ക് ഒന്നു വേണ്ട നിങ്ങൾക്കരികിൽ ദയാവായ്പ അർഹിക്കുന്ന കരങ്ങൾക്ക് എല്ലാം കൈമാറുക. സ്വീകരണമൊരുക്കിയ പലരെയും നൗഷാദ് സ്നേഹത്തോടെ മടക്കി. "നമ്മൾ ഒന്നും കൊണ്ടുവന്നിട്ടില്ല. പോകുമ്പോൾ ഇതൊന്നും കൊണ്ടുപോകാനും പറ്റില്ല. നാട്ടുകാരെ സഹായിക്കുന്നതാണ് എന്റെ ലാഭം. എന്റെ തിരുനാൾ ഇങ്ങനെയാ."

നമ്മുടെയൊക്കെ തിരുനാൾ ആഘോഷത്തെപ്പറ്റി ആത്മപരിശോധന ചെയ്യേണ്ട അവസരമാണിത്. തിരുനാളുകൾ വലിയ ദൂർത്തായി മാറുന്ന കത്തോലിക്കാ സഭയിൽ എന്നാണ് ഒരു മാറ്റം ഉണ്ടാകുന്നത്. മഹാപ്രളയവേളയിൽ കഴിഞ്ഞവർഷം കേരളത്തിലെ മത്സ്യത്തൊഴിലാളികൾ അറുപതിനായിരത്തിൽപ്പരം ആളുകളുടെ ജീവൻ രക്ഷിച്ച സംഭവം നാം ഓർക്കുന്നു. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് സാധനങ്ങൾ ശേഖരിക്കാൻ സഭാസംവിധാനം ഉണർന്ന് പ്രവർത്തിച്ചു. ഇത്തവണ ഇക്കാര്യത്തിൽ നാം കാര്യമായി പ്രവർത്തിച്ചുവോ? ഇത്തവണത്തെ പ്രളയം ക്രൈസ്തവ സമൂഹങ്ങളെ കാര്യമായി ബാധിക്കാത്തതുകൊണ്ടാണോ? മറ്റൊരു ആക്ഷേപം മലബാറിൽ കുടിയേറിയ കത്തോലിക്കർ പരിസ്ഥിതി സംരക്ഷണത്തിന് വേണ്ട പ്രാധാന്യം കൊടുക്കുന്നില്ല എന്നതാണ്. 2013 ൽ മാധവ് ഗാഡ്ഗിൽ കേരളത്തിൽ വരാൻ പോകുന്ന ദുരന്തങ്ങളെപ്പറ്റി പ്രവചിച്ചത് ശരിയായി മാറുന്നുവെന്നുവേണം കരുതാൻ. വയനാട്ടിലും മലപ്പുറത്തും വൻതോതിലുള്ള പാറഖനനം, റിസോർട്ട് നിർമാണം, അവിടത്തെ പ്രകൃതിക്ക് ഇണങ്ങാത്ത തെങ്ങ്, റബർ പോലുള്ള കൃഷിയുടെ വ്യാപനം ഇവയൊക്കെയുമാണ് പത്തുമലയിലും കളവപ്പാറയും നാം കണ്ട ദുരന്തങ്ങളുടെ കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത്. പ്രളയത്തെ തടയാൻ നമുക്കാവില്ലായിരിക്കാം. എന്നാൽ അതിന്റ പ്രത്യാഘാതങ്ങൾ കുറയ്ക്കാൻ നമുക്കാവും. പ്രളയങ്ങൾ ഇനിയും ഉണ്ടാകാം. എന്നാൽ അതിനെ എങ്ങനെ നേരിടണമെന്നതാണ് നാം ഇനിയും പഠിക്കേണ്ടത്. ■



ചരിത്ര പ്രസിദ്ധ ദേശീയ മരിയൻ തീർത്ഥാടന
കേന്ദ്രവും ബസിലിക്കയുമായ വല്ലാർപ്പാടം പള്ളിയിൽ
പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാൾ
സെപ്തംബർ 16 മുതൽ 24 വരെ
വല്ലാർപാടം മരിയൻ തീർത്ഥാടനം
സെപ്തം. 8 ഞായർ
വല്ലാർപാടം ബൈബിൾ കൺവെൻഷൻ 2019
സെപ്തം. 9 മുതൽ 13 വരെ
രാവിലെ 9.30 മുതൽ വൈകു. 5.00 വരെ
വല്ലാർപാടത്തമ്മയുടെ തിരുനാൾ
കൊടികയറ്റം
16 തിങ്കൾ വൈകിട്ട് 5.30 ന്
തിരുനാൾ ദിവ്യബലി
24 ചൊവ്വ രാവിലെ 10 ന്
ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
വരാപ്പുഴ മെത്രാപ്പൊലീത്ത
ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ
ആർച്ച് ബിഷപ്പ് ഏമരിറ്റസ്, വരാപ്പുഴ അതിരൂപത
റൈറ്റ് റവ. ഡോ. യൂഹോനാൻ മാർ തെയഡോഷ്യസ്
മൂവാറ്റുപുഴ മെത്രാൻ
ആർച്ച് ബിഷപ്പ് തോമസ് മാർ കുറിലോസ്
(തിരുവല്ല മെത്രാൻ)
ബിഷപ്പ് മാർ തോമസ് ചക്യാത്ത്
(എറണാകുളം - അങ്കമാലി ബിഷപ് എമരിറ്റസ്)
റവ ഫാ. മൈക്കിൾതലക്കെട്ടി (വികാരി/റെക്ടർ)
ഫാ. ആന്റണി ജിബിൻ കൈമലേത്ത്, ഫാ. ഡിനോയ് റിബേര, ഫാ. ജയ്സൽ കൊറയ (സഹവികാരിമാർ)

Total Page 44
Pub. Date : 01.09.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00



## Redemptoristine Sisters
**Dublin, Ireland**

# IS GOD CALLING YOU?

We welcome the opportunity to journey





Blessed Maria Celeste Crostarosa

You can be a light to the world as a Redemptoristine Nun?

We welcome the opportunity to journey with anyone who might be interested (18-40 age) in exploring the possibility of a vocation to the contemplative life. Our life is centered around the liturgy of the hours the Eucharist personal prayer. Our monastery is based on Dublin Ireland and Redemptoristines are spread through out USA, Europe, Canada, Africa and Asia. If you would like to know more about the Redemptoristine way of life, please feel free to contact us.

*Our monastic day is passed in prayer, work and recreation with one another.*



**Sr. LUCY**
MONASTERY OF St. ALPHONSUS
St Alphonsus' Road Upper,
Dublin 9, D09 HN53, Ireland
lucy.conway@redemptorists.ie
+353-852812785

Fr. Poly Antony Kannampuzha CSSR : Ph: +91 9449534262

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto